# ട്രേഡ് യൂണിയൻ

2021 നവംബർ
വാല്യം: 44 ലക്കം: 09




**5 സമരപഥങ്ങളിൽ**

കെ.പി. രാജേന്ദ്രൻ

13 ഭരണഘടന സംരക്ഷണം പൗരന്റെ പ്രാഥമിക കടമയാകണം

അഡ്വ. സി.ബി. സ്വാമിനാഥൻ

16 ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയന്റെ ചരിത്രം

എം. ശിവകുമാർ

20 വനം വകുപ്പ് തൊഴിലാളികൾ പ്രക്ഷോഭത്തിന്റെ പാതയിൽ

അഡ്വ. കള്ളിക്കാട് ചന്ദ്രൻ



**11 കടലും കടൽ തീരവും കടലിന്റെ മക്കൾക്ക്**

ടി.ജെ. ആഞ്ചലോസ്

23 അഭിപ്രായ സ്വാതന്ത്ര്യത്തിനു നൊബേൽ സമ്മാനം

ഡോ: ജിപ്സൺ വി പോൾ

25 ജനങ്ങളെ രക്ഷിക്കൂ; ജന്മനാടിനെ രക്ഷിക്കൂ

29 തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം – രാജ്യത്തിനൊരു മാതൃക

വിലാസം :
എ.ഐ.ടി.യു.സി കേരള സംസ്ഥാന കൗൺസിൽ ഓഫീസ്,
പി.എസ് സ്മാരകം, വൃന്ദാവൻ ഗാർഡൻ, പട്ടം പാലസ് പി.ഒ.,
തിരുവനന്തപുരം 4. ഫോൺ : 0471 2443634, 2441579
ഇമെയിൽ: aituckerala@gmail.com

ചീഫ് എഡിറ്റർ: കാനം രാജേന്ദ്രൻ
പത്രാധിപസമിതി: കെ.പി. രാജേന്ദ്രൻ, ജെ. ഉദയഭാനു, വി.ബി. ബിനു,
ആർ. പ്രസാദ്, എം.പി. ഗോപകുമാർ, എം.ജി. രാഹുൽ, കവിത രാജൻ
കവർ ഡിസൈൻ, ലെഔട്ട്: അനീഷ് കെ.പി.

## DEPARTMENT OF ECONOMICS & STATISTICS

No.DES/859/2021-P3(1) Thiruvananthapuram, 12/11/2021

### Consumer Price Index Numbers for Agricultural Labourers and Industrial Workers for the Month of September 2021

Vide G.O.(MS) No.103/2013/LBR. dated 31-8-2013 of Labour and Skills (E) Department , Government of Kerala and the G.O.(MS) No. 34/2015/LBR. dated 26-03-2015 published in the Kerala Gazette extra ordinary No.19 ( Vol.IV ) dated 12-05-2015.

| Slno. | Centre | Linking Factor* | Index Numbers for Base : 2011-12 = 100 | | Estimated Indices for Base : 1998-99 = 100 | |
|---|---|---|---|---|---|---|
| | | | August 2021 | September 2021 | August 2021 | September 2021 |
| 1 | Thiruvananthapuram | 2.11 | 180 | 180 | 380 | 380 |
| 2 | Kollam | 2.09 | 175 | 175 | 366 | 366 |
| 3 | Punalur | 2.10 | 181 | 182 | 380 | 382 |
| 4 | Pathanamthitta | 2.03 | 191 | 190 | 388 | 386 |
| 5 | Alappuzha | 2.05 | 187 | 187 | 383 | 383 |
| 6 | Kottayam | 2.08 | 181 | 183 | 376 | 381 |
| 7 | Mundakayam | 2.17 | 179 | 177 | 388 | 384 |
| 8 | Idukki | 1.97 | 176 | 179 | 347 | 353 |
| 9 | Ernakulam | 2.03 | 178 | 179 | 361 | 363 |
| 10 | Chalakkuddy | 2.00 | 188 | 189 | 376 | 378 |
| 11 | Thrissur | 1.87 | 190 | 191 | 355 | 357 |
| 12 | Palakkad | 2.09 | 171 | 172 | 357 | 359 |
| 13 | Malappuram | 2.00 | 181 | 178 | 362 | 356 |
| 14 | Kozhikode | 2.02 | 184 | 184 | 372 | 372 |
| 15 | Wayanad | 1.93 | 181 | 180 | 349 | 347 |
| 16 | Kannur | 2.02 | 190 | 189 | 384 | 382 |
| 17 | Kasargod | 2.05 | 193 | 189 | 396 | 387 |

* Linking factors approved in G.O (MS) No .34/2015/LBR. dated 26-03-2015 have been used with effect from April 2015. Base in old series is 1998-99 = 100 for all centres.

The Consumer Price Index (Cost of Living Index) Numbers applicable to employees in employment under the Minimum Wages Act (Central Act XI of 1948) for the month of September 2021 as ascertained by the Director General of Economics & Statistics under clause (C) of Section 2 of the Act.

Department of Economics & Statistics
Thiruvananthapuram, Dated 12/11/2021

**Sd/-**
**Sajeevu. P.P**
**(Director)**

**Website: www.ecostat.kerala.gov.in**
**Email: ecostatprice@gmail.com**

Copyright 2017 Department of Economics & Statistics



കെ പി രാജേന്ദ്രൻ
ജനറൽ സെക്രട്ടറി,
എ.ഐ.ടി.യു.സി.

# സമരപഥങ്ങളിൽ




**ജീ**വത്തായ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള തൊഴിലാളി പ്രക്ഷോഭങ്ങളും കാമ്പയിനുകളും എല്ലാ മേഖലകളിലും ശക്തിപ്പെടുകയാണ്. ദേശീയാടിസ്ഥാനത്തിൽ വളർന്ന് വന്ന തൊഴിലാളി കർഷക ഐക്യവും, യോജിച്ച സമരങ്ങളും കൂടുതൽ ശക്തിയാർജ്ജിക്കുന്നു. 2020 നവംബർ 26-ന് തൊഴിലാളികൾ ദേശീയാടിസ്ഥാനത്തിൽ നടത്തിയ പണിമുടക്ക് ഒരു വർഷം പിന്നിട്ടിരിക്കുന്നു നവംബർ 26, 27 തിയതികളിൽ ആരംഭിച്ച കർഷക മഹാസമരം ചരിത്ര വിജയമായതോടെ കൂടുതൽ കരുത്തോടും ആത്മവിശ്വാസത്തോടെയുമുള്ള പോരാട്ടത്തിന്റെ ആവേശം നിറഞ്ഞ ദിവസങ്ങളാണ് രാജ്യം ഉറ്റു നോക്കുന്നത്. കർഷക വിരുദ്ധനിയമങ്ങൾ റദ്ദാക്കുമെന്നുള്ള പ്രധാനമന്ത്രിയുടെ പ്രഖ്യാപനം കർഷകരോടുള്ള അനുഭാവം കൊണ്ടല്ല മറിച്ച് രാജ്യത്ത് ശക്തിപ്പെട്ട തൊഴിലാളി കർഷക ഐക്യം വലിയൊരു ബഹുജന ശക്തിയായി വളർന്നു കഴിഞ്ഞുവെന്ന തിരിച്ചറിന്റെ ഭാഗമായിട്ടാണ്.

ഈ സാഹചര്യത്തിലാണ് വരുന്ന നാലു മാസക്കാലം ട്രേഡ് യൂണിയൻ സംഘടനകൾ സംയുക്തമായി പ്രഖ്യാപിച്ചിട്ടുള്ള പ്രക്ഷോഭങ്ങൾ രാജ്യത്ത് വലിയൊരു മാറ്റത്തിന് തുടക്കം കുറിക്കുമെന്ന് വിലയിരുത്തപ്പെടുന്നത്.

## രാജ്യം വിറ്റു തുലക്കുന്ന ഭരണാധികാരികൾ

വിവിധ മേഖലകളിലുള്ള രാജ്യത്തിന്റെ ആസ്തി വിറ്റഴിച്ച് ആറു ലക്ഷം കോടി രൂപ സമാഹരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിനെതിരേ ശക്തമായ പ്രതിഷേധം നാനാ മേഖലകളിൽ ഉയർന്ന് കഴിഞ്ഞു. പൊതുമേഖല ആസ്തികൾക്ക് പുറമേ പൊതു മുതലുകളായ റോഡ്, റയിൽ, തുറമുഖങ്ങൾ, എണ്ണ-വാതക പൈപ്പ് ലൈനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവയെല്ലാം വിറ്റഴിക്കുന്നതിനുള്ള നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ കഴിഞ്ഞ ആഗസ്റ്റ് 23-നാണ് ധനമന്ത്രി പ്രഖ്യാപിച്ചത്. രാജ്യത്തിന്റെ പൊതുമുതൽ വിറ്റഴിക്കുന്ന നരേന്ദ്രമോദി സർക്കാരിന്റെ നയം പച്ചയായി പ്രഖ്യാപിക്കുകയായിരുന്നു അവർ. കാർഷിക തൊഴിൽ നിയമങ്ങൾക്കെതിരേ നടത്തി വരുന്ന പ്രക്ഷോഭത്തിന്റേയും ചെറുത്തുനിൽപ്പിന്റേയും അനുഭവം ഉൾക്കൊണ്ട് പൊതു സമ്പത്ത് സംരക്ഷിക്കാനുള്ള പ്രക്ഷോഭം ശക്തമായി മുന്നോട്ട് കൊണ്ട് പോകേണ്ട സന്ദർഭമാണിത്.

## എയർ ഇൻഡ്യ വിൽപ്പനക്കെതിരേ ബഹുജന സമര സദസ്സ്

രാജ്യത്തിന്റെ അഭിമാനമാണ് എയർ ഇൻഡ്യ. 52352 കോടിയുടെ ആസ്തി. 141 വിമാനങ്ങൾ ലോകത്തുടനീളം സർവ്വീസ് നടത്തുന്ന അതിപ്രശസ്തമായ സ്ഥാപനം. ഇൻഡ്യയിലും വിദേശത്തുമുള്ള എ

**പൊതുമേഖല ആസ്തികൾക്ക് പുറമേ പൊതു മുതലുകളായ റോഡ്, റയിൽ, തുറമുഖങ്ങൾ, എണ്ണ–വാതക പൈപ്പ് ലൈനുകൾ, വിമാനത്താവളങ്ങൾ തുടങ്ങിയവയെല്ലാം വിറ്റഴിക്കുന്നതിനുള്ള നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈൻ കഴിഞ്ഞ ആഗസ്റ്റ് 23–നാണ് ധനമന്ത്രി പ്രഖ്യാപിച്ചത്. രാജ്യത്തിന്റെ പൊതുമുതൽ വിറ്റഴിക്കുന്ന നരേന്ദ്രമോദി സർക്കാരിന്റെ നയം പച്ചയായി പ്രഖ്യാപിക്കുകയായിരുന്നു അവർ.**

ല്ലാ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും സ്വന്തമായി സ്ളോട്ടുകൾ. പതിനയ്യായിരത്തോളം ജീവനക്കാർ പ്രത്യക്ഷമായും മറ്റൊരു പതിനായിരങ്ങൾ പരോക്ഷമായും തൊഴിലെടുക്കുന്ന പൊതുമേഖല സ്ഥാപനം. ആ സ്ഥാപനമാണ് കേവലം 2700 കോടി രൂപക്ക് ടാറ്റ ചുളുവിലക്ക് അടിച്ചെടുത്തിരിക്കുന്നത്; അല്ലെങ്കിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ടാറ്റക്ക് ദാനം ചെയ്തിരിക്കുന്നത്. പൊതു ഗതാഗത മേഖലയിൽ ഇൻഡ്യൻ റയിൽവേയും, എയർ ഇൻഡ്യയും, സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുമെല്ലാം നടത്തുന്ന സേവനങ്ങൾ എണ്ണിയാലൊടുങ്ങാത്തവയാണ്. മൂലധനശക്തികളുടെ ആജ്ഞാനുവർത്തികളായി മാറിയ ഇൻഡ്യൻ ഭരണാധികാരികളെ സംബന്ധിച്ച് രാജ്യത്തിന്റെ സമ്പത്ത് സംരക്ഷിക്കുക എന്നതിനേക്കാൾ പ്രാധാന്യം അതൊക്കെ വിറ്റഴിച്ച് കയ്യൊഴിയുക എന്നതാണ്.

എയർ ഇൻഡ്യ ടാറ്റക്ക് വിറ്റ നടപടി ഏറ്റവും വലിയ രാജ്യസ്നേഹ പ്രകടനമാണെന്നും കേന്ദ്ര സർക്കാർ ടാറ്റയോട് പ്രായശ്ചിത്തം ചെയ്യുകയാണെന്നുമാണ് രാജ്യസ്നേഹത്തിന്റെ അഭിനവ വക്താക്കളായ ബി.ജെ.പി. ആർ.എസ്.എസ്സ്, സംഘപരിവാർ ബുദ്ധികേന്ദ്രങ്ങളുടെ പ്രചരണം. ധന മൂലധന ശക്തികളോടുള്ള ഭരണകൂടത്തിന്റെ ചങ്ങാത്തത്തിന് ഇതിലും കൂടുതൽ തെളിവ് ആവശ്യമില്ല തന്നെ.

എ.ഐ.ടി.യു.സി. ദേശീയ നേതൃത്വം എയർ ഇൻഡ്യ വിൽപ്പനക്കെതിരേ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയതോടൊപ്പം ഈ കൊടും വഞ്ചനയും കൊള്ളയും തുറന്ന് കാണിക്കുന്ന കാമ്പയിനുകളും സമരങ്ങളും നടത്താൻ തീരുമാനിച്ചത് പൊതുമേഖലയെ സംരക്ഷിക്കുന്ന പ്രക്ഷോഭം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്. നവംബർ 16–ന് സംസ്ഥാനത്ത് ജില്ലാ കേന്ദ്രങ്ങളിൽ എ.ഐ.ടി.യു.സി. സംസ്ഥാന കമ്മിറ്റി തീരുമാനമനുസ്സരിച്ച് തൊഴിലാളികളുടെ ബഹുജന സമര സദസ്സുകൾ സംഘടിപ്പിച്ചു. തൊഴിലാളികളോടൊപ്പം വിവിധ മേഖലകളിൽ നിന്നുള്ള മറ്റ് ബഹുജന സംഘടനകളും സമരസദസ്സിൽ പങ്കെടുത്തു. കനത്ത മഴ കാരണം ചില ജില്ലകളിൽ ആ പ്രക്ഷോഭ പരിപാടികൾ മാറ്റി വക്കേണ്ടി വന്നു. ഈ സമരം തുടർന്ന് കൊണ്ടുപോകാൻ തന്നെയാണ് എ.ഐ.ടി.യു.സി. തീരുമാനിച്ചിട്ടുള്ളത്.

## ഇൻഡ്യൻ റയിൽവേയും സ്വകാര്യവൽക്കരിക്കുന്നു

ലോകത്തിലെ തന്നെ ഏറ്റവും പ്രശസ്തമായ സ്ഥാപനമാണ് ഇൻഡ്യൻ റയിൽവേ. ലക്ഷക്കണക്കിന് തൊഴിലവസരങ്ങളുള്ള പൊതുമേഖല സ്ഥാപനം. എന്നാലത് ഇന്ന് സ്വകാര്യവൽക്കരണത്തിന്റെ പാതയിലാണ്. കോവിഡിന്റെ മറവിൽ പാസഞ്ചർ തീവണ്ടികൾ നിർത്തലാക്കി. ഏതാനും ചില ഓടുന്ന വണ്ടികളുടെ നമ്പർ മാറ്റി സ്പെഷൽ ട്രയിനുകളാക്കി. ലോക്കൽ സ്റ്റേഷനുകളിലെ സ്റ്റോപ്പുകൾ നിർത്തലാക്കി. പ്ലാറ്റ്ഫോം ടിക്കറ്റ് ചാർജ്ജ് 10 രൂപയിൽ നിന്നും 50 രൂപയാക്കി വർദ്ധിപ്പിച്ചു. മുതിർന്ന പൗരന്മാർക്കുള്ള ഇളവുകൾ വേണ്ടെന്ന് വച്ചു. സീസൺ ടിക്കറ്റ് ഭാഗികമായി നിർത്തലാക്കി. ആയിരക്കണക്കിന് ജീവനക്കാരുടേയും തൊഴിലാളികളുടേയും ആശ്രയമായിരുന്ന ഈ സേവനങ്ങൾ ഒഴിവാക്കിയതോടെ ഒരു യാത്രക്കാരന് പ്രതിമാസം ശരാശരി രണ്ടായിരത്തി അഞ്ഞൂറിൽപ്പരം രൂപയുടെ അധിക ബാധ്യതയുണ്ടായി. ഈ സാഹചര്യത്തിലും സ്വകാര്യവൽക്കരണത്തിനെതിരായ പൊതു സമരപരിപാടികളുടെ തുടർച്ചയെന്നോണവുമാണ് എ.ഐ.ടി.യു.സി. സംസ്ഥാനത്തെ വിവിധ റയിൽവേ സ്റ്റേഷനുകളിലേക്ക് നടത്തിയ മാർച്ചും പ്രതിഷേധ ധർണ്ണയും. ജില്ലാ കേന്ദ്രങ്ങൾക്ക് പുറമേ പ്രാദേശിക റയിൽവേ സ്റ്റേഷനുകളിലും മാർച്ചും ധർണ്ണയും നടന്നു.

എ.ഐ.ടി.യു.സി. സംഘടിപ്പിച്ച ഈ സമരത്തിൽ പങ്കെടുക്കാനും സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് അഭിവാദ്യം അർപ്പിക്കാനും റയിൽവേ ജീവനക്കാർ മുന്നോട്ട് വന്നതും വളരെയധികം യാത്രക്കാർ സമരത്തിൽ പങ്കാളികളായതും ആവേശകരമായ അനുഭവങ്ങളായിരുന്നു. എ.ഐ.ടി.യു.സി. സംസ്ഥാന കമ്മിറ്റി റയിൽവേ സ്വകാര്യവൽക്കരണത്തിനെതിരായ സമരം കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ട് പോകാനാണ് തീരുമാനിച്ചിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ 48 മണിക്കൂർ പണിമുടക്ക്

മേൽപ്പറഞ്ഞ പൊതു സാഹചര്യങ്ങളെല്ലാം പൊതുമേഖലയെ സംരക്ഷിക്കാനുള്ള പോരാട്ടങ്ങളുമായി ഏതറ്റം വരേയും പോകണമെന്നാണ് സൂചിപ്പിക്കുന്നത്. ദേശീയ പാതകളും റോഡുകളും പൊതു ഗതാഗത സംവിധാനങ്ങളുമെല്ലാം വിറ്റഴിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ് കേന്ദ്ര സർക്കാർ. ഈ സ്വകാര്യവൽ ക്കരണത്തിനെതിരേ ശക്തമായ ബദൽ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനമാണ് കേരളം. ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രഖ്യാപിത നയം തന്നെ പൊതുമേഖലയെ ശക്തിപ്പെടുത്തുക എന്നതാണ്.

നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു പൊതുമേഖല സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. കുറഞ്ഞ ചിലവിൽ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്ന സ്ഥാപനമാണത്. ആ കെ.എസ്.ആർ.ടി.സി. വലിയൊരു പ്രതി സന്ധിയിലൂടെയാണ് ഇപ്പോൾ മുന്നോട്ട് പോകുന്നത്. ജീവനക്കാരിൽ കടുത്ത അസംതൃപ്തി നിലനിൽക്കുന്നു. ശമ്പള പരിഷ്ക്കരണ ദീർഘകാലകരാർ വർഷങ്ങളായി നീണ്ട് പോകുന്നു. അർഹമായ യാതൊരു വിധ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. മാനേജ്മെന്റിന്റെ തല തിരിഞ്ഞ പരിഷ്ക്കാരങ്ങളും ജീവനക്കാരോടുള്ള പ്രതികാര മനോഭാവ നി

ലപാടുകളും കാരണം കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എടുക്കുന്ന എല്ലാ നടപടികളും ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നു.

അംഗീകൃത യൂണിയനുകളുമായി മാനേജ്മെന്റ് തലത്തിലും സർക്കാർ തലത്തിലും നടന്ന ചർച്ചകൾ പരാജയപ്പെട്ട സാഹചര്യത്തിലാണ് നവംബർ 5, 6 തിയതികളിൽ യൂണിയനുകൾ പണിമുടക്കാൻ തയ്യാറായത്. എ.ഐ.ടി.യു.സി. നേതൃത്വത്തിലുള്ള ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ 48 മണിക്കൂർ പണിമുടക്ക് സമരമാണ് നടത്തിയത്. ഐ.എൻ.ടി.യു.സി. രണ്ട് ദിവസം പണിമുടക്കി. സി.ഐ.ടി.യു, ബി.എം.എസ്. യൂണിയനുകൾ നവംബർ 5–ന് ഒരു ദിവസത്തെ പണിമുടക്കും നടത്തി. നാലു യൂണിയനുകളും വെവ്വേറെയാണ് പണിമുടക്കിയതെങ്കിലും രണ്ട് ദിവസം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.യിൽ പണിമുടക്ക് നടന്നു.

5312 സർവ്വീസ് നടത്താൻ കഴിയുന്ന കെ.എസ്.ആർ.ടി.സിയിൽ 3300 സർവ്വീസാണ് ഇപ്പോൾ നടത്തി വരുന്നത്. ബാക്കി വാഹനങ്ങളൊന്നും നിരത്തിലിറക്കുന്നില്ല. വിലപിടിച്ച സ്കാനിയ, വോൾവോ ബസുകൾ ഉൾപ്പെടെ ഏകദേശം 2800 ബസ്സുകൾ വിവിധ കേന്ദ്രങ്ങളിൽ കിടക്കുകയാണ്. വലിയ പ്രചരണം നൽകി കൊണ്ട് വന്ന ഇലക്ട്രിക് ബസ്സുകളും തിരുവനന്തപുരത്തെ തമ്പാനൂർ ഡിപ്പോയിൽ കിടക്കുന്നു.

നവംബർ 2–ന് കെ.എസ്.ആർ.ടി.സി.3184 ബസ്സുകൾ സർവ്വീസ് നടത്തി. മൊത്തം ആ ദിവസത്തെ വരുമാനം 4.27 കോടി രൂപ. യാത്രചെയ്യാൻ ബസ്സുകൾ കിട്ടാതെ ജനങ്ങൾ കഷ്ടപ്പെടുമ്പോഴാണ് പകുതിയോളം ബസ്സുകൾ നിരത്തിലിറക്കാതെയിട്ടിരിക്കുന്നത്. ഡ്രൈവർ, കണ്ടക്ടർ, മെക്കാനിക്കൽ സ്റ്റാഫ്, മിനിസ്റ്റീരിയൽ സ്റ്റാഫ് തുടങ്ങി എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർ ഉൾപ്പെടെ 2814 ജീവനക്കാർ മാത്രമാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ ഉള്ളത്. വർഷങ്ങളോളം തുച്ഛമായ വേതനത്തിൽ ജോലി ചെയ്ത 8500 താത്ക്കാലിക തൊഴിലാളികളെ മാറ്റി നിർത്തിയിരിക്കുകയാണ്. നമ്മുടെ പൊതു ഗതാഗത രംഗത്ത് കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോൾ 20 ശതമാനം പോലും സർവ്വീസ് ഇല്ല എന്നു കൂടി മനസ്സിലാക്കണം. 50 ശതമാനമെങ്കിലും സർവ്വീസ് നടത്താൻ കഴിഞ്ഞാൽ മൊത്തം കളക്ഷനിൽ വലിയ വർദ്ധനവുണ്ടാകുമെന്ന് മാത്രമല്ല, സാധാരണക്കാർക്ക് അത് വലിയ ആശ്വാസകരവുമാകും. ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ചീഫ് ഓഫീസിന് മുന്നിലും സംസ്ഥാനത്തുടനീളം ഡിപ്പോകളിലും ഒക്ടോബർ 29–ന് നടത്തിയ സമരത്തിന്റെ പ്രധാന ആവശ്യം കെ.എസ്.ആർ.ടി.സിയെ സംരക്ഷിക്കുക, പൊതുഗതാഗത മേഖലയെ സംരക്ഷിക്കുക എന്നതായിരുന്നു. ഒപ്പം ശമ്പള പരിഷ്ക്കരണ ദീർഘകാല കരാർ നടപ്പിലാക്കണമെന്നും. മുഴുവൻ താൽക്കാലിക തൊഴിലാളികൾക്കും തൊഴിൽ നൽകണമെന്നും എ.ഐ.ടിയു.സി. ആവശ്യപ്പെടുന്നു. കെ.എസ്.ആർ.ടി.സി.തകരാൻ പാടില്ല; തകർന്ന് പോകാൻ അനുവദിച്ചുകൂടാ.

## വനം വകുപ്പ് തൊഴിലാളികളെ സ്ഥിരപ്പെടുത്തുക

വനം വകുപ്പിൽ വന സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ ജോലികൾ ചെയ്ത് വരുന്ന തൊഴിലാളികളുടെ പ്രധാന ആവശ്യമാണ് അവരെ സ്ഥിരപ്പെടുത്തുക എന്നത്. വാച്ചർമാരായും മറ്റ് വന സംരക്ഷണ ജോലികളും ചെയ്തു വരുന്ന തൊഴിലാളികളിൽ ഒരു നിശ്ചിത കാലയളവ് പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തിയിരുന്നു. കേരള ഫോറസ്റ്റ് വർക്കേഴ്സ് യൂണിയൻ (എ.ഐ.ടി.യു.സി) വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നിരന്തരം സമരം നടത്തി വരുന്ന സംഘടനയാണ്. ഏറ്റവും അപകടം നിറഞ്ഞ സാഹചര്യങ്ങളേയും പ്രതികൂല കാലവസ്ഥയേയും, വന്യമൃഗങ്ങളുടെ ആക്രമണങ്ങളേയും മറ്റു പലതരത്തിലുള്ള അപകടങ്ങളേയുമെല്ലാം നേരിട്ട് കൊണ്ടാണ് ഈ തൊഴിലാളികൾ പണിയെടുക്കുന്നത്.

എന്നാൽ വനം വകുപ്പിലെ ഉദ്യോഗസ്ഥർ ഒട്ടും മനുഷ്യത്വമില്ലാതെയാണ് തൊഴിലാളികളോട് പെരുമാറുന്നത് എന്ന പരാതി വ്യാപകമാണ്. ജോലി ചെയ്താൽ വേതനം നൽകാൻ ഇവർ തയ്യാറാകുന്നില്ല. മാസത്തിൽ ഇരുപതും ഇരുപത്തഞ്ചും ദിവസം പണിയെടുത്താലും അഞ്ച് ദിവസം അല്ലങ്കിൽ പത്ത് ദിവസത്തെ കൂലി മാത്രമേ നൽകുന്നുള്ളു. വേതനം ഒരിക്കലും കൃത്യമായി നൽകില്ല. ഫെസ്റ്റിവൽ അലവൻസ് നൽകില്ല. തൊഴിലാളി വിരുദ്ധവും നിയമ വിരുദ്ധവുമായ ഇത്തരം നടപടികളിൽ പ്രതിഷേധിച്ചു കൊണ്ട് കഴിഞ്ഞ കുറേ വർഷങ്ങളായി ഏറെ സമരങ്ങൾ നടത്തിയവരാണ് ഈ തൊഴിലാളികൾ.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ പൊതുവായി തീരുമാനിച്ചത് ഏറെ ആശ്വാസകരമായിരുന്നു. പത്ത് വർഷം സർവ്വീസുള്ളവരുടെ ലിസ്റ്റും ഇരുപത് വർഷം സർവ്വീസുള്ളവരുടെ ലിസ്റ്റും വളരെയേറെ സൂക്ഷ്മ പരിശോധനകൾക്ക് വിധേയമാക്കിയതിന് ശേഷമാണ് 2021 ജനുവരി മാസത്തിൽ സ്ഥിരപ്പെടുത്താനുള്ള നടപടികളായത്. എന്നാൽ പ്രതിപക്ഷ പാർട്ടികൾ നടത്തിയ സമരങ്ങളും, ഒരു വിഭാഗം പത്ര മാദ്ധ്യമങ്ങളുടെ തെറ്റായ പ്രചാരങ്ങളേയും തുടർന്ന് സർക്കാർ നടപടികൾ തടസ്സപ്പെട്ടു.

തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പകരം തൊഴിലാളികളെ പ്രായ പരിധി പറഞ്ഞും സർവ്വീസ് കണക്കാക്കിയും തൊഴിലിൽ നിന്ന് ഒഴിവാക്കാനുള്ള തെറ്റായ തീരുമാനമാണ് വനം വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്നത്. വലിയൊരു വിഭാഗം തൊഴിലാളികൾ പിരിച്ചു വിടൽ ഭീഷണിയിലാണ്. ചിലയിടങ്ങളിൽ തൊഴിലാളികളെ മാറ്റി നിർത്തി പുതിയ തൊഴിലാളികളെ നിയമിക്കുന്ന നടപടികളും ഉണ്ടായി.

ഈ സാഹചര്യത്തിലാണ് ഫോറസ്റ്റ് വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ട് മാസങ്ങളായി വിവിധ ഫോറസ്റ്റ് ഓഫീസുകൾക്ക് മുന്നിൽ സമരങ്ങൾനടന്നത്. അതിന്റെ തുടർച്ചയായി നവംബർ 22 മുതൽ സെക്രട്ടേറിയറ്റിന് മുന്നിൽ അഞ്ച് ദിവസം തുടർച്ചയായ സമരം നടന്നു. എ.ഐ.ടി.യു.സി. സംസ്ഥാന കമ്മിറ്റിയുടെ പിന്തുണയോടെ കൂടുതൽ ശക്തമായ സമരം മുന്നോട്ട് കൊണ്ട് പോകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പിരിച്ചു വിടലിനെ ശക്തമായി ചെറുക്കുന്നതിനും തൊഴിൽ സംരക്ഷിക്കുന്നതിനും ഫോറസ്റ്റ് വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ നടക്കുന്ന സമരങ്ങൾ വിജയിപ്പിക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

## നവംബർ 21 – സാർവ്വദേശീയ മത്സ്യത്തൊഴിലാളി ദിനം

കടലും കടൽത്തീരവും വിറ്റഴി

ക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നീക്കങ്ങൾക്കെതിരേയുള്ള ശക്തമായ ചെറുത്തു നിൽപ്പാണ് മത്സ്യത്തൊഴിലാളികൾ നടത്തി വരുന്നത്. കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കോണമി നയത്തിന്റേയും പുതിയ മറൈൻ ഫിഷറീസ് നിയമത്തിന്റേയുമെല്ലാം ഉദ്ദേശം വ്യക്തമാണ്. പരമ്പരാഗതമായി കടലിനോട് ചേർന്ന് തൊഴിലെടുത്ത് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതം തകർക്കുന്ന ഗൂഢപദ്ധതികളാണ് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഇതിനെതിരേ നിരന്തര സമരം നടത്തുന്നതിൽ മുൻപന്തിയിലാണ് കേരള മത്സ്യത്തൊഴിലാളി ഫെഡറേഷൻ. കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് തൊഴിലെടുക്കാൻ കഴിയാത്ത സാഹചര്യങ്ങളും പ്രകൃതിക്ഷോഭങ്ങളും ചുഴലിക്കാറ്റും ന്യൂനമർദ്ദങ്ങളുമെല്ലാം അനേകലക്ഷം മത്സ്യത്തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു.

കടലും തീരവും തങ്ങളുടെ അവകാശമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചും തങ്ങൾക്കവകാശപ്പെട്ട സമ്പത്ത് വിറ്റഴിക്കാൻ അനുവദിക്കില്ലെന്നുള്ള പ്രതിജ്ഞ എടുത്തും സാർവ്വദേശീയ മത്സ്യത്തൊഴിലാളി ദിനമായ നവംബർ 21 തൊഴിൽ സംരഷണ ദിനമായി മത്സ്യത്തൊഴിലാളികൾ ആചരിച്ചു. അന്ന് സംസ്ഥാനത്തെ തീരപ്രദേശത്ത് വിവിധ കേന്ദ്രങ്ങളിൽ തൊഴിലാളികൾ ജനകീയ പങ്കാളിത്തത്തോടെ നടത്തിയ മത്സ്യത്തൊഴിലാളി സംഗമവും പ്രതിജ്ഞയും വളരെ ആവേശകരമായിരുന്നു.

ആലപ്പുഴ ബീച്ചിൽ നടന്ന സംഗമത്തിൽ പങ്കെടുക്കാനും തൊഴിലാളികളോടൊപ്പം പ്രതിജ്ഞയെടുക്കാനും കഴിഞ്ഞത് എനിക്കും ആവേശകരമായ അനുഭവമായി. എ.ഐ.ടി.യു.സി. നേതാക്കളായ സഖാക്കൾ ടി.ജെ.ആഞ്ചലോസ്, ആർ.പ്രസാദ്, പി.വി.സത്യനേശൻ, വി.മോഹൻദാസ്, വി.സി.മധു, പി.ജ്യോതിസ്, ആർ. സുരേഷ്, ബി.നസീർ തുടങ്ങിയ സഖാക്കൾ പരിപാടിക്ക് നേതൃത്വം നൽകി.

നവംബർ 30, ഡിസംബർ 1, 2, 3 തിയതികളിൽ മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ "കായൽ ജാഥ" സംഘടിപ്പിക്കുകയാണ്. വേമ്പനാട് കായൽ ഉൾപ്പെടെയുള്ള കായലുകൾ നശിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് കായൽ സംരക്ഷണത്തിനോടൊപ്പം തൊഴിലും ജീവിതവും ചേർത്ത് പിടിച്ചു കൊണ്ടുള്ള പുതുമയാർന്ന ജനകീയ പ്രക്ഷോഭങ്ങൾക്ക് എ.ഐ.ടി.യു.സി. നേതൃത്വം കൊടുക്കുന്നത്. ഡിസംബർ 7-ന് ദേശീയ മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ നടക്കുന്ന പാർലമെന്റ് മാർച്ചും പ്രാധാന്യമർഹിക്കുന്നു.

## ചുമട്ട് തൊഴിലാളികളുടെ തൊഴിൽ സംരക്ഷണ സമരം

ചുമട്ട് തൊഴിലാളികൾക്കെതിരായ സംഘടിത പ്രചരണം എത്രയോ കാലമായി നടന്നു വരുന്നു. അന്തസ്സോടെയും അഭിമാനത്തോടെയും സമാധാനത്തോടെയും ജോലി ചെയ്യാൻ കഴിയാത്ത വിധം ചുമട്ട് തൊഴിലാളികൾ നിരന്തരമായി അപമാനിക്കപ്പെടുകയാണ്. അവരെ സാമൂഹ്യ വിരുദ്ധരായിപ്പോലും ചിത്രീകരിക്കുന്നു. നിർഭാഗ്യവശാൽ കോടതികളിൽ നിന്നു പോലും അവരെക്കുറിച്ചു തെറ്റായ പരാമർശങ്ങൾ ഉണ്ടാകുന്നു.

നിലവിലുള്ള നിയമങ്ങളുടേയും സർക്കാർ തീരുമാനങ്ങളുടേയും ഉഭയകക്ഷി ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഉണ്ടാകുന്ന സേവന-വേതന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ് ചുമട്ട് തൊഴിലാളികൾ. ക്ഷേമനിധി ബോർഡിന്റേയും തൊഴിൽ വകുപ്പിന്റേയുമെല്ലാം നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഇന്ന് വലിയ തൊഴിൽ ഭീഷണി നേരിടുകയാണ്.

കേരള സ്റ്റേറ്റ് ചുമട്ട് തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നവംബർ 20-ന് സെക്രട്ടേറിയറ്റിന് മുന്നിലും ജില്ല കളക്ട്രേറ്റുകൾക്ക് മുന്നിലും നടന്ന തൊഴിലാളികളുടെ മാർച്ചും ധർണ്ണയും വിജയകരമായി. തുടർന്ന് എല്ലാ സംഘടനകളും ചേർന്നുള്ള തൊഴിലാളി സംരക്ഷണ സമ്മേളനവും നടക്കുകയാണ്.

നവംബർ 27-ന് കൊച്ചിയിൽ പതിനായിരം തൊഴിലാളികളെ പങ്കെടുപ്പിച്ചു കൊണ്ട് കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകൾ നടത്തുന്ന തൊഴിലാളി സംരക്ഷണ സമ്മേളനം തൊഴിലാളികളുടെ അഭിമാനം ഉയർത്തിപ്പിടിച്ചു പണിയെടുത്ത് ജീവിക്കാനുള്ള അവകാശം ഉറപ്പിക്കുന്നതിന് വേണ്ടിക്കൂടിയാണ്.

## പാചകവാതക, പെട്രോൾ, ഡീസൽ, മണ്ണെണ്ണ വില വർദ്ധനവിനെതിരായ ജനകീയ സമരം.

കേന്ദ്ര സർക്കാർ പെട്രോളിന്റേയും ഡീസലിന്റേയും വില ദിവസേന വർദ്ധിപ്പിക്കുന്നത് ഇന്ന് വാർത്ത പോലും അല്ലാതാകുന്നു. എന്നാൽ വില വർദ്ധനവിലൂടെ സാധാരണക്കാരുടെ പോക്കറ്റടിക്കുന്ന കേന്ദ്ര സർക്കാരിന്റെ വഞ്ചനയും ക്രൂരതയും ഇന്ന് ജനങ്ങൾ തിരിച്ചറിയുന്നു.

പാചക വാതക വില വർദ്ധന കോവിഡിന്റെ മറവിൽ ഒരു ദാക്ഷിണ്യവുമില്ലാതെ വർദ്ധിപ്പിക്കുന്നു. 30 കോടിയോളം പാചക വാതക കണക്ഷനുകൾ രാജ്യത്തുണ്ട് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സെപ്റ്റംബർ 1-ന് സിലിണ്ടറിന് 25 രൂപ വർദ്ധിപ്പിച്ചപ്പോൾ സർക്കാരും കോർപ്പറേറ്റുകളും കൂടി കൊള്ളയടിച്ചത് 750 കോടി രൂപയാണ്. ഈ കണക്ക് ഇന്ന് സാധാരണക്കാർക്ക് പോലും മനസ്സിലാകുന്നുണ്ട്. ഇതിന് പുറമേയാണ് സബ്സിഡി നിർത്തലാക്കിയ വഞ്ചനയും പുറത്ത് വരുന്നത്. കോവിഡ് മഹാമാരിയുടെ ഈ 21 മാസങ്ങൾക്കിടയിൽ മാത്രം ഇന്ധന വില വർദ്ധനവിലൂടെ കേന്ദ്ര സർക്കാർ കൊള്ളയടിച്ചത് ലക്ഷക്കണക്കിന് രൂപയാണ്.

സാധാരണ മണ്ണെണ്ണയുടെ വില സർക്കാർ വർദ്ധിപ്പിക്കാറില്ല. ഏറ്റവും പാവപ്പെട്ടവരുടേയും വൈദ്യുതി ഇനിയും എത്തിയിട്ടില്ലാത്ത മേഖലകളിലെ സാധാരണക്കാരുടേയും ആശ്രയമാണ് മണ്ണെണ്ണ. അതുപോലെ കടലിൽ പോയി മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്കും മണ്ണെണ്ണ അത്യന്താപേക്ഷിതമാണ്. ആ മണ്ണെണ്ണയുടെ വില ഒറ്റയടിക്ക് എട്ട് രൂപ വർദ്ധിപ്പിച്ച് ഈ പാവപ്പെട്ടവരുടെ വയറ്റത്തടിക്കുകയാണ് സർക്കാർ ചെയ്തത്. ഇതിനെതിരേ വലിയ ജനരോഷം ഉയർന്നത് വിലവർദ്ധനവിന് പിന്നിലെ വഞ്ചന ജനങ്ങൾ തിരിച്ചറിഞ്ഞതിനാലാണ്. എ.ഐ.ടി.യു.സി.ഇന്ധന വില വർദ്ധനവിനെതിരേനിരന്തരം സമര രംഗത്താണ് നവംബർ 3 മുതൽ 10 വരെ സംസ്ഥാനത്തുടനീളം നടത്തിയ പ്രതിഷേധ സമരത്തിൽ നല്ല ജനപങ്കാളിത്തം ഉണ്ടായത് കൂടുതൽ ശക്തമായ പ്രക്ഷോഭങ്ങൾക്ക് കരുത്തും ഊർജ്ജവും പകരുന്നു.

# തൊഴിൽ സംരക്ഷിക്കുക, തൊഴിലാളികൾക്ക് നഷ്ട പരിഹാരം നൽകുക
# തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച്
# ചുമട്ട് തൊഴിലാളി ഫെഡറേഷൻ നടത്തിയ
# കളക്ട്രേറ്റ് മാർച്ചും ധർണ്ണയും
















AITUC
കളക്ട്രേറ്റ് മാർച്ച്


മലപ്പുറം ജില്ലാ ചുമട്ടുതൊഴിലാളി യൂണിയൻ
AITUC
കലക്ട്രേറ്റ് മാർച്ചും ധർണ്ണയും


2021 നവംബർ 20
കലക്ട്രേറ്റ് മാർച്ചും
AITUC ധർണ്ണയും


AITUC
കലക്ടറേറ്റ് മാർച്ച്
2021
20



ടി.ജെ. ആഞ്ചലോസ്
എക്സ്.എം.പി.



# കടലും കടൽ തീരവും കടലിന്റെ മക്കൾക്ക്

നവംബർ 21 സാർവദേശീയ മത്സ്യത്തൊഴിലാളി ദിനമാണ്. ഈ വിഭാഗം തൊഴിലാളികളുടെ ആവശ്യങ്ങളും അവകാശങ്ങളും ഭരണകൂടങ്ങളുടെയും പൊതുസമൂഹത്തിന്റെയും മുന്നിൽ അവതരിപ്പിക്കുന്നതിനും പരിഹാരം തേടുന്നതിനും വേണ്ടിയുള്ള ദിനാചരണം. കടലും കടൽ തീരവും വിൽക്കരുത് എന്ന മുദ്രാവാക്യമുയർത്തി ഇന്ത്യയിലെ മത്സ്യത്തൊഴിലാളികളും ഈ ദിനാചരണത്തിൽ അണിചേരുന്നു.

ഇന്ത്യയുടെ കടൽത്തീരം 8,118 കിലോമീറ്ററാണ്. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും മൂലം ഉണ്ടാകുന്ന പ്രകൃതി ക്ഷോഭത്തിന്റെ പ്രധാന ഇരകളും തീരദേശവാസികളാണ്. ന്യൂനമർദ്ദവും ചുഴലിക്കാറ്റും കടലാക്രമണവും പതിവായിരിക്കുന്നു. രാജ്യത്തിന്റെ അതിർത്തി സംരക്ഷണത്തിന് തുല്യ പ്രാധാന്യം നല്കി തീരത്തെ സംരക്ഷിക്കേണ്ടതുണ്ട്. തൊഴിലെടുക്കാൻ പറ്റാത്ത ദിനങ്ങളിലെ പട്ടിണി മാറ്റുവാൻ തൊഴിൽനഷ്ട വേതനം നിയമംമൂലം നടപ്പിലാക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.

കാർഷിക മേഖലയുടെ കോർപറേറ്റുവൽക്കരണത്തിനെതിരെ ഇന്ത്യയിലെ കർഷകർ നടത്തിയ സമരത്തിന്റെ ഒരുഘട്ടം വിജയിച്ചിരിക്കുന്നു. അടുത്ത പാർലമെന്റ് സമ്മേളനം ഇത് സംബന്ധിച്ച അന്തിമ തീരുമാനമെടുക്കണം. കാർഷികമേഖലയ്ക്ക് പിന്നാലെ കടലും കടൽത്തീരവും കോർപറേറ്റുകൾക്ക് അടിയറവയ്ക്കുന്നതിനെ ലക്ഷ്യമാക്കിയുള്ള മറൈൻ ഫിഷറീസ് നിയമം അടുത്ത പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് അറിയുന്നു. 2009 മുതൽ കേന്ദ്രസർക്കാർ പരിഗണിക്കുന്ന ആഴക്കടൽ മത്സ്യബന്ധന നിയമം തന്നെയാണ് 2021 ൽ അവതരിപ്പിക്കുന്നത്. സംസ്ഥാന സർക്കാരുകളുമായും മത്സ്യത്തൊഴിലാളി സംഘടകളുമായും ചർച്ച ചെയ്യാതെ തങ്ങളുടെ വരുതിക്ക് നിൽക്കുന്ന സന്നദ്ധ സംഘടനകളുമായി (എൻ.ജി.ഒ.കൾ) മാത്രം ചർച്ച നടത്തുന്ന രീതിയാണ് നിലനിൽക്കുന്നത്. കേന്ദ്ര നിയമം പാസായാൽ കേരളത്തിലെ ബഹുഭൂരിപക്ഷം യാനങ്ങൾക്കും 12 നോട്ടിക്കൽ മൈലിനപ്പുറത്തേക്ക് പോകാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും. നിയമലംഘനത്തിന്റെ പേരിൽ മത്സ്യതൊഴിലാളികൾക്ക് വൻതുക പിഴയും ക്രിമിനൽ നടപടിയും വ്യവസ്ഥ ചെയ്യുന്ന നിയമം മത്സ്യമേഖലയെ കോർപറേറ്റ്വൽക്കരിക്കുന്നതിനുള്ളതാണ്. സംസ്ഥാന സർക്കാരുകളും മത്സ്യത്തൊഴിലാളി സംഘടനകളും നൽകിയ നിർദ്ദേശങ്ങളെല്ലാം തള്ളിക്കളഞ്ഞുകൊണ്ടാണ് കേന്ദ്ര സർക്കാർ മുന്നോട്ട് പോകുന്നത്.

നിയമം പാസായാൽ ചെറുവള്ളങ്ങൾക്കുൾപ്പെടെ കേന്ദ്ര ലൈസൻ

**നിയമ ലംഘനത്തിന്റെ പേരിൽ മത്സ്യതൊഴിലാളികൾക്ക് വൻ തുക പിഴയും ക്രിമിനൽ നടപടിയും വ്യവസ്ഥ ചെയ്യുന്ന നിയമം മത്സ്യമേഖലയെ കോർപറേറ്റ്വൽക്കരിക്കുന്നതിനുള്ളതാണ്. സംസ്ഥാന സർക്കാരുകളും മത്സ്യത്തൊഴിലാളി സംഘടനകളും നൽകിയ നിർദ്ദേശങ്ങളെല്ലാം തള്ളിക്കളഞ്ഞുകൊണ്ടാണ് കേന്ദ്ര സർക്കാർ മുന്നോട്ട് പോകുന്നത്.**

സ് വേണ്ടിവരും. വൻതുക ഫീസ് നൽകുവാൻ കഴിയാത്ത പരമ്പരാഗത ചെറുകിട മത്സ്യബന്ധന തൊഴിലാളികൾ ആട്ടിയോടിക്കപ്പെടും. പരിധി ലംഘനത്തിന്റെ പേരിൽ മത്സ്യത്തൊഴിലാളികളുടെ മേൽ വൻ പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്. പിഴയീടാക്കാൻ കേന്ദ്ര സർക്കാർ നിയമിക്കുന്ന പ്രത്യേക ഓഫിസർക്ക് പുറമെ കോസ്റ്റ് ഗാർഡിനും അധികാരം നൽകിയിട്ടുണ്ട്. പണമടയ്ക്കുന്ന ആർക്കും മത്സ്യബന്ധന ലൈസൻസ് നൽകുന്നത് മത്സ്യത്തൊഴിലാളികളെ ഈ രംഗത്ത് നിന്നും ആട്ടിപ്പായിക്കുവാൻ വേണ്ടി തന്നെയാണ്. മത്സ്യബന്ധന യാനങ്ങളുടെ പട്ടികയിൽ കപ്പലുകളെ ഉൾപ്പെടുത്തിയത് തന്നെ വൻകിടക്കാരെ സഹായിക്കാനാണ്. ഏതൊരു നിയമവും പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തെ ലക്ഷ്യം വയ്ക്കുന്നുവെങ്കിൽ ഇതിൽ അവയൊന്നും പരാമർശിച്ചിട്ടില്ല. ബ്ലൂ ഇക്കോണമിയെ ലക്ഷ്യംവച്ച് കടലിലെ മത്സ്യക്കൃഷി, ടൂറിസം ഇവയെല്ലാം പരാമർശിക്കുന്ന കേന്ദ്രസർക്കാർ തൊഴിലാളി ക്ഷേമത്തിനല്ല ശിക്ഷയ്ക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.

കോവിഡ് ലോക്ഡൗൺ നാളുകളിൽ അവതരിപ്പിച്ച ബ്ലൂ ഇക്കോണമി നയരേഖ കടൽ കോർപറേറ്റുകൾക്ക് തീറെഴുതുന്നതിനെ ലക്ഷ്യം വച്ചുള്ളതാണ്. 2021 ഫെബ്രുവരി 17 നാണ് പ്രധാനമന്ത്രി നിയന്ത്രിക്കുന്ന ഭൗമ മന്ത്രാലയം ബ്ലൂ ഇക്കോണമി നയരേഖ പ്രസിദ്ധീകരിച്ചത്. ഏഴ് വർക്കിങ് ഗ്രൂപ്പുകൾ വിവിധ വിഷയങ്ങളിൽ തയാറാക്കിയ റിപ്പോർട്ടുകൾ ഏകോപിപ്പിച്ചാണ് ഇത് തയാറാക്കിയത്. ഇത്തരം രേഖകളിന്മേൽ നിർദ്ദേശങ്ങൾ സ്വീകരിക്കുവാൻ 90 ദിവസം വരെ നൽകാറുണ്ടെങ്കിലും ബ്ലൂ ഇക്കോണമി നയരേഖയിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കേവലം 10 ദിവസങ്ങൾ മാത്രമാണ് നൽകിയത്. പ്രാദേശിക ഭാഷകളിലും ഇത്തരം രേഖകൾ പ്രസിദ്ധീകരിക്കണമെന്നിരിക്കെ വളരെ സങ്കീർണമായ ഈ വിഷയത്തിന്മേലുള്ള രേഖ ഇംഗ്ലീഷിൽ മാത്രമാണ് പ്രസിദ്ധീകരിച്ചത്. അതുവഴി മത്സ്യത്തൊഴിലാളി സംഘടനകൾ, സംസ്ഥാന സർക്കാരുകൾ, പൊതുസമൂഹം തുടങ്ങിയവർക്കെല്ലാം അഭിപ്രായം പറയുവാനുള്ള അവകാശം നിഷേധിക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തത്.


തീരക്കടലും ആഴക്കടലും ഖനനത്തിനായും കോർപറേറ്റുകളുടെ മത്സ്യകൃഷിക്കായും പതിച്ച് നൽകുക എന്നതുതന്നെയാണ് കേന്ദ്ര സർക്കാർ ലക്ഷ്യം. ഇതിന് തുടക്കം കുറിച്ചുകൊണ്ടുള്ള 4077 കോടിയുടെ പര്യവേക്ഷണ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തികകാര്യ സമിതി അംഗീകാരവും നൽകിക്കഴിഞ്ഞു. മത്സ്യ ഉൽപാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുവാൻ തീവ്രമായ സാങ്കേതിക വിദ്യകൾ സ്വീകരിക്കുമെന്ന് രേഖയിൽ പറയുന്നുണ്ട്. കടലിൽ മത്സ്യ കൃഷി നടത്തുകയെന്നതാണ് കേന്ദ്ര സർക്കാർ തീരുമാനം. ലാഭക്കണ്ണോടെ മത്സ്യ കൃഷിക്ക് എത്തുന്നവരുടെ ലക്ഷ്യം കയറ്റുമതി സാധ്യതയുള്ള മത്സ്യങ്ങളുടെ ഉൽപാദനമാണ്. ഇതിനുള്ള പ്രധാന തീറ്റ ചെറുമത്സ്യങ്ങളാണ്. ഇത്തരം ചെറുമത്സ്യങ്ങളാണ് സാധാരണക്കാർക്ക് പ്രോട്ടീൻ നൽകുന്നത്. ചെറുമത്സ്യങ്ങൾ തീരത്തെത്താതെ കടലിൽ വൻ മത്സ്യങ്ങൾക്ക് തീറ്റയായി മാറിയാൽ അത് രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയെത്തന്നെ ബാധിക്കും. ഒരു കിലോ വൻ മത്സ്യം ഉൽപാദിപ്പിക്കുവാൻ വേണ്ടി വരുന്നത് ആറ് കിലോ ചെറിയ മത്സ്യമാണ്. ബ്ലൂ ഇക്കോണമി നയരേഖയിലെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് കടൽ ഖനനമാണ്. ശീർഷകത്തിൽ ഇത് വ്യക്തമായും പറയുന്നുണ്ട് തീരക്കടൽ മുതൽ ആഴക്കടൽ വരെയുള്ള ഖനനം. ലോകത്തിലെ വികസിത രാജ്യങ്ങൾപോലും തീരത്തിന്റെ പാരിസ്ഥിതിക പ്രാധാന്യം മനസിലാക്കി ആഴക്കടൽ ഖനനത്തിൽ മാത്രം കേന്ദ്രീകരിക്കുമ്പോൾ ഇന്ത്യയിൽ തീരക്കടൽ ഖനനവുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നു.


1991 മുതൽ തീരനിയന്ത്രണ വിജ്ഞാപനം നിലവിലുള്ള നാടാണ് നമ്മുടേത്. 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് തീരനിയന്ത്രണ വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. ഡോ. സ്വാമിനാഥൻ കമ്മറ്റിയുടെ ശുപാർശ പ്രകാരമാണ് തീരത്ത് നിന്നും 12 നോട്ടിക്കൽ മൈൽ കടലിലേക്കുള്ള ഭാഗം സി ആർ ഇസഡിന്റെ ഭാഗമാക്കിയത്. അതെല്ലാം തകർത്തെറിഞ്ഞാണ് പുത്തൻ നീക്കം നടത്തുന്നത്. സൂര്യപ്രകാശം കടലിന്റെ അടിത്തട്ട് വരെയെത്തുന്ന ഈ ഭാഗത്താണ് മത്സ്യപ്രജനനം നടക്കുന്നത്. ഈ ഭാഗത്തുള്ള ഖനനം മത്സ്യസമ്പത്തിന്റെ സർവനാശത്തിന് ഇടവരുത്തും.

കരയിൽ നടത്തുന്ന ഖനനത്തിന്റെ പ്രത്യാഘാതം നേരിട്ടറിയുന്നവരാണ് നമ്മൾ. പല തീരദേശ ഗ്രാമങ്ങളും ഇല്ലാതായി. തീരക്കടലിലും, ആഴക്കടലിലും നടക്കുന്ന ഖനനം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ നാടിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. കേരളതീരത്തു നടക്കുന്ന കരിമണൽ ഖനനത്തെ ഫെഡറേഷൻ എതിർക്കുന്നതും അതുകൊണ്ട് തന്നെയാണ്. നദികളും കായലുകളും നിലനിൽപിനായി കേഴുകയാണ്. കയ്യേറ്റവും മലിനീകരണവും ഇവയെ തകർത്തു. ഇവയുടെ സംരക്ഷണത്തിനുള്ള പോരാട്ടവും തുടരുകയാണ്.

മുരാരി കമ്മറ്റിയുടെ ശുപാർശ പ്രകാരം ആഴക്കടൽ മത്സ്യബന്ധന ട്രോളറുകൾക്കുള്ള അനുവാദം നിർത്തിവച്ചിരുന്നത് കേന്ദ്ര സർക്കാർ പുനഃസ്ഥാപിച്ച് തുടങ്ങി. സമുദ്ര ജലനിരപ്പ് ഉയരുന്നതുമൂലം കടലാക്രമണം രൂക്ഷമാകുകയാണ്. ഇതിനൊപ്പം തീരക്കടൽ ആഴക്കടൽ ഖനനം, കടൽ മത്സ്യകൃഷി, തീരദേശത്ത് സ്ഥാപിക്കുന്ന കപ്പൽ പൊളിക്കുന്ന കേന്ദ്രങ്ങൾ, ടൂറിസം, തുറമുഖങ്ങളുടെ ശൃംഖല, അനുബന്ധ വ്യവസായങ്ങൾ, കോസ്റ്റൽ എംപ്ലോയ്മെന്റ് സോൺ എന്ന കപട വാഗ്ദാനം ഇവയെല്ലാം പ്രാവർത്തികമായാൽ തീരദേശ ജനത ഇവിടെ നിന്നും ആട്ടിയോടിക്കപ്പെടും. പുതിയ കേന്ദ്രനിയമവും ബ്ലൂ ഇക്കോണമി നയരേഖയും അതിനെ ലക്ഷ്യമാക്കിയുള്ളതാണ്. രാജ്യത്തിന്റെ ശുദ്ധജല തടങ്ങളായ നദികളും കായലുകളും നിലനിൽപിനായി കേഴുകയാണ്. കയ്യേറ്റവും മലിനീകരണവും ഇവയെ തകർത്തു. ഇവയുടെ സംരക്ഷണത്തിനുള്ള പോരാട്ടവും തുടരുകയാണ്.

അഡ്വ. സി.ബി. സ്വാമിനാഥൻ
ഐഎഎൽ സംസ്ഥാന ജനറൽ സെക്രട്ടറി






# ഭരണഘടന സംരക്ഷണം പൗരന്റെ പ്രാഥമിക കടമയാകണം

ഭരണഘടനയുടെ ആമുഖം ആരംഭിക്കുന്നത് “നമ്മൾ ഭാരതത്തിലെ ജനങ്ങൾ” എന്ന വാക്കുകളോടെയാണ്. നമ്മൾ ഭാരതത്തിലെ ജനങ്ങൾ ഭാരതത്തെ ഒരു പരമാധികാര സ്ഥിതി സമത്വ മത നിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്ക് ആയി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരൻമാർക്കും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യം, സ്ഥാനമാനങ്ങൾ അവസരങ്ങൾ എന്നിവയിലെ സമത്വം എന്നിവ ഉറപ്പു വരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പു വരുത്തുന്ന ഭാതൃഭാവം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്ത് കൊണ്ട് നമ്മുടെ ഭരണഘടന 1949 നവംബർ 26-ന് അംഗീകരിക്കപ്പെട്ടു.

ഭരണഘടന സംരംക്ഷണം വർത്തമാനകാല രാഷ്ട്രീയ ഉത്തരവാദിത്വമാണ്. ഒരു രാജ്യത്തിന്റെ ഭരണ സംവിധാനത്തെ സംബന്ധിക്കുന്ന നിയമങ്ങളും ചട്ടങ്ങളുമാണ് ഭരണഘടന. ഭരണനിർവ്വഹണം നിയമ നിർമ്മാണം നിതിന്യായപരിപാലനം തുടങ്ങി ഭരണയന്ത്രത്തിന്റെ നടപടികളും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെയെല്ലാം നിർവ്വചനവും പ്രായോഗിക മാർഗ്ഗരേഖയും ഭരണഘടനയിലുണ്ട്. ഭരണഘടനയുടെ 3-ാം ഭാഗമായ മൗലികാവകാശങ്ങൾ 24 വകുപ്പുകളിൽ അടങ്ങിയിരിക്കുന്നു. നാലാം ഭാഗം രാഷ്ട്ര നിർദേശക തത്ത്വങ്ങളാണ്. വിവിധ രാഷ്ട്രങ്ങളിലെ ഭരണഘടനകളിൽനിന്ന് മികച്ചതെല്ലാം തിരഞ്ഞെടുത്താണ് നമ്മൾ ഭരണഘടന രൂപ കൽപന ചെയ്തത് .

ഭരണഘടനയുടെ ആമുഖം വായിക്കുന്നത് പോലും ഒരു കുറ്റമായി കാണുന്ന സമൂഹത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ഇന്ത്യൻ ജനതയുടെ വിശുദ്ധ ഗ്രന്ഥമാണ് ഭരണ

ഘടന. മതരാഷ്ട്രമോ മതനിരപേക്ഷ രാഷ്ട്രമോ എന്ന കാര്യത്തിൽ ഭരണഘടന അസംബ്ലിയിലെ തർക്കത്തിനൊടുവിൽ ഇന്ത്യ മതനിരപേക്ഷ രാജ്യമായി അംഗീകരിച്ചു. മതരഹിത രാജ്യമോ ദൈവ രഹിത രാഷ്ട്രമോ അല്ലയെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ജീവിക്കാനുള്ള അവകാശം പൗരന് ഭരണഘടന ഉറപ്പു നൽകുന്നു. ആ രാജ്യത്ത് ഭരണഘടനയെ സംരക്ഷിക്കാൻ ജനങ്ങൾ രംഗത്തിറങ്ങേണ്ട സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്.

സ്വതന്ത്രനാകുന്നതിനുള്ള സ്വാതന്ത്ര്യത്തേക്കാൾ വലുതായി ഒന്നുമില്ല എന്നുദ്ഘോഷിച്ച ഡോക്ടർ രാജേന്ദ്ര പ്രസാദിന്റെ നാട്ടിൽ ഇന്ത്യൻ ഭരണഘടനയുടെ ആദ്യത്തെ ഭേദഗതി തന്നെ മൗലീകാവകാശങ്ങൾ പരിമിതപ്പെടുത്തുന്നതായിരുന്നുവെന്നതും ചരിത്ര വസ്തുതയാണ്. തുല്യതയും ജീവിക്കാനുള്ള അവകാശവുമാണ് ഭരണഘടനയുടെ കാതൽ. രാജ്യത്തിനകത്ത് എല്ലാ വ്യക്തികൾക്കും നിയമത്തിന്റെ മുൻപിൽ സമത്വവും നിയമപരമായ തുല്യ സംരക്ഷണവും ഉറപ്പു വരുത്തുന്നതാണ്. മൗലീകാവകാശങ്ങൾക്ക് എതിരായ ഏത് നിയമവും അസാധുവാണെന്നു ഭരണഘടന വിഭാവനം ചെയ്യുന്നുണ്ട്. 1949 ആഗസ്റ്റ് 25 ന് ഭരണഘടന അസംബ്ലിയിലെ സമാപന പ്രസംഗത്തിൽ "ഭരണഘടന എത്ര നല്ലതാണെങ്കിലും അത് നടപ്പിലാക്കുന്നവർ നല്ലതല്ലെങ്കിൽ അത് ചീത്ത"യായി മാറുമെന്ന അബേദ്കറിന്റെ വാക്കുകൾ എത്രയോ കാലിക പ്രസക്തമാണ്. എക്സിക്യൂട്ടീവിന്റെയും പാർലിമെന്റിന്റേയും ജൂഡീഷ്യറിയുടെയും അധികാരങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം ഓരോ സംവിധാനത്തിന്റേയും അധികാര പരിധികൾ ലംഘിക്കപ്പെടാതിരിക്കുവാൻ പുലർത്തേണ്ട ജാഗ്രതയും നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

നീതിന്യായ സംവിധാനത്തിന്റെ നിഷ്പക്ഷത രാഷ്ട്രശരീരത്തിൽ ആധിപത്യമായി മാറാൻ പാടില്ല എന്നും ജുഡീഷ്യൽ ആക്റ്റിവിസം ജനാധിപത്യത്തിന്റെ വേരുറുക്കാതെ കാത്ത് സംരക്ഷിക്കേണ്ട ബാധ്യതയുണ്ടെന്നും ഭരണഘടന തത്ത്വങ്ങൾ നമ്മെ ബോധ്യപെടുത്തുന്നുണ്ട്. ഭരണഘടനയുടെ സംരക്ഷണം സുപ്രിംകോടതിയിൽ നിക്ഷിപ്തമാണ്. എന്നാൽ ഭരണഘടനയിലില്ലാത്ത കൊളിജീയം എന്ന സമ്പ്രദായം വഴി ജഡ്ജിമാരെ ജസ്ജിമാർ നിയമിക്കുന്ന ലോകത്തിലെ ഏക രാജ്യം ഇന്ത്യയാണെന്ന വസ്തുത നാം വിസ്മരിക്കരുത്. ഇന്ത്യൻ നിയമങ്ങൾ ഭരണഘടനക്ക് അനുസൃതമാണോയെന്ന് പരിശോധിക്കുന്നതിനും യുക്തിപരമായ നിയന്ത്രണങ്ങൾ അതാത് കാലത്തിന് അനുസരിച്ച് വ്യാഖ്യാനിക്കുന്നതിനും സുപ്രീംകോടതിക്ക് അധികാരമുണ്ട്. യഥാർത്ഥത്തിൽ ഒരു നിയമം ഭരണഘടനയ്ക്ക് ചേരുന്നതാണോയെന്ന് ആദ്യം പരിശോധിക്കേണ്ടത് പാർലിമെന്റാണ്. പക്ഷെ നിയമനിർമ്മാണത്തിൽ കാര്യമാത്രമായ ചർച്ചകൾ നടത്താതെ പാസ്സാക്കിയെടുത്ത ലാഘവ ബുദ്ധിയാണ് ഇന്ത്യൻ പാർലമെന്റിനുള്ളതെന്ന് എത്രയോ കിരാത നിയമങ്ങൾ ജനങ്ങളോട് പറയുന്നു.

ഇന്ത്യയിലെ കാർഷികനിയമങ്ങൾ ചർച്ചചെയ്യാതെ പാസ്സാക്കിയ പാരലമെന്റിന് എങ്ങനെ ഭരണഘടന യുടെ സൂക്ഷിപ്പുകാരനാകാൻ കഴിയുമെന്നതും എന്നതും ചിന്തനീയമാണ്. ജനാധിപത്യമെന്നാൽ ഭൂരിപക്ഷത്തിന്റെ സേഛാധിപത്യമല്ലന്നും ജൂഡിഷ്യൽ റിവ്യൂ ഭരണഘടനയുടെ ഭാഗമായ വിയോജിക്കാനുള്ള സ്വാതന്ത്ര്യത്തെ സംരക്ഷിക്കാനാണ് എന്നും സംഘപരിവാർ ശക്തികൾ മനസിലാക്കി വരുന്നതേയുള്ളു.

ഇന്ത്യയിലെ അതിർത്തികൾക്കുള്ളിൽ ജനിക്കുന്ന ഏതൊരു കുഞ്ഞും ഇന്ത്യൻ പൗരനായിരിക്കുമെന്ന നിയമത്തെ മാറ്റിയത് 1986 ൽ ശ്രീ. രാജീവ്ഗാന്ധി കൊണ്ടുവന്ന ഭേദഗതിയാണ്. ജനിക്കുന്ന കുഞ്ഞിന്റെ മാതാപിതാക്കളിലൊരാൾ ഇന്ത്യൻ പൗരനായിരിക്കണമെന്ന നിയമംകൊണ്ടു വന്നു. 2016 ൽ കേന്ദ്ര സർക്കാർ 1955-ലെ പൗരത്വ നിയമ ഭേദഗതി ബിൽ അവതരിപ്പിച്ചു. മൂന്ന് രാജ്യങ്ങളിലെ ആറു വിഭാഗങ്ങളിൽപ്പെട്ട കുടിയേറ്റക്കാർക്ക് പൗരത്വം നലകുന്നതിനാണ് ഭേദഗതി കൊണ്ടുവന്നത്. 2019 ജനുവരി 7-ന് ലോകസഭ ആ ബിൽ പാസ്സാക്കി. രാജ്യസഭയിൽ അവതരിപ്പിച്ചില്ല. ലോക്സഭയുടെ കാലാവധി കഴിഞ്ഞതിനെ തുടർന്ന് ബിൽ ലാപ്സായി. 2019 ഡിസംബറിൽ പുതിയ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു പാസ്സാക്കി. പ്രസിഡന്റ് ഒപ്പു വെച്ചതിനെത്തുടർന്ന് നിയമമായി. മതത്തെ അടിസ്ഥാനപ്പെടുത്തി പൗരത്വം നൽകുന്ന ബിൽ പാസാക്കിയാണ് മതേതരരാഷ്ട്രം സായൂജ്യടഞ്ഞത്. സർക്കാരിനെതിരായുള്ള വിമർശനമാണ് ജനാധിപത്യത്തിന്റെ ഹൃദയമെന്ന ഫെഡറൽ കോടതി വിധി പ്രസ്താവന നടത്തിയ രാജ്യത്താണ് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 124 (എ) എന്ന രാജ്യദ്രോഹം എന്ന കുറ്റം ചുമത്തി കേന്ദ്രസർക്കാർ ജനങ്ങൾക്കുമേൽ ക്രൂരമായ താണ്ഡവം നടത്തുന്നത് എന്ന് നമ്മൾ കണ്ണു തുറന്ന് കാണേണ്ടിയിരിക്കുന്നു .

യഥാർത്ഥത്തിൽ ഇന്ത്യൻ ഭരണഘടന വ്യത്യസ്ത ചിന്താധാരകളുടെ ഏറ്റമുട്ടലിന്റെ ഉൽപ്പന്നമാണ്. ഇഷ്ടമുള്ള വിശ്വാസത്തിനനുസരിച്ച് ജീവിക്കുന്നതിന് മാത്രമല്ല അത് പ്രചരിപ്പിക്കുന്നതിനുള്ള അവകാശവും ഭരണഘടന ഉറപ്പു നലകുന്നുണ്ട്. രാഷ്ട്രം മതത്തിലിടപെടാൻ പാടില്ല. എല്ലാം മതങ്ങൾക്കും തുല്യമായ ആദരവ് നല്കണം. ഭരണകൂടത്തിന്റെ രക്ഷാകർതൃത്വം ഒരു മതത്തിനും ലഭിക്കില്ല. മതാചാരത്തിന്റെ ഭാഗമാണെങ്കിലും സാമ്പത്തികവും ധനപരവും രാഷ്ട്രീയവും മതനിരപേക്ഷവുമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനോ നിരോധിക്കാനോ ഉള്ള നിയമ നിർമ്മാണത്തിൽ മതസ്വാതന്ത്ര്യത്തിന്റെ മൗലീകവകാശം തടസ്സമാകില്ല. മത ന്യൂനപക്ഷങ്ങൾക്കു രാഷ്ട്രീയ സംവരണവും വിദ്യാഭ്യാസ സംരക്ഷണവും ആർട്ടിക്കിൾ 29, 30കളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങൾക്കായി 350 (എ) 350 (ബി) വകുപ്പകൾ അവതരിപ്പിച്ചു. ഭരണഘടന 1950 ജനവരി 26-ന് നിലവിൽവന്നു. എന്നിട്ടും ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഇന്നും മരീചികയാണ്.

ഭരണഘടന സംരക്ഷണം പൗരന്റെ വർത്തമാനകാല രാഷ്ട്ര ദൗത്യമാണ്. നമ്മുടെ ഭരണഘടനയെകുറിച്ച് നമുക്ക് അഭിമാനമുണ്ട്. എന്നാൽ കേന്ദ്ര ഭരണാധികാരികൾ ജനാധിപത്യ സ്ഥാപനങ്ങൾക്ക് നേരെ നടത്തുന്ന വിധംസക പ്രവർത്തനങ്ങൾ ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ മൂല്യങ്ങൾക്ക് മങ്ങലേൽപ്പിക്കുന്നു. വ്യക്തി സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണമെന്ന ചിന്തപോലും ഭരണകൂടങ്ങൾക്കില്ല. മൗലികാവകാശങ്ങൾ സംരക്ഷിക്കുവാൻ ജനങ്ങൾ എന്നും എപ്പോഴും കോടതികളെ ആശ്രയിക്കേണ്ടി വരുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ല.

ശാസ്ത്ര സാങ്കേതിക വിജ്ഞാനത്തിന്റെ മുന്നേറ്റത്തിൽ രാജ്യവും ജനങ്ങളും പുരോഗതി പ്രാപിക്കവേ, ജനങ്ങളുടെ ജീവിതത്തിനുമേൽ കനത്ത ഭാരമേറ്റുന്ന ഭരണകൂടങ്ങൾക്ക് എതിരെയുള്ള പോരാട്ടങ്ങളും ഭരണഘടനയുടെ സംരക്ഷണത്തിനുള്ള പ്രവർത്തനങ്ങളാണ്. ഭരണഘടന സംരക്ഷണം പൗരന്റെ പ്രാഥമിക കടമയായി കാണേണ്ട കാലം വന്നെത്തിയിരിക്കുന്നു .

# എയർ ഇൻഡ്യ ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിനെതിരേ നവംബർ 16-ന് സംഘടിപ്പിച്ച ബഹുജന സമര സദസ്സ്












എം. ശിവകുമാർ
ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ വർക്കിംഗ് പ്രസിഡന്റ്



# ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയന്റെ ചരിത്രം




ഇന്ത്യയിൽ ആദ്യമായി തിരുവിതാംകൂറിൽ ശ്രീചിത്തിരതിരുനാൾ രാജാവ് നാടുവാഴിയായിരുന്നപ്പോൾ ആരംഭിച്ചതാണ് പൊതുമേഖലയിലുള്ള ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്. ലണ്ടനിൽ നിന്ന് കെ. ജി. സാൾട്ടർ എന്ന സായിപ്പിനെ വരുത്തി ഇതിന്റെ ആദ്യത്തെ ഡയറക്ടറായി നിയമിച്ചു. 1937 ലാണ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ് ആരംഭിച്ചത്. ലണ്ടനിൽ നിന്നും ഷാസിയും, ഇഞ്ചിനും വരുത്തി ഇവിടെ ബോഡി നിർമ്മിച്ചാണ് സർവ്വീസ് തുടങ്ങിയത്. തുടക്കത്തിൽ 60 ബസ്സുകളാണ് ഉണ്ടായിരുന്നത്. 1938 ഫെബ്രുവരി 20–ാം തീയതി കവടിയാർ രാജകൊട്ടാരത്തിൽ നിന്നും രാജകുടുംബാംഗങ്ങളെ കയറ്റി കിഴക്കേകോട്ടയിലെ ശ്രീപത്മനാഭസ്വാമി ക്ഷേത്ര മുറ്റത്തേക്കായിരുന്നു ആദ്യ യാത്ര. കെ. ജി. സാൾട്ടർ തന്നെയായിരുന്നു ആ ബസ്സിന്റെ ഡ്രൈവറും.

1938 ഫെബ്രുവരി 21–ാം തീയതി തമ്പാനൂരിൽ നിന്നും കന്യാകുമാരിയിലേക്കാണ് യാത്രക്കാരെ കയറ്റി ആദ്യ യാത്ര ആരംഭിച്ചത്. അക്കാലത്ത് ഇതിൽ പണിയെടുക്കുന്ന തൊഴിലാളികൾ വളരെയധികം പീഢനം സഹിച്ചാണ് ജോലി ചെയ്തുകൊണ്ടിരുന്നത്. തൊഴിലാളികളെ മർദ്ദിക്കുന്നത് പതിവായിരുന്നു. അങ്ങനെയിരിക്കുമ്പോൾ 1946 ആഗസ്റ്റ് മാസത്തിൽ നാമെല്ലാം ആശാൻ എന്ന അപര നാമത്തിൽ വിളിക്കുന്ന കെ. വി. സുരേന്ദ്ര നാഥ് പുളിമൂട്ടിലുള്ള പത്ര പ്രവർത്തകരുടെ ആഫീസിൽ തൊഴിലാളികളെ വിളിച്ചുകൂട്ടി ആരംഭിച്ച ട്രാൻസ്പോർട്ട് നോൺ പെൻഷബിൾ യൂണിയനാണ് തിരുവിതാംകൂറിലെ ഗവൺമെന്റ് സർവ്വീസിലെ ആദ്യത്തെ യൂണിയൻ. അന്ന് ആ യോഗത്തിൽ പങ്കെടുത്ത രണ്ട് തൊഴിലാളികൾ ഞാൻ സർവ്വീസിൽ വരുമ്പോഴും ജീവനക്കാരായി ഉണ്ടായിരുന്നു. അതിൽ ഒരാൾ എ.ഐ.ടി.യു.സി. ഓഫീസിന്റെ സെക്രട്ടറിയായിരുന്ന സോമൻ സഖാവിന്റെ പിതാവ് ഗോപി ആയിരുന്നു. അദ്ദേഹം തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നാണ് വിരമിച്ചത്. രണ്ടാമത്തെ ആൾ നെടുമങ്ങാട് നിന്ന് വിരമിച്ച അപ്പുക്കുട്ടൻ ആശാരി ആയിരുന്നു. ഈ യൂണിയന്റെ ആദ്യ പ്രസിഡന്റ് മുത്തുകറുപ്പ പിള്ളയും ജനറൽ സെക്രട്ടറി രാമസ്വാമി പിള്ളയും ആയിരുന്നു. 1948–ൽ ട്രാൻസ്പോർട്ട് സെൻട്രൽ വർക്സിൽ ആണ് ആദ്യമായി തൊഴിലാളികൾ പണിമുടക്കിയത്. മെക്കാനിക്കൽ സ്റ്റാഫിൽപ്പെട്ട ഒരു തൊഴിലാളിയെ ഓഫീസർ ചെകിട്ടത്ത് അടിച്ചതിൽ പ്രതിഷേധിച്ചായിരുന്നു പണിമുടക്ക്.

1950–ൽ മുൻ മുഖ്യമന്ത്രിയായിരുന്ന പട്ടം താണുപിള്ള ഈ യൂണിയന്റെ പ്രസിഡന്റായിരുന്നു. അന്ന് അദ്ദേഹം 14 ആവശ്യങ്ങൾ അടങ്ങിയ മെമ്മോറണ്ടാം സമർപ്പിക്കുകയും അത് നടപ്പിലാക്കാൻ വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. 1952 ലെ ഇലക്ഷൻ കഴിഞ്ഞപ്പോൾ അദ്ദേഹം തിരുകൊച്ചിയിലെ മുഖ്യമന്ത്രിയാവുകയും സ്ഥാനം ഒഴിയുകയും ചെയ്തു. അങ്ങനെ അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന റ്റി. വി. തോമസ്സ് യൂണിയന്റെ പ്രസിഡന്റാവുകയും കെ. വി. സുരേന്ദ്രനാഥ് ജനറൽ സെക്രട്ടറിയായി ചുമതലയേൽക്കുകയും ചെയ്തു.

വിധി വൈപരീത്യം എന്ന് പറഞ്ഞാൽ മതി. പട്ടം താണുപിള്ള പ്രസിഡന്റായി സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ അദ്ദേഹം തന്നെ മുഖ്യമന്ത്രിയായിരുന്നപ്പോൾ തൊഴിലാളിക്ക് നിഷേധിക്കുകയാണ് ചെയ്തത്. അങ്ങനെയാണ് 1954 ലെ ഐതിഹാസികമായ പണിമുടക്ക് നടന്നത്. അന്ന് തൊഴിലാളികളെക്കാൾ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അത് ഏറ്റെടുത്തത്. അന്ന് വളരെയധികം കമ്മ്യൂണിസ്റ്റ് നേതാക്കൾ പീഢനം അനുഭവിക്കേണ്ടി വന്നു. പിൽക്കാലത്ത് സി.പി.ഐയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന വെളിയം ഭാർഗ്ഗവന്റെ മീശയുടെ ഒരു ഭാഗം പോലീസുകാർ പിഴുതെടുത്ത കഥ അദ്ദേഹം വിവരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് കെ. അനിരുദ്ധനേയും ഇ. പത്മനാഭനേയും, ഫക്കീർഖാനെയും തലയിലും കാലിലും പിടിച്ച് പോലീസ് ജീപ്പിനുള്ളിൽ എടുത്തെറിയുന്നത് കേരളകൗമുദി പ്രസിദ്ധീകരിച്ചിരുന്നു. അങ്ങനെ കൊടും മർദ്ദനമുറകളാണ് അന്ന് നടത്തിയത്. ജീവനക്കാരായ സത്യരാജ പണിക്കർ, പി.കെ.രാമൻ എന്നിവരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. അവരെ അറസ്റ്റ് ചെയ്ത് കൈയ്യിൽ വിലങ്ങിട്ട് റോഡിലൂടെ നടത്തിയാണ് കൊണ്ടുപോയത്.

ആ സമരം കേരളകൗമുദി പത്രാധിപരായിരുന്ന സുകുമാരൻ മദ്ധ്യസ്ഥനായി ഇടപെട്ടാണ് തീർന്നത്.

തുടർന്ന് 1957-ൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് സർക്കാരിൽ റ്റി.വി.തോമസ്സായിരുന്നു ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രി. അദ്ദേഹമാണ് ആദ്യമായി ഗ്രാറ്റുവിറ്റി, ബോണസ്സ്, പെൻഷൻ, ഡ്രൈവർ മാർക്ക് വെഹിക്കിൾ സൂപ്പർവൈസർ പ്രൊമോഷൻ തുടങ്ങി 1954-ൽ ഉന്നയിച്ച എല്ലാ ആവശ്യങ്ങളും നടപ്പിലാക്കിയത്. എന്നുമാത്രമല്ല ഡയറക്ടർ ബോർഡിൽ തൊഴിലാളികളിൽ നിന്നും രണ്ട് പേരെ തെരഞ്ഞെടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം സ്ഥാനാർത്ഥിയായി നിശ്ചയിച്ച ജോർജ്ജ് ചടയംമുറിയെ ട്രാൻസ്പോർട്ട് തൊഴിലാളികൾ തോൽപ്പിക്കുകയാണുണ്ടായത്. പകരം വരദരാജൻ നായരുടെ നോമിനിയെ ജയിപ്പിക്കുകയും ചെയ്തു. "ഇതാണ് ട്രാൻസ്പോർട്ട് തൊഴിലാളി"യെന്ന് അന്ന് റ്റി.വി. തോമസ്സ് അഭിപ്രായപ്പെടുക കൂടിയുണ്ടായി.

ഈ കാലഘട്ടത്തിലാണ് തമ്പാനൂരിൽ യൂണിയന് ആസ്ഥാന മന്ദിരം പണിയാൻ ആശാൻ സ്ഥലം വാങ്ങിയത്. 1960-ൽ സഖാവ് റ്റി. വി. തോമസ്സാണ് ആസ്ഥാന മന്ദിരത്തിന് തറക്കല്ലിട്ടത്. അതുകൊണ്ടാണ് പിൽക്കാലത്ത് റ്റി.വി.സ്മാരകം എന്ന് ആ മന്ദിരത്തിന് പേരിട്ടത്. ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ശമ്പള പരിഷ്കരണത്തിനുവേണ്ടി യൂണിയന്റെ ജനറൽ സെക്രട്ടറി കെ.വി.സുരേന്ദ്രനാഥ് 1962-ൽ സെക്രട്ടേറിയേറ്റന് മുമ്പിൽ അനിശ്ചിത കാലനിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയുണ്ടായി. 12-ാം ദിവസം സമരം ഒത്തുതീർപ്പുമായി. അങ്ങനെയാണ് കുമാരപിള്ള കമ്മീഷൻ നിയമിതമാകുന്നത്. ഈ കമ്മീഷന്റെ മുമ്പിൽതൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ചു കൊണ്ടിരുന്നപ്പോൾ സംസ്ഥാന സെക്രട്ടറിയായിരുന്ന സഖാവ് പി. കെ. രാമൻ കുഴഞ്ഞുവീഴുകയും മരണത്തിന് കീഴ്പ്പെടുകയും ചെയ്ത ദാരുണ സംഭവവുമുണ്ടായി.

1965 ഏപ്രിൽ ഒന്നിന് 1950-ലെ റോഡ് ട്രാൻസ്പോർട്ട് ആക്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി. നിലവിൽ വന്നു. അന്നു മുതലാണ് യൂണിയന്റെ പേര് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ എന്നായത്. 1965-ലെ ഇലക്ഷനിൽ ഒരു പാർട്ടിക്കും ഭൂരിപക്ഷം കിട്ടാതെ വന്നപ്പോൾ ഗവർണ്ണർ ഭരണം നിലവിൽ വന്നു. ആ സമയം കെ. വി. സുരേന്ദ്രനാഥ് വീണ്ടും സത്യാഗ്രഹ സമരം പ്രഖ്യാപിച്ചപ്പോൾ തന്നെ കുമാര പിള്ള കമ്മീഷൻ നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് പുറത്തിറങ്ങി. 1968-ൽ ഐക്യമുന്നണി മന്ത്രിസഭയിൽ ഇമ്പിച്ചിബാവ ട്രാൻസ്പോർട്ട് മന്ത്രിയായിരുന്നപ്പോൾ എംപ്ലോയീസ് യൂണിയൻ നടത്തിയ പണിമുടക്കിന്റെ ഫലമായി 19% ബോണസ്സ് തൊഴിലാളിക്ക് ലഭിക്കുകയുണ്ടായി. റ്റി.വി.തോമസ്സ് മന്ത്രിയായിരുന്ന രണ്ട് പ്രാവശ്യം സഖാവ് ജോർജ്ജ് ചടയമ്മുറിയും, ബാലചന്ദ്രമേനോനും യൂണിയന്റെ താൽക്കാലിക പ്രസിഡന്റ് ആയിരുന്നിട്ടുണ്ട്. തുടർന്ന് 1969-ൽ അച്ചുതമേനോൻ മന്ത്രിസഭ അധികാരത്തിൽ വന്നു. ഈ സമയം ഇമ്പിച്ചി ബാവ കെ.എസ്. ആർ.ടി.സിയിൽ നിയമിച്ച അനധികൃത നിയമ നങ്ങളിൽ 240 ഡ്യൂട്ടി തികയാത്തവരെ പിരിച്ചു വിടുകയും കെ.എസ്.ആർ.ടി.സിയിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടുകയും ചെയ്തു. ഇതിനെതിരെയാണ് അസോസിയേഷൻ പണിമുടക്ക് നടത്തിയത്. പണിമുടക്കിനിടക്ക് കണ്ണൂരിൽ നിന്നും 50 പേരെ കയറ്റി യാത്ര തിരിച്ച ട്രാൻസ്പോർട്ട് ബസ്സിനെ മട്ടന്നൂരിൽ വച്ച് തടയുകയും ബസ്സിൽ പെട്രോളൊഴിച്ച് തീവയ്ക്കുകയും ചെയതു. ആ ബസ്സിലുണ്ടായിരുന്ന ഡ്രൈവർ അടക്കം മൂന്നുപേർ വെന്ത് മരിച്ചു. അതിന് മുൻപോ പിൻപോ ഇങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. അച്ചുതമേനോൻ മുഖ്യമന്ത്രി പദം രാജിവയ്ക്കാൻ വരെ ആലോചിച്ചത് അപ്പോഴായിരുന്നു. മരണം വരെ അദ്ദേഹത്തെ അലട്ടിയ ഒരു സംഭവമായിരുന്നു അതെന്ന് അച്ചുതമേനോൻ തന്നെ വെളിപ്പെടുത്തിയിരുന്നുവെന്ന് "ജനാധിപത്യ കേരളത്തിൽ അച്ചുതമേനോൻ" എന്ന തൻെറ പുസ്തകത്തിൽ പ്രമുഖ മാധ്യമ പ്രവർത്തകനായ തെക്കുംഭാഗം മോഹനൻ രേഖപ്പെടുത്തിയിട്ടുണ്ട്.

1972-ൽ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കണമെന്ന ആവശ്യം യൂണിയൻ ഉയർത്തുകയും അന്നത്തെ മന്ത്രി എം.എൻ.കുഞ്ഞുകൃഷ്ണപിള്ളയെ കമ്മീഷനാക്കി നിയമിക്കുകയും ചെയ്തു. ആ കമ്മീഷനാണ് 1973-ൽ എം.എൻ. നടപ്പിലാക്കിയത്. അതിലാണ് ഒരു ഷെഡ്യൂളിന് പതിനൊന്നര തൊഴിലാളിയെന്ന മാനദണ്ഡം നടപ്പിലായത്. പ്രൊമോഷനുകൾ, ട്രാൻസ്ഫർ ഗൈഡ്ലൈൻ, ഒരു ദിവസം ഒരു ബസ് ബോഡി നിർമ്മാണം, 4 മണിക്കൂർ തിരുവനന്തപുരം-എറണാകുളം ടെറാപ്ലെയിൻ സർവ്വീസ് തുടങ്ങി വളരെയധികം പരിഷ്കാരങ്ങൾ നടപ്പിലാക്കി.

1973-ൽ 11% ബോണസ്സ് നൽകാം എന്ന മുഖ്യമന്ത്രിയുടേയും ട്രാൻസ്പോർട്ട്മന്ത്രിയുടെയും നിർദ്ദേശത്തെ തള്ളിക്കളഞ്ഞ് 14% ബോണസ്സ് വേണമെന്ന ആവശ്യവുമായി നടത്തിയ പണിമുടക്ക് 13-ാം ദിവസം എ.ഐ.ടി.യു.സിയും ഐ.എൻ.ടി.യു.സിയും സമരത്തിൽ നിന്നും പിൻമാറുകയും 15-ാം ദിവസം മറ്റെല്ലാവരും സമരം അവസാനിപ്പിക്കുകയും ചെയ്തു. ഈ പണിമുടക്കുമായി ബന്ധപ്പെട്ടാണ് കെ.എസ്.ആർ.ടി.സിയിലെ എല്ലാ യൂണിയനുകളും വിശേഷിച്ച സി.ഐ.ടി.യു. ആക്ഷേപം ചൊരിയുന്നത്. തൊഴിലാളികളെ ഇതര യൂണിയനിൽ നിന്ന് അകറ്റി അവരുടെ പക്ഷത്താക്കിയത് ഇതിലൂടെയാണ്. തൊഴിലാളികളുടെ ഇപ്പോഴത്തെ അവരുടെ അവസ്ഥ ആലോചിച്ചാൽ എ.ഐ.ടി.യു.സിയുടെ ആ ചെയ്തിയെ കുറ്റം പറയാൻ കഴിയുമോ?

1978-ൽ കോഴിക്കോട് നടന്ന സംസ്ഥാന സമ്മേളനത്തിലാണ് ട്രാൻസ്പോർട്ട് തൊഴിലാളി തന്നെ യൂണിയന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയാകണമെന്ന തീരുമാനം എടുത്തത്. അങ്ങനെയാണ് വക്കം രവീന്ദ്രൻ ആ സ്ഥാനം ഒഴിയുകയും പി. പ്രഭാകരൻനായർ ജനറൽ സെക്രട്ടറിയാവുകയും ചെയ്തത്. തുടർന്ന് സത്യരാജപണിക്കർ, പി. വേണുഗോപാലൻ നായർ, ജി. ബാലകൃഷണ്ൻ നായർ എന്നിവർ ആ സ്ഥാനം വഹിച്ചു.

1978-ൽ പി. കെ. വി. മന്ത്രിസഭയുടെ കാലത്താണ് ട്രേഡ് യൂണിയനുകളുമായി നേരിട്ട് ചർച്ച നടത്തി കരാർ ഉണ്ടാക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സഖാവ് കെ. സി. മാത്യു ശമ്പള പരിഷ്കരണത്തിന്റെ ശില്പിയെന്ന് അന്നത്തെ എം.ഡി. ബാബുപോൾ വിശേഷിപ്പിച്ച കരാർ 1979-ൽ ഒപ്പുവച്ചത്. 1965-നുശേഷം പെൻഷൻ ഇല്ലാതിരുന്നതിനാൽ യൂണിയൻ നിരന്തരം അതിനു വേണ്ടി ശബ്ദമുയർത്തിയിരുന്നു. 1982-ൽ കെ. സി. മാത്യു അഖില ലോക ട്രാൻസ്പോർട്ട് തൊഴിലാളി സംഘടനയുടെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്ത് ബുഡാപസ്റ്റിൽ പോയപ്പോൾ പകരം സഖാവ് കെ.എ.രാജൻ എം.പി.യെ പ്രസിഡന്റായും പിൽക്കാലത്ത് ഹൈക്കോടതി ജഡ്ജിയായ കെ. ബാലകൃഷ്ണൻ നായരെ യൂണിയന്റെ വർക്കിംഗ് പ്രസിഡന്റായും തെരഞ്ഞെടുക്കുകയും

ചെയ്തു. 1984-ൽ യൂണിയന്റെ പ്രസിഡന്റായി സഖാവ് പി.എസ്.ശ്രീനിവാസൻ ചുമതലയേറ്റു. 1983-ലെ സംസ്ഥാന ബഡ്ജറ്റിൽ ധനകാര്യമന്ത്രിയായിരുന്ന കെ. എം. മാണി വയനാട്ടിൽ പുതിയ ഒരു ട്രാൻസ്പോർട്ട് കോർപ്പറേഷനുവേണ്ടി 50 ലക്ഷം രൂപ പ്രഖ്യാപിച്ചു. അതിനെതിരെ അതിശക്തമായ സമരം നടന്നു. ആ സമരത്തിന്റെ അവസാനം വയനാടൻ കമ്പനി നിർദ്ദേശം പിൻവലിക്കപ്പെട്ടു. തുടർന്ന് കുറച്ചുനാൾ കഴിഞ്ഞ് കെ.എസ്.ആർ.ടി.സി മന്ത്രി മാറുകയും സുന്ദരം നാടാർ മന്ത്രിയാകുകയും ചെയ്തു. അദ്ദേഹമാണ് 1984 ഏപ്രിൽ 1 മുതൽ ട്രാൻസ്പോർട്ട് തൊഴിലാളിക്ക് 1965 ഏപ്രിൽ 1 മുതൽ നിഷേധിച്ചിരുന്ന പെൻഷൻ പുനഃസ്ഥാപിച്ചത്.

വയനാടൻ കമ്പനിക്കെതിരായ സമരം വിജയിച്ചതിന്റെ വൈരാഗ്യം തീർക്കാനും തൊഴിലാളി സംഘടനകളെ ഭിന്നിപ്പിക്കാനുമായി ജയറാം പടിക്കൽ എന്ന കെ.എസ്.ആർ.ടി.സി എം.ഡി. അംഗീകാരമുണ്ടായിരുന്ന 14 യൂണിയനുകളിൽ 8 യൂണിയനുകളുടെ അംഗീകാരം പിൻവലിച്ചു. ഇതിനെതിരെ കോസല രാമദാസ് സുപ്രീം കോടത ിയിൽ കേസ് ഫയൽ ചെയ്തു. എന്റെ യൂണിയന് 20% തൊഴിലാളികൾ ഉണ്ട്.; അതുകൊണ്ട് അംഗീകാരം തരണമെന്ന ആവശ്യം ഉന്നയിച്ചു. കോടതി 20% തൊഴിലാളികളുണ്ടെങ്കിൽ അംഗീകാരം കൊടുക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ജയറാം പടിക്കൽ കെ.എസ്.ആർ.ടി.സിയിൽ റഫറണ്ടം പ്രഖ്യാപിച്ചു. അത് പരസ്യ ബാലറ്റിലൂടെ തൊഴിലാളികൾ അവരുടെ യൂണിയന്റെ ലറ്റർ പാഡിൽ പേരെഴുതി ബാലറ്റ് ബോക്സിൽ ഇടണമെന്നായിരുന്നു തീരുമാനം. കേന്ദ്ര ട്രേഡ് യൂണിയനുകൾ പരസ്യ ബാലറ്റിനെ എതിർക്കുകയും രഹസ്യ ബാലറ്റിലൂട മാത്രമേ റഫറണ്ടം നടത്താവൂയെന്ന് പ്രഖ്യാപിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തലാണ് ഈ റഫറണ്ടം ബഹിഷ്കരിക്കാൻ എ.ഐ.ടി.യു.സി തീരുമാനിച്ചത്. എന്നാൽ ട്രാൻസ്പോർട്ടിലെ സി.ഐ.ടി.യു. റഫറണ്ടത്തിൽ പങ്കെടുക്കുകയും 26% വോട്ട് നേടി അംഗീകാരമുള്ള ഏക അംഗീകൃത സംഘടനയായി മാറുകയും ചെയ്തു. അങ്ങനെ അവരുമായി ചർച്ച നടത്തി ഒരു എഗ്രിമെന്റ് ഒപ്പുവച്ചു. അത് തൊഴിലാളിക്ക് ഒരുപാട് ദോഷം വരുന്ന എഗ്രിമെന്റ് ആയിരുന്നു. അത് ഇവിടെ നടപ്പിലാക്കാൻ കഴിഞ്ഞില്ല. കാരണം 26% മാത്രം അംഗീകാരമുള്ളവരുടെ കരാർ 74% പേരുടെ എതിർപ്പിൽ മുങ്ങിപ്പോയി.

ബാലകൃഷ്ണൻ നായർ വർക്കിംഗ് പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞ 1985-ൽ തേക്കട അലിയാരുകുഞ്ഞ് വർക്കിംഗ് പ്രസിഡന്റായി. 1987-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ സർക്കാരിൽ ട്രാൻസ്പോർട്ട് മന്ത്രിയായിരുന്ന ശങ്കരനാരായണ പിള്ള ഇടപെട്ട് എ.ഐ.ടി.യു.സി ഉൾപ്പെടെയുള്ള യൂണിയനുകളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ആ എഗ്രിമെന്റ് നടപ്പിലാക്കിയത്. തുടർന്ന് 1990-ൽ എ.ഐ.ടി.യു.സിയും എ.എൻ.ടി.യു.സിയും, യു.ടി.യു.സിയും ഉൾപ്പെടെയുള്ള യൂണിയൻ സി.ഐ.ടി.യുമായി നടത്തിയ അനൗദ്യോഗിക ചർച്ചയിലൂടെയാണ് ശമ്പള പരിഷ്കരണ കരാർ 1990-ൽ ഒപ്പുവച്ചത ്. തുടർന്ന് അധികാരത്തിൽ വന്ന യു.ഡി.എഫ് ഗവൺമെന്റിൽ ബാലകൃഷ്ണപിള്ള മന്ത്രിയാവുകയും അതുവരെ നേടിയെടുത്ത ആനുകൂല്യങ്ങൾ ഓരോന്നായി തിരിച്ച് പിടിക്കുകയും ചെയ്തു.

1992-ൽ സഖാവ് ബിനോയ് വിശ്വം യൂണിയന്റെ വൈസ് പ്രസിഡന്റായി ചുമതലയേറ്റു. തുടർന്ന് 1993-ൽ 14 ദിവസം നീണ്ടു നിൽക്കുന്ന അനിശ്ചിതകാല പണിമുടക്ക് നടത്തി. വീണ്ടും പീഢന നടപടികൾ തുടർന്നു കൊണ്ടേയിരുന്നു. 1994-ൽ 17 ദിവസം നീണ്ടുനിന്ന അനിശ്ചിതകാല പണിമുടക്ക് നടത്തി. എന്നുമാത്രമല്ല 6000 വരുന്ന ജീവനക്കാർ അറസ്റ്റ് വരിച്ച് 3 മുതൽ 14 ദിവസം ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. ഈ സമരം ഒത്തുതീർപ്പാക്കായിതിൽ യൂണിയന്റെ പ്രസിഡന്റായിരുന്ന സഖാവ് പി.എസ്.ശ്രീനിവാസന്റെ കഴിവ് പ്രത്യേകം എടുത്ത് പറയേണ്ടതാണ്. അന്നത്തെ മുഖ്യമന്ത്രി കെ.കരുണാകരനുമായി പ്രതിപക്ഷ നേതാവ് വി.എസ്.അച്ചുതാനന്ദൻ, ബേബി ജോൺ, പി.എസ്. ശ്രീനിവാസൻ എന്നിവർ ട്രാൻസ്പോർട്ട് മന്ത്രി ബാലകൃഷ്ണപിള്ളയെ മാറ്റിനിർത്തി ഒത്തുതീർപ്പ് ഉണ്ടാക്കി. അതിനു ശേഷം ഇന്നുവരെ കെ.എസ്.ആർ.ടി.സിയിൽ ഒരു അനിശ്ചിതകാല പണിമുടക്ക് നടന്നിട്ടില്ല എന്ന കാര്യം എടുത്ത് പറയേണ്ടതാണ്.

1996-ൽ പി.എസ്.ന്റെ മരണശേഷം സഖാവ് ജെ. ചിത്തരഞ്ജൻ യൂണിയന്റെ പ്രസിഡന്റാവുകയും ജി. ബാലകൃഷ ്ണൻ നായർ വർക്കിംഗ് പ്രസിഡന്റാവുകയും രാധാകൃഷ്ണൻ നായർ ജനറൽ സെക്രട്ടറിയാവുകയും ചെയ്തു. 1996-ൽ യൂണിയന്റെ 50-ാം വാർഷിക സമ്മേളനത്തിന്റെ പൊതുയോഗവും എക്സിബിഷനും കേന്ദ്ര ആഭ്യന്തര മന്ത്രി ഇന്ദ്രജിത് ഗുപ്ത ഗാന്ധിപാർക്കിൽ ഉദ്ഘാടനം ചെയ്തു. 1997-ലെ റഫറണ്ടത്തിൽ എംപ്ലോയീസ് യൂണിയൻ ഉൾപ്പെട്ട ടി.ഡബ്ളി യു.സി.സി. അംഗീകാരത്തിൽ വന്ന് മാനേജ്മെന്റുമായി ചർച്ച ചെയ്ത് ഒപ്പിട്ട കരാറിലൂടെ മാത്രമാണ് അവസാനമായി ജീവനക്കാർക്ക് ശമ്പള പരിഷ്കരണ കുടിശ്ശിക കിട്ടിയിട്ടുള്ളത്.

2002 യൂണിയൻ പ്രസിഡന്റ് സ്ഥാനത്ത് നിന്ന് ചിത്തരഞ്ജൻ മാറുകയും പകരം സി. ദിവാകരൻ പ്രസിഡന്റായും ബിനോയ് വിശ്വം വർക്കിംഗ് പ്രസിഡന്റായും ചുമതലയേറ്റു. 2006-ൽ സി. ദിവാകരനും ബിനോയ് വിശ്വവും കേരള മന്ത്രിസഭയിൽ അംഗങ്ങളായപ്പോൾ സഖാവ് കാനം രാജേന്ദ്രൻ പ്രസിഡന്റായും കെ.പി.ശങ്കരദാസ് വർക്കിംഗ് പ്രസിഡന്റായും ചുമതലയേറ്റു. സഖാവ് രാധാകൃഷ്ണൻനായർ ട്രാൻസ്പോർട്ട് ഡയറകട്ർ ബോർഡ് അംഗമായപ്പോൾ എം. ശിവകുമാർ യൂണിയന്റെ ജനറൽ സെക്രട്ടറിയായി ചുമതലയേറ്റു. 2008 ലെ ശമ്പള കരാറിനു വേണ്ടി യൂണിയൻ പല സമരങ്ങളും നടത്തിയാണ് ആ പരിഷ്കരണം നേടിയെടുത്തത്. 2011-ൽ കൽപറ്റയിൽ വച്ച് നടന്ന സമ്മേളനത്തിൽ യൂണിയന്റെ ജനറൽ സെക്രട്ടറിയായി ഐ.സതീഷ് കുമാർ ചുമതലയേറ്റു. 2012 ലും കരാർ ഒപ്പിട്ടു. 2011 മുതൽ നടപ്പിലാക്കി.

2014-ൽ വൈക്കം സമ്മേളനത്തിൽ യൂണിയന്റെ വർക്കിംഗ ് പ്രസിഡന്റായിരുന്ന ശങ്കര ദാസ് മാറുകയും പകരം എം.ശിവകുമാർ ചുമതലയേൽക്കുകയും ചെയ്തു. ഐ. സതീഷ് കുമാർ ജനറൽ സെക്രട്ടറി സ്ഥാനത്ത് നിന്ന് മാറി പകരം എം.ജി. രാഹുൽ ചുമതലയേറ്റു. 2016-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന സമ്മേളനത്തിൽ സഖാവ് കാനം പാർട്ടി സെക്രട്ടറിയായതിനാൽ കെ.പി.രാജേന്ദ്രനെ പ്രസിഡന്റായി തെരഞ്ഞെടുത്തു. 2016-ൽ അവസാനിച്ച ശമ്പള കരാർ പുതുക്കുന്നതിനു വേണ്ടി യൂണിയൻ 2017 ആഗസ്റ്റ് 2-ാം തീയതി ഒറ്റക്ക് നടത്തിയ പണിമടക്കനെ തുടർന്ന് യൂണിയന്റെ ജനറൽ സെക്രട്ടറിയടക്കം 5 പേർ ജയിൽ ശിക്ഷ അനുഭവിച്ചതും തുടർന്ന് 28 ദിവസം നീണ്ടുനിന്ന സമരവുമെല്ലാം ചരിത്രത്തിന്റെ താളുകളിൽ എന്നും ഉണ്ടായിരിക്കും.

## നവംബർ 5,6 തിയതികളിൽ നടന്ന ട്രാൻസ്പോർട്ട് പണിമുടക്കിന് മുന്നോടിയായി ഒക്ടോബർ 28-ന് വിവിധ ഡിപ്പോകളിൽ നടന്ന പ്രതിഷേധ സമരം






















അഡ്വ. കള്ളിക്കാട് ചന്ദ്രൻ

ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഫോറസ്റ്റ് വർക്കേഴ്സ് യൂണിയൻ

# വനം വകുപ്പ് തൊഴിലാളികൾ പ്രക്ഷോഭത്തിന്റെ പാതയിൽ

അടിമകളെപ്പോലെ ജോലി ചെയ്തുവന്നിരുന്ന വനം വകുപ്പിലെ തൊഴിലാളികളെ മോചിപ്പിച്ച് സംഘടിക്കാനും സമരം ചെയ്യാനും നേതൃത്വം കൊടുക്കുന്ന സംഘടനയാണ് എഐടിയുസി നേതൃത്വത്തിലുള്ള കേരളാ സ്റ്റേറ്റ് ഫോറസ്റ്റ് വർക്കേഴ്സ് യൂണിയൻ. തൊഴിലാളികളെ അവകാശ ബോധമുള്ള വരാക്കി സംഘടിത ശക്തിയാക്കുന്നതിൽ ഈ സംഘടന നിർണായക പങ്കുവഹിക്കുന്നു. വന സംരക്ഷത്തിനായി നിയമിക്കപ്പെട്ട തൊഴിലാളികളിൽ പലരും ഇന്ന് റേഞ്ചുഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവരുടെ ഇംഗിതങ്ങൾക്ക് അനുസരിച്ച് വീട്ടുജോലിക്കുവരെ നിയോഗിക്കപ്പെടുന്നു. വനമേഖലയിലെ സുരക്ഷിതത്വത്തിനും വന്യജീവികളുടെ സംരക്ഷണത്തിനും നിയോഗിക്കപ്പെട്ട ഇവർ മഴയും മഞ്ഞും വകവയ്ക്കാതെ ചെയ്താലും മാസം മുഴുവൻ 24 മണിക്കൂറും ജോലി ചെയ്താലും ഫോറസ്റ്റ് ഓഫീസർമാരുടെ കനിവിനനുസരിച്ച് ലഭിക്കുന്ന വേതനം 15 ദിവസത്തേയോ 10 ദിവസത്തേയോ ചിലപ്പോൾ അതിലും കുറവോ മാത്രമായിരിക്കും. ശമ്പളം ഓഫീസർമാരുടെ പേരിൽ മാറ്റി എടുത്തശേഷം അവർ കൊടുക്കുന്ന വേതനംകൊണ്ട് തൃപ്തിപ്പെടേണ്ട ഗതികേടിലാണ് തൊഴിലാളികൾ. പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിഞ്ഞുവന്ന തൊഴിലാളികൾ തിരുവായ്ക്ക് എതിർവായില്ലാതെ മേലാളരുടെ കനിവിനുവേണ്ടി എന്തു ജോലിയും ചെയ്യുവാൻ നിർബന്ധിതരായിരുന്നു. കാട്ടുമൃഗങ്ങളെയും വനം കൊള്ളക്കാരെയും നേരിട്ടുകൊണ്ട് വനസംരക്ഷണ പ്രവർത്തനത്തിലേർപ്പെട്ടിരുന്ന തൊഴിലാളികൾ കുടുംബം പുലർത്തുവാൻ യജമാനൻമാരെ അനുസരിച്ചും അടിമസമാനമായ ജീവിതം നയിച്ചും വന്നിരുന്നു.

വനംവകുപ്പ് ഭരിച്ചിരുന്ന ജനതാദളിന്റെയും കോൺഗ്രസിന്റെയും താൽപര്യങ്ങൾക്കനുസരിച്ച് ചില തൊഴിലാളി യൂണിയനുകൾ രൂപം കൊണ്ടിരുന്നെങ്കിലും അവയെല്ലാം അൽപ്പായുസായി മാറുന്ന കാഴ്ചയാണ് കണ്ടത്. വകുപ്പിന്റെ ഭരണം മാറുമ്പോൾ യൂണിയന്റെ പ്രവർത്തനവും അവസാനിച്ച കാലങ്ങളായിരുന്നു തൊഴിലാളികൾ ദർശിച്ചത്. എന്നാൽ വി.എസ്. അച്യുതാനന്ദൻ സർക്കാരിന്റെ കാലത്ത് ബിനോയ് വിശ്വം വനം വകുപ്പ് മന്ത്രിയായിരുന്നപ്പോഴാണ് സംസ്ഥാനത്ത് അങ്ങിങ്ങായി പ്രവർത്തിച്ചു വന്ന തൊഴിലാളി യൂണിയനുകളെ സംയോജിപ്പിച്ച് എഐടിയുസിയുടെ നേതൃത്വത്തിൽ 2009 നവംബർ 15 ന് എറണാകുളത്തുവച്ച് കേരളാ സ്റ്റേറ്റ് ഫോറസ്റ്റ് വർക്കേഴ്സ് യൂണിയന്റെ രൂപീകരണ സമ്മേളനം എഐടിയുസി ജനറൽ സെക്രട്ടറിയായിരുന്ന കാനം രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തത്. അതുവരെയുണ്ടായിരുന്നത് തിരുവനന്തപുരത്ത് നെയ്യാറിലും ഇടുക്കിയിലും പുനലൂരിലും ചില പ്രാദേശിക തല സംഘടനാ പ്രവർത്തനങ്ങളായിരുന്നു. ഇവരെയെല്ലാം എറണാകുളത്തു ഒന്നിച്ചു കൂട്ടി യൂണിയൻ രൂപീകരിക്കുന്നതിൽ മുൻ നിന്നത് അന്തരിച്ചുപോയ കുറ്റിയാനിക്കാട് മധു ആയിരുന്നു. തൊഴിലാളിയായിരുന്ന നെയ്യാറിലെ റ്റി.വിജയൻ എല്ലാ ജില്ലകളിലുംപെട്ട തൊഴിലാളികളെ ഏകോപിപ്പിക്കുന്നതിൽ ശ്രമകരമായ പങ്കുവഹിച്ചു. ആദ്യയോഗത്തിൽ ബാബുപോൾ അധ്യക്ഷനായിരുന്നു.

ബാബുപോൾ പ്രസിഡന്റും ഇ.എസ്.ബിജിമോൾ, കള്ളിക്കാട് ചന്ദ്രൻ എന്നിവർ വൈസ് പ്രസിഡന്റുമാരും കെ.പി.ശങ്കരദാസ് ജനറൽ സെക്രട്ടറിയും റ്റി.വിജയൻ ജോയിന്റ് സെക്രട്ടറിയും മീനാങ്കൽ കുമാർ ട്രഷററും ആയി താൽക്കാലിക സംസ്ഥാന കമ്മിറ്റിക്ക് ആ സമ്മേളനം രൂപം നൽകി. തുടർന്ന് എഐടിയുസി സഹകരണത്തോടെ എല്ലാ ജില്ലകളിലും കൺവെൻഷനുകൾ വിളിച്ചുകൂട്ടി ജില്ലാ കമ്മിറ്റികൾക്ക് രൂപം നല്കി. 2009 നവംബർ 29 ന് ചേർന്ന സംസ്ഥാന കമ്മിറ്റി യോഗ തീരുമാന മനുസരിച്ച് രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ സ്വീകരിക്കുകയും അതിന്റെ ഫലമായി 01–14–2010 നമ്പരായി രജിസ്ട്രേഷൻ ലഭിക്കു കയും സംഘടനയെ എഐടിയുസിയിൽ അഫിലിയേറ്റ് ചെയ്യുകയും ചെയ്തു. വനമേഖലയിലെ തൊഴിലാളികൾ ആയിട്ടുള്ള വാച്ചർമാർ, ഗാർഡനർ, ഡ്രൈവർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, അനിമൽകീപ്പർ തുടങ്ങി വിവിധ വിഭാഗം തൊഴിലാളികളുടെ പ്രശ്നങ്ങൾ അധികാരികളുടെ മുമ്പിൽ സംഘടന അവതരിപ്പിക്കുകയുണ്ടായി.

വനമേഖലയിലെ തൊഴിലാളികളെ മറ്റുള്ളവരിൽ നിന്നും തിരിച്ച

റിയുന്നതിനായി യൂണിഫോം അനുവദിക്കണമെന്നും തിരിച്ചറിയൽ കാർഡ് നൽകണമെന്നും അപകട സാധ്യതയുള്ള മേഖലയിൽ ജോലി ചെയ്യുന്നവർക്ക് പരിരക്ഷയായി ഇൻഷുറൻസ് ഏർപ്പെടുത്തണമെന്നും ഉൾവനങ്ങളിൽ ക്യാമ്പ് ചെയ്യുന്ന തൊഴിലാളികൾക്ക് ക്യാമ്പ് റേഷൻ അനുവദിക്കണമെന്നും സ്ലീപ്പിങ് ബാഗ്, റെയിൻകോട്ട്, കാലുറ, മാസത്തിൽ 26 ദിവസത്തെ വേതനം എന്നിവ നൽകണമെന്നും യൂണിയൻ ആവശ്യപ്പെടുകയുണ്ടായി. മന്ത്രി ബിനോയ് വിശ്വം വിളിച്ചു ചേർത്ത യൂണിയന്റെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പല ആവശ്യങ്ങളിലും അനുകൂലമായ തീരുമാനങ്ങളും ഉണ്ടായി. എങ്കിലും ഉദ്യോഗസ്ഥ തലത്തിലെ മെല്ലെപ്പോക്കും തടസവാദങ്ങളും കാരണം നിരത്തി ഏകരൂപമായ വിധത്തിൽ കാര്യങ്ങൾ നടപ്പിലാക്കിയില്ല. ചില മേഖലകളിൽ യൂണിഫോം, തിരിച്ചറിയൽ കാർഡ്, ഇൻഷുറൻസ്, റെയിൻകോട്ട്, നടപ്പിലാക്കുകയുണ്ടായി. മാസത്തിൽ 10 ദിവസം 15 ദിവസം എന്ന കണക്കിൽ ലഭിച്ചിരുന്ന വേതനം 26 ദിവസം വരെ പലേടത്തും ലഭിക്കാനിടയായി. തൊഴിലാളികൾക്ക് ആദ്യമായി ഫെസ്റ്റിവൽ അലവൻസ് ലഭിച്ചതും യൂണിയന്റെ ഇടപെടലിന്റെ ഫലമായി ബിനോയ് വിശ്വം മന്ത്രിയായിരുന്നപ്പോഴാണ്. എന്നാൽ ഓരോ വർഷവും ഫെസ്റ്റിവൽ അലവൻസ് ലഭിക്കാൻ സമരം ചെയ്യേണ്ട അവസ്ഥയാണ് പല ജില്ലകളിലും ഉള്ളത്. ഫെസ്റ്റിവൽ അലവൻസിന് വനമേഖലയിലെ തൊഴിലാളികൾക്ക് അർഹതയുണ്ടോ എന്ന സംശയം തീരാത്ത ഉദ്യോഗസ്ഥന്മാർ വനം വകുപ്പിൽ ഇപ്പോഴുമുണ്ട് എന്നതാണ് വിചിത്രം. യൂണിയൻ ആവശ്യപ്പെട്ട പ്രകാരം തൊഴിലാളികളുടെ ശമ്പളം പരിഷ്കരിക്കാൻ തയാറായി എങ്കിലും ആ വർധന അപര്യാപ്തമാണെന്നും ജീവനക്കാരെ മിനിമം വേജസിന്റെ ഷെഡ്യൂളിൽപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് നല്കിയ നിവേദനത്തിന്റെയും മന്ത്രിയായിരുന്ന ബിനോയ് വിശ്വത്തിന്റെ ഇടപെടലിന്റെയും ഫലമായി ആ ആവശ്യവും അംഗീകരിക്കാൻ സാധിച്ചു.

സർക്കാരിന്റെ മറ്റു വകുപ്പുകളിൽ 10 വർഷം സർവീസുള്ളവരെ സ്ഥിരപ്പെടുത്തിയപ്പോൾ വനംവകുപ്പു തൊഴിലാളികളെയും സ്ഥിരപ്പെടുത്താനുള്ള ബിനോയ് വിശ്വം എടുത്ത നടപടിയുടെ ഭാഗമായി ലിസ്റ്റ് തയാറാക്കി നടപടികളിലേക്ക് കടന്നെങ്കിലും അത് പൂർത്തിയാക്കാൻ കഴിയാതെ പോയി.

ഭരണമാറ്റമുണ്ടായി പ്രതിപക്ഷത്തായിരുന്നപ്പോഴും തൊഴിലാളികളുടെ വിഷയത്തിൽ നിവേദനങ്ങളും സമരങ്ങളും നടത്തി യൂണിയൻ സജീവമായ ഇടപെടുകയും തൊഴിലാളികളുടെ വിശ്വാസം നേടിയെടുക്കുകയും ചെയ്തു. യുഡിഎഫ് ഭരണകാലത്ത് കെ.ബി. ഗണേഷ് കുമാറും തിരുവഞ്ചൂർ രാധാകൃഷ്ണനും വനംവകുപ്പ് ഭരിച്ചിരുന്നപ്പോഴും ഫോറസ്റ്റ് വർക്കേഴ്സ് യൂണിയനെ ചർച്ചയ്ക്കു വിളിച്ചു കാര്യങ്ങൾ ആലോചിച്ചിരുന്നു. ഗണേഷ് കുമാർ മന്ത്രിയായിരുന്നപ്പോൾ തൊഴിലാളികളെ പിരിച്ചുവിടാൻ ഒരു ശ്രമമുണ്ടായി. യൂണിയൻ ഇടപെടലിന്റെ ഫലമായി നിലവിലുള്ള തൊഴിലാളികളെ ആരെയും പിരിച്ചുവിടില്ലെന്ന് മന്ത്രിയായിരുന്ന ഗണേഷ് കുമാർ ഉറപ്പു നല്കിയും അദ്ദേഹം അത് പാലിക്കുകയും ചെയ്തു. തിരുവഞ്ചൂർ മന്ത്രിയായിരുന്നപ്പോൾ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ച് സെക്രട്ടേറിയറ്റ് പടിക്കൽ തുടർച്ചയായി എട്ടു ദിവസം സമരം നടന്നു. എട്ടാം ദിവസം മന്ത്രി വിളിച്ചുചേർത്ത അനുരഞ്ജന ചർച്ചയുടെ ഫലമായിട്ടാണ് തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ തീരുമാനിക്കുകയും 20 വർഷം സർവീസുള്ളവരെ സ്ഥിരപ്പെടുത്തുകയും ചെയ്തത്.

ആദ്യ പിണറായി വിജയൻ മന്ത്രിസഭയിൽ അഡ്വ. കെ രാജു വനം മന്ത്രിയായിരുന്നപ്പോൾ തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുകയുണ്ടായി. സ്ഥിരപ്പെടുത്തൽ അജണ്ട മന്ത്രിസഭാ യോഗത്തിൽ വന്നപ്പോൾ സെക്രട്ടേറിയറ്റിനു പുറത്തെ സമര കോലാഹലങ്ങൾ കാരണം അജണ്ട മാറ്റിവയ്ക്കുകയാണുണ്ടായത്. എൽഡിഎഫിന്റെ തുടർഭരണം ഉണ്ടായാൽ സ്ഥിരപ്പെടുത്തലിന് പ്രഥമ പരിഗണന നൽകി അംഗീകാരം നൽകാമെന്ന് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. തൊഴിലാളികളും യുവജനങ്ങളും എൽഡിഎഫിന്റെ ആ ഉറപ്പിൽ വിശ്വസിച്ചു. സർക്കാരിന് തുടർ ഭരണം ലഭിച്ചു. 10 വർഷം സർവീസ് ഉള്ളവർ സ്ഥിരപ്പെടുമെന്ന പ്രതീക്ഷയിൽ കഴിയുമ്പോഴാണ് ഇരുട്ടടിയെന്നോണം 56 വയസ് കഴിഞ്ഞ പട്ടികജാതി പട്ടികവർഗക്കാർ അല്ലാത്തവരെ പിരിച്ചുവിടണമെന്നും ആവശ്യമെങ്കിൽ തൽസ്ഥാനത്ത് പുതിയ നിയമനം നടത്താമെന്നും അഞ്ചു വർഷം കഴിഞ്ഞ് സർവീസിൽ തുടരുന്നവരുടെ ലിസ്റ്റ് ശേഖരിക്കണമെന്നും വനംവകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ (ഭരണം) റുടെ ഉത്തരവ് പുറത്തു വന്നിരിക്കുന്നത്.

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രഖ്യാപിത നയത്തിനെതിരായ ഈ തൊഴിലാളി വിരുദ്ധ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് യൂണിയൻ വനം വകുപ്പു മന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനം നൽകുകയും വാഴൂർ സോമൻ എംഎൽഎ നേരിട്ട് ഇടപെടുകയും ചെയ്തു എങ്കിലും ഫലമുണ്ടാകാത്തതിനാൽ റേഞ്ചാഫീസുകൾക്കു മുമ്പിലും ജില്ലാ ഡിഎഫ് ഓഫീസുകൾക്കു മുമ്പിലും പ്രതിഷേധ സമരങ്ങൾ നടത്തുകയുണ്ടായി. നവംബർ എട്ടാം തീയതി സെക്രട്ടേറിയറ്റിനു മുന്നിലും പ്രതിഷേധ ധർണ നടത്തിയെങ്കിലും ചർച്ചക്കു വിളിക്കുന്ന സാഹചര്യം പോലും ഉണ്ടായില്ല. അതിനാലാണ് വനം മന്ത്രിയുടെ വനമേഖലയിലെ പരിപാടിയിൽ പ്രതിഷേധം രേഖപ്പെടുത്തണമെന്ന തീരുമാനത്തിന്റെ ഭാഗമായി നവംബർ 11 ന് നെയ്യാർ എക്കോടൂറിസം കേന്ദ്രങ്ങളുടെ ഉദ്ഘാടന വേളയിൽ പ്രതിഷേധം സംഘടിപ്പിച്ചത്.

ആ പ്രതിഷേധ സമരത്തിന്റെ തുടർച്ചയായി നവംബർ 22 മുതൽ 26 വരെ സെക്രട്ടേറിയറ്റ് ധർണ്ണ സംഘടിപ്പിച്ചു. എല്ലാ ജില്ലകളിൽ നിന്നും തൊഴിലാളികൾ പങ്കെടുത്ത ധർണ എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെ പി രാജേന്ദ്രനാണ് ഉദ്ഘാടനം ചെയ്തത്. ഭരണത്തിന്റെയോ കൊടിയുടെയോ നിറം നോക്കാതെ തൊഴിലാളികളുടെ ആവശ്യങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന സംഘടന എന്ന നിലയിലും തൊഴിലാളികളുടെ വിശ്വാസമാർജ്ജിക്കുവാൻ കഴിഞ്ഞ വനമേഖലയിൽ പ്രവർത്തിക്കുന്ന സംഘടന എന്ന നിലയിലും തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ നേടും വരെ പോരാട്ടത്തിന്റെ പാതയിലൂടെ ഫോറസ്റ്റ് വർക്കേഴ്സ് യൂണിയൻ മുന്നേറുക തന്നെ ചെയ്യും

## അനധികൃതമായി പിരിച്ചു വിട്ട തൊഴിലാളികളെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ട് ഫോറസ്റ്റ് വർക്കേഴ്സ് യൂണിയൻ നവംബർ 8-ന് ഫോറസ്റ്റ് ഓഫീസുകൾക്ക് മുന്നിൽ നടത്തിയ ധർണ്ണ












ഡോ : ജിപ്സൺ വി പോൾ



# അഭിപ്രായ സ്വാതന്ത്ര്യത്തിനു നൊബേൽ സമ്മാനം

**പ**ലപ്പോഴും അവാർഡിലെ രാഷ്ട്രീയമാനം മൂലം നൊബേൽ സമ്മാന പെരുമ പലപ്പോഴും വിവാദങ്ങളിൽ പെടാറുണ്ട്. ലോകത്തിന് തങ്ങളുടെ മഹത്തായ സംഭാവനകൾ നൽകിയവർക്ക് നൽകപ്പെടുന്ന ഏറ്റവും വലിയ അംഗീകാരമാണ് നൊബേൽ സമ്മാനങ്ങൾ. ഇതിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് സമാധാനത്തിനുള്ള നൊബേൽ സമ്മാനം.

ഗാന്ധിജിക്ക് ലഭിക്കാത്ത സമാധാന നൊബേൽ അതിന്റെ വില കളഞ്ഞു എന്ന് വാദിക്കുന്നവരുണ്ട്. ഗാന്ധിജിക്ക് ലഭിച്ചില്ലെങ്കിലും ഗാന്ധിപാതയിൽ സഞ്ചരിച്ച പലരും നൊബേൽ സമ്മാനങ്ങൾക്ക് അർഹരായിട്ടുണ്ട്. മാർട്ടിൻ ലൂഥർകിങ് നെൽസൺമണ്ടേല, ആങ് സാൻ സുക്കി തുടങ്ങിയവർ ഇതിനുദാഹരണങ്ങളാണ്. സ്ത്രീകളെയും ന്യൂനപക്ഷങ്ങളെയും അവാർഡിന് പരിഗണിക്കുന്നതിൽ പലപ്പോഴും നൊബേൽ കമ്മിറ്റി വിവേചനം കാണിക്കുന്നതായി പരാതികൾ ഉയർന്നിട്ടുണ്ട്. അതുകൊണ്ടു തന്നെ ആയിരിക്കാം സമാധാനത്തിനുള്ള നൊബേലിനു വലതുപക്ഷ വർഗീയ വാദിയായ ട്രംപിന്റെ പേര് നിർദ്ദേശിക്കപ്പെട്ടപ്പോൾ ലോകം അത്ഭുതപ്പെടാതിരുന്നത്.

2020 ലെ സമാധാനത്തിനുള്ള നൊബേൽ പ്രൈസ് ലോകത്തിന്റെ വിശപ്പകറ്റാൻ ശ്രമിച്ച വേൾഡ് ഫുഡ് പ്രോഗ്രാമിന് ആയിരുന്നെങ്കിൽ 2021 സമാധാന നൊബേൽ പുരസ്കാരം സ്വതന്ത്ര മാധ്യമ പ്രവർത്തനത്തിനും അഭിപ്രായ സ്വാതന്ത്ര്യ സംരക്ഷണത്തിനുമാണ്.

മരിയ അഞ്ജലിറ്റാ റെസ്സ എന്ന ഫിലിപ്പീൻസ് മാധ്യമപ്രവർത്തകക്കും ദിമിത്രീ ആൻട്രിവിച്ച് മുറടോവ് എന്ന റഷ്യൻ മാധ്യമപ്രവർത്തകനും സമാധാനത്തിന്റെ നൊബേൽ പങ്കിടുമ്പോൾ യഥാർത്ഥത്തിൽ അംഗികാരം നേടുന്നത് അഭിപ്രായ സ്വാതന്ത്ര്യത്തിനും അറിയാനുള്ള അവകാശത്തിനും ആണ്.

റാപ്പ്ളർ എന്ന ഓൺലൈൻ പ്രസിദ്ധീകരണത്തിന്റെ സിഇഒ ആണ് അഞ്ജലിറ്റ. മയക്കുമരുന്ന് വേട്ടക്കിടയിൽ കൊല്ലപ്പെട്ട മനുഷ്യരുടെ മനുഷ്യാവകാശങ്ങളെപ്പറ്റിയും വ്യാജ ഏറ്റുമുട്ടലുകളെപ്പറ്റിയും ഫിലിപ്പീൻ പ്രസിഡന്റ് റോഡ്രിഗോ ഡൂട്ടേർട്ടിന്റെ ഏകാധിപത്യ പ്രവണതയെ തുറന്നുകാട്ടാൻ ധൈര്യം കാണിച്ച മാധ്യമപ്രവർത്തകയാണ് അവർ. ഒരു ജഡ്ജിയും വ്യവസായ പ്രമുഖനും രാഷ്ട്രീയ മാഫിയ കൂട്ടുകെട്ടും തമ്മിലുള്ള അവിശുദ്ധ ബന്ധം പുറത്തു കൊണ്ടുവന്ന അവർക്കു ആറു വർഷക്കാലം ജയിൽശിക്ഷ വിധിക്കപ്പെട്ടു.

ഏകാധിപത്യ ഭരണകർത്താവായ പുട്ടിന്റെ റഷ്യയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഏക പത്രമായ നോവായ് ഗസ്റ്റ് യുടെ ചീഫ് എഡി

റ്ററാണ് ദിമിത്രീ ആൻട്രിവിച്ച് മുറടോവ്. സോവിയറ്റ് യൂണിയന്റെ പ്രസിഡണ്ട് ആയിരുന്ന മിഖായേൽ ഗോർബച്ചേ വിനു ലഭിച്ച സമാധാന നോബലിന്റെ തുകയിൽനിന്ന് സംഭാവനയായി ലഭിച്ച പണം കൊണ്ട് ആരംഭിച്ച ഈ മാധ്യമം എന്നും സ്വതന്ത്രമായും സത്യസന്ധതയോടെയും നിഷ്പക്ഷതയോടെയും ധൈര്യത്തോടെയും പ്രവർത്തിച്ചു.

ഈ മാധ്യമത്തിലെ ഒരു ഡസൻ മാധ്യമ പ്രവർത്തകരെങ്കിലും ആക്രമണങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട് എന്ന് അറിയുമ്പോഴാണ് ഈ മാധ്യമ സ്ഥാപനം നിലപാടുകളുടെ പേരിൽ എത്രമാത്രം വേട്ടയാടപ്പെട്ടു എന്ന് മനസ്സിലാക്കാൻ കഴിയുന്നത്. മനുഷ്യാവകാശ ലംഘനതിനെതിരായും അഴിമതിക്കെതിരെയും ശക്തമായ നിലപാടുകൾ ഉയർത്തിപ്പിടിച്ച ഈ പത്രം ചെച്നിയൻ, ഉക്രൈൻ വിഷയങ്ങളിൽ സ്വീകരിച്ച നിലപാട് ലോകശ്രദ്ധ ആകർഷിച്ചു. പുട്ടിൻ ഗവൺമെന്റിന്റെ കണ്ണിലെ കരടാണീ മാധ്യമ സ്ഥാപനം.

സത്യാനന്തര കാലഘട്ടത്തിൽ സത്യത്തിനൊപ്പം നിൽക്കുക എന്നത് മാധ്യമങ്ങളുടെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. ആഗോളവൽക്കരണ നവലിബറൽ കാലഘട്ടത്തിൽ മാധ്യമങ്ങൾ തന്നെ കുത്തകവൽക്കരിക്കപ്പെട്ടവയാണ്. റൂപേർട്ട് മർഡോക്കിന്റെ സ്റ്റാർ ഗ്രൂപ്പ് എന്ന മാധ്യമ ഭീമൻ കൊച്ചു കേരളത്തിലെ പ്രാദേശിക ചാനലായ ഏഷ്യാനെറ്റിനെ പോലും സ്വന്തമാക്കുന്നത് നാം കണ്ടു കഴിഞ്ഞു.

ലോക മുതലാളിത്തം താങ്കളുടെ സ്വന്തം മാധ്യമ ശൃംഖലകളെ സൃഷ്ടിച്ചുകൊണ്ട് തങ്ങൾക്കനുകൂലമായി ലോകമെങ്ങും ഒരു ബൗദ്ധിക തരംഗം സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന പൊതുമണ്ഡലത്തെ ഉപയോഗിച്ചുകൊണ്ട് തങ്ങൾക്ക് ആവശ്യമായിട്ടുള്ള ഗവൺമെന്റുകളെ സൃഷ്ടിക്കാനും ഇത്തരം മാധ്യമ ഭീമന്മാർക്കു ആകുന്നുണ്ട്. ഉദാഹരണത്തിന് മുകേഷ് അംബാനിയെ പോലുള്ള ലോക മുതലാളിമാർ ന്യൂസ് 18 പോലുള്ള മാധ്യമ ശൃംഖലകൾ സ്ഥാപിച്ചുകൊണ്ട് അഭിപ്രായ രൂപീകരണത്തിൽ പോലും സ്വാധീനം ചെലുത്താൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ സത്യത്തെ ഉറക്കെ വിളിച്ചു പറയാൻ കാണിച്ച ആർജ്ജവത്തിനാണു ഈ നോബൽ സമ്മാനമെന്നത് ശ്രദ്ധേയമാണ്.

അസത്യങ്ങളും അർദ്ധസത്യങ്ങളും മടികൂടാതെ സ്വാർത്ഥലാഭത്തിനായി ഉപയോഗിക്കപ്പെടുന്ന മാധ്യമലോകത്തെ രജത വെളിച്ചമാണ് ഈ മാധ്യമ പ്രവർത്തകരും അവരുടെ മാധ്യമങ്ങളും. മാധ്യമ പ്രവർത്തകർ എന്നാൽ വിവരങ്ങൾ സത്യസന്ധമായി പങ്കുവയ്ക്കുന്നവർ എന്ന വിശാല അർത്ഥത്തിലാണ് നാം വിലയിരുത്തേണ്ടത്. അതുകൊണ്ടുതന്നെ മാധ്യമ പ്രവർത്തനം എന്നാൽ അച്ചടി-ദൃശ്യ മാധ്യമ മേഖലകളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല ബ്ലോഗറും ഇന്റർനെറ്റ് അടിസ്ഥാനപ്പെടുത്തിയുള്ള മാധ്യമപ്രവർത്തനവും ഫേസ്ബുക്ക് ലൈവ് ഉൾപ്പെടെയുള്ള സിറ്റിസൺ ജേർണലിസ സംവിധാനവും ഇന്ന് സ്വതന്ത്ര മാധ്യമ പ്രവർത്തക മേഖലകളാണ്. അതുകൊണ്ടു തന്നെ സ്വാതന്ത്രവും സത്യസന്ധവുമായ വിവരവിനിമയം തടസ്സപ്പെടുത്തുന്നതെന്തും പൗരാവകാശ ധ്വംസനം ആണ്.

അറിയാനുള്ള അവകാശത്തെ തടസ്സപ്പെടുത്താൻ ഒരു അധികാര കേന്ദ്രത്തിനും അവകാശമില്ല. അതുകൊണ്ടുതന്നെ ഇന്റർനെറ്റ് വിച്ഛേദനവും സാമൂഹ്യമാധ്യമ നിരോധനവും മാധ്യമ സ്വാതന്ത്ര്യത്തിലെ കൈകടത്തൽ തന്നെയാണ്. കാശ്മീരിലും ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലും ഇത്തരത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പൗരന്റെ അറിയാനുള്ള അവകാശത്തിന്റെ ധ്വംസനം തന്നെയാണ്.

മാധ്യമപ്രവർത്തകരുടെ ആഗോള കൂട്ടായ്മയായ റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അവരുടെ വാർഷിക റിപ്പോർട്ട് ആയ പ്രസ് ഫ്രീഡം ഇൻഡക്സിൽ ഇന്ത്യയുടെ സ്ഥാനം 180 രാജ്യങ്ങളുടെ പട്ടികയിൽ 142-ാം സ്ഥാനത്താണ്. ഇതനുസരിച്ച് പത്രപ്രവർത്തർക്ക് ഏറ്റവും അപകടകരമായ സാഹചര്യം നിലനിൽക്കുന്ന രാജ്യങ്ങളുടെ പട്ടികയിലാണ് ഇന്ത്യ. സിദ്ദിഖ് കാപ്പനെ പോലെയുള്ള മാധ്യമപ്രവർത്തകർക്കെതിരെ പ്രയോഗിക്കപ്പെട്ട നിയമങ്ങൾ സ്വതന്ത്ര മാധ്യമപ്രവർത്തനത്തിനു വിഘാതം സൃഷ്ടിക്കുന്നവയാണ്. നമ്മുടെ അയൽ രാജ്യങ്ങളായ ചൈന 177-ാമതും പാകിസ്ഥാൻ 145-ാമതും, ബംഗ്ലാദേശ് 182-ാമതും, മ്യാന്മാർ 140-ാമതും സ്ഥാനങ്ങളിൽ മാധ്യമ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ നമുക്കൊപ്പമോ പിന്നിലായോ ഉണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ 19-ാം അനുച്ഛേദത്തിലും സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 19-ാം ആർട്ടിക്കിളിലും ഉൾപ്പെട്ടിട്ടുള്ള അഭിപ്രായ സ്വാതന്ത്ര്യം ഇന്ത്യയിലെന്നല്ല ലോകത്തൊരിടത്തും സംരക്ഷിക്കപ്പെടുന്നില്ല. ഇന്ത്യൻ ഭരണഘടനയിൽ ഒരിടത്തും ഫ്രീഡം ഓഫ് പ്രസ്സ് എന്നോ മാധ്യമ സ്വാതന്ത്ര്യം എന്ന വാക്ക് ഉൾപ്പെട്ടിട്ടില്ല എങ്കിലും അനുച്ഛേദം 19-ൽ ഉറപ്പാക്കിയിരിക്കുന്ന ഫ്രീഡം ഓഫ് സ്പീച് ആൻഡ് എക്സ്പ്രഷൻ അഥവാ അഭിപ്രായ പ്രകടന സ്വാതന്ത്ര്യമെന്നത് മാധ്യമ സ്വാതന്ത്ര്യം ഉൾക്കൊള്ളുന്നതാണ്. എന്നിട്ടും പലപ്പോഴും സെൻസർഷിപ്പുകളിലൂടെ ഇന്ത്യൻ പത്ര സ്വാതന്ത്ര്യത്തെ കൂച്ചുവിലങ്ങിടാനുള്ള ശ്രമങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. അടിയന്തിരാവസ്ഥ കാലഘട്ടത്തിൽ മാധ്യമങ്ങൾക്കെതിരെ പ്രയോഗിക്കപ്പെട്ട നിയമങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്.

ഇന്ന് തങ്ങൾക്കെതിരെ നിൽക്കുന്ന മാധ്യമ സ്ഥാപനങ്ങളെ അന്വേഷണ ഏജൻസികളെ ഉപയോഗിച്ചുകൊണ്ട് നിയന്ത്രിക്കാനും സർക്കാർ പരസ്യങ്ങൾ നൽകാതെ ക്ഷീണിപ്പിക്കാനും ഉള്ള ശ്രമങ്ങൾ ഇന്ത്യയിൽ നടക്കുന്നുണ്ട്. ജനാധിപത്യത്തിന്റെ നാലാം തൂണായി വിശേഷിക്കപ്പെടുന്ന മാധ്യമങ്ങളുടെ തളർച്ച അല്ലെങ്കിൽ തകർച്ച എന്നത് ജനാധിപത്യത്തിന്റെ തളർച്ചയും തകർച്ചയും കൂടിയാണ്. ലോകത്ത് അധികാര കേന്ദ്രങ്ങൾ ഒന്നും തന്നെ മാധ്യമ സ്വാതന്ത്ര്യത്തെ പരിപോഷിപ്പിക്കുന്നില്ല.

2006 മുതൽ 2021 വരെയുള്ള 15 വർഷ കാലഘട്ടത്തിൽ മാത്രം ജീവൻ നഷ്ടപ്പെട്ട മാധ്യമപ്രവർത്തകരുടെ എണ്ണം ആയിരത്തിലധികം ആണ്. ജനാധിപത്യ സർക്കാരുകൾക്കൊപ്പം മതതീവ്രവാദ പ്രസ്ഥാനങ്ങളും മാധ്യമപ്രവർത്തനത്തിന് എതിരാണ്. 2021 താലിബാൻ തീവ്രവാദികളാൽ ക്രൂരമായി കൊല്ലപ്പെട്ട ഇന്ത്യൻ മാധ്യമപ്രവർത്തകൻ ഡാനിഷ് അലി ഇതിന് ഉത്തമ ഉദാഹരണമാണ്.

അന്തർദേശീയ തലത്തിൽ നടത്തിയ സർവേ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട പ്രകാരം ലോക ജനതയിൽ 42 ശതമാനം മാത്രമേ മാധ്യമ പ്രവർത്തന സ്വാതന്ത്ര്യം ഭാഗികമായെങ്കിലും അനുഭവിക്കുന്നുള്ളൂ. 45% ലോകജനത മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് കേട്ടിട്ടുപോലുമില്ല. ഇതുകൊണ്ടു തന്നെയാണ് ജനാധിപത്യ സംവിധാനത്തിൽ നാലാം തൂണായി നിൽക്കുന്ന മാധ്യമ പ്രവർത്തനത്തിന് ഈ സത്യാനന്തര കാലഘട്ടത്തിൽ ലഭിച്ച സമാധാനത്തിന്റെ നൊബേൽ സമ്മാനം വിലമതിക്കാനാവാത്തതും ആവേശകരമായ ഒന്നായി മാറുന്നതും.

# ജനങ്ങളെ രക്ഷിക്കൂ; ജന്മനാടിനെ രക്ഷിക്കൂ

## നവംബർ 11-ന് ന്യൂ ദൽഹിയിൽ ചേർന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടേയും സ്വതന്ത്ര ഫെഡറേഷനുകളുടേയും സംയുക്ത കൺവെൻഷൻ അംഗീകരിച്ച പ്രഖ്യാപനം

**മോ**ദി സർക്കാരിന്റെ ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ, കർഷക വിരുദ്ധ കോർപ്പറേറ്റ് പ്രീണന നയങ്ങൾ രാജ്യത്തെ ജനജീവിതത്തേയും സമ്പദ് വ്യവസ്ഥയേയും സർവ്വ നാശത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നു. വിനാശ കരമായ ഈ ദേശവിരുദ്ധ നയങ്ങൾക്കെതിരേ നാം നടത്തി വരുന്ന സമരങ്ങളും ചെറുത്ത് നിൽപ്പുകളും അതിന്റെ പാരമ്യത്തിലെത്തിക്കുവാൻ കേന്ദ്ര ട്രേഡ് യൂണിയനുകളുടേയും സ്വതന്ത്ര ഫെഡറേഷനുകളുടേയും സംയുക്താ ഭിമുഖ്യത്തിൽ നവംബർ 11-ന് ന്യൂഡൽഹിയിൽ ചേർന്ന കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു.

തൊഴിലാളികളുടേയും ജനങ്ങളുടേയും അവകാശങ്ങളും ജീവനോപാധികളും സംരക്ഷിക്കുക മാത്രമല്ല, കോർപ്പറേറ്റുകളാൽ നയിക്കപ്പെടുന്ന രാജ്യത്തെ സമ്പദ് വ്യവസ്ഥയേയും ജനാധിപത്യ വ്യവസ്ഥയേയും കരകയറ്റാനും സമൂഹത്തെ ആകമാനം സർവ്വനാശത്തിൽ നിന്ന് രക്ഷിക്കാനും കൂടിയാണ് ഈ പോരാട്ടം.

രാജ്യത്തെ സ്ഥിതിഗതികൾ അനുദിനം വഷളായിക്കൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും മൂന്നിലെത്താൻ പരസ്പരം മത്സരിക്കുകയാണ്. അത് തൊഴിലാളികളേയും യുവ ജനങ്ങളേയും വിദ്യാർത്ഥി കളേയുമെല്ലാം അനിശ്ചിതത്വത്തിന്റേയും അനാഥത്വത്തിന്റേയും നിരാശയുടേയും പടുകുഴിയിലേക്ക് വലിച്ചെറി യുകയാണ്. ബഹുഭൂരിപക്ഷം ജനങ്ങളുടേയും വരുമാനം അതിജീവനത്തിന് അപര്യാപ്തമാം വിധം കുറഞ്ഞി രിക്കുന്നു. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുവാൻ വേണ്ടതിനേക്കാൾ എത്രയോ കുറവാണ് ഇന്ന് ലഭിക്കുന്ന മിനിമം വേതനം. ജനങ്ങളുടെ ദാരിദ്ര്യത്തിന്റെ തീവ്രത ഭയാനകമാം വിധം വർദ്ധിച്ചു. പട്ടിണിയിൽ അയൽ രാജ്യങ്ങളേക്കാൾ പിന്നിലാണ് നമ്മുടെ രാജ്യം. ആഗോള പട്ടിണി സൂചിക പ്രകാരം 107 രാജ്യങ്ങളുടെ പട്ടികയിൽ ഇൻഡ്യയുടെ സ്ഥാനം 101-ാമതായി താഴ്ന്നിരിക്കുന്നു.

ജനങ്ങളെ തുടർച്ചയായി ചൂഷണം ചെയ്ത് നേട്ടം കൊയ്യാൻ കുത്തകകൾക്ക് ഒത്താശ നൽകുന്ന നയങ്ങളാണ് കേന്ദ്ര സർക്കാരിന്റേത്. ഓക്സിജനും, ചികിത്സയും, ആശുപത്രികളുമില്ലാതെ മരണങ്ങളുടെ ഘോഷയാത്രക്ക് സാക്ഷ്യം വഹിച്ച കോവിഡ് പകർച്ച വ്യാധിയുടെ രണ്ടാം തരംഗ സമയത്ത് പോലും ആരോഗ്യ രംഗത്തെ സ്വകാര്യവൽക്കരണ-കോർപ്പറേറ്റ് പ്രീണന നയം ഉപേക്ഷിക്കാൻ സർക്കാർ തയ്യാറായില്ല. കോവിഡ് പ്രതിരോധ കുത്തിവയ്പ് സ്വകാര്യ കമ്പോള ശക്തികളുടെ കരങ്ങളിലേക്ക് എറിഞ്ഞു കൊടുത്തുവെങ്കിലും ജനങ്ങളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് സർക്കാരിന് പിന്തിരിയേണ്ടി വന്നു. എന്നിട്ടും 25 ശതമാനം വാക്സിൻ സ്വകാര്യ മുതലാളിമാർക്ക് നേട്ടമുണ്ടാക്കാൻ വിട്ടു കൊടുത്തു.

ഇത്തരത്തിൽ പലവിധ നടപടികളാൽ രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം പേരെ ദാരിദ്യരേഖക്ക് താഴേക്ക് തള്ളി വിടുമ്പോൾ അവശ്യ സാധനങ്ങളുടെ വില താങ്ങാൻ കഴിയാത്ത വിധം കുതിച്ചുയരുന്നു. ഈ വിലക്കയറ്റം സ്വാഭാവികമായി സംഭവിക്കുന്ന പ്രതിഭാസമല്ല. അത് സർക്കാരിന്റെ ക്രൂരവും വിവേചനാരഹിതവുമായ നികുതികളും കോർപ്പറേറ്റ് പ്രീണന നയങ്ങളും മൂലം സൃഷ്ടിക്കപ്പെടുന്നതാണ്. പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവയുടെ വില അനുദിനമെന്നോണം വർദ്ധിപ്പിക്കുന്നതിലൂടെ ചരക്ക് ഗതാഗതത്തിന്റേയും മറ്റ് സേവനങ്ങളുടേയും ചിലവ് കൂടുന്നതും വില വർദ്ധനക്ക് വഴിവക്കുന്നു. സർക്കാരിന്റെ വരുമാനത്തിന്റെ പകുതിയും ലഭിക്കുന്നത് ഇന്ധനത്തിന്മേലുള്ള നികുതിയിൽ നിന്നാണ്. ചരക്ക് സേവന നികുതി പ്രകാരമുള്ള ഉയർന്ന നിരക്കിലെ നികുതിയോടോപ്പം ഇന്ധന നികുതി കൂടി വർദ്ധിക്കുന്നതോടെ പട്ടിണിയുടേയും ദുരിതത്തിന്റേയും തീവ്രത വർദ്ധിക്കുകയാണ്.

അതേസമയം അൽപ്പം പോലും ലജ്ജ കൂടാതെ കോർപ്പറേറ്റ് നികുതി നിരക്കുകൾ തുടർച്ചയായി താഴ്ത്തുകയും സ്വത്ത് നികുതി നിർത്തലാക്കുകയും വൻകിടക്കാരുടെ കടം തിരിച്ചടവിന് മൊറോട്ടോറിയം പ്രഖ്യാപിക്കുകയുമാണ് മോദി സർക്കാർ. എന്നാൽ ഈ പ്രതിസന്ധി ഘട്ടത്തിൽ നാൽപ്പത് ശതമാനത്തിലധികം സമ്പത്ത് വർദ്ധിപ്പിച്ച് കൊണ്ട് നേട്ടമുണ്ടാക്കിയത് കോർപ്പറേറ്റുകളാണ്.

രാജ്യത്തെ ഉദ്പാദനവും സമ്പത്തും വർദ്ധിക്കുന്നതിന് പിന്നിലെ ശക്തി തൊഴിലാളി വർഗ്ഗത്തിന്റെ അദ്ധ്വാനമാണ്. എന്നാൽ ആ സമ്പത്തിന്റെ വിതരണത്തിൽ തൊഴിലാളി വർഗ്ഗത്തോട് കാട്ടുന്നത് ധിക്കാരപരമായ വിവേചനമാണ്. തൊഴിലാളിയുടെ അദ്ധ്വാന ഫലമായി സിദ്ധിക്കുന്ന സമ്പത്തിന്റെ എഴുപത് ശതമാനവും കൈക്കലാക്കുന്നത് ഒരു ശതമാനം വരുന്ന സമ്പന്നരാണ്. ജനസംഖ്യയുടെ 50 ശതമാനം വരുന്ന സാധാരണക്കാർക്ക് ആ സമ്പത്തിന്റെ പത്ത് ശതമാനം പോലും ലഭിക്കുന്നില്ല.

സർക്കാർ തങ്ങളുടെ കോർപ്പറേറ്റ് യജമാനന്മാരെ പ്രീണിപ്പിക്കുന്നതിനായി സാധാരണക്കാരോട് യുദ്ധം പ്രഖ്യാപിക്കുകയാണ്. ആദായനികുതി ദായകരല്ലാത്തെ കുടുംബങ്ങൾക്ക്പ്രതിമാസം 7500 രൂപയുടെ വരുമാന പിന്തുണയും സൗജന്യ റേഷനും അനുവദിച്ച് അവരുടെ നിലനിൽപ്പിനെ സഹായിക്കണമെന്ന സംയുക്ത ട്രേഡ് യൂണിയനുകളുടെ അഭ്യർത്ഥന നിരസിച്ചതും ഖജനാവ് കാലിയാണെന്ന് പറഞ്ഞ് തൊഴിലുറപ്പ് പദ്ധതി, ഐ.സി. ഡി.എസ്., സാമൂഹ്യ സുരക്ഷ പദ്ധതികൾ തുടങ്ങിയവയിന്മേലുള്ള ബജറ്റ് വിഹിതം വെട്ടിക്കുറച്ചതുമെല്ലാം കാണിക്കുന്നത് സർക്കാരിന്റെ മനുഷ്യത്വമില്ലായ്മയാണ്.

ഭയാനകമായ ഈ സാഹചര്യത്തിലും രാജ്യത്തെ ധാതു വിഭവങ്ങളും പൊതു മേഖല സ്ഥാപനങ്ങളും പൊതു ആസ്തികളും സ്വകാര്യവൽക്കരണത്തിലൂടേയും വിറ്റഴിക്കലിലൂടേയും കോർപ്പറേറ്റുകൾക്ക് കാഴ്ച വക്കുന്നതിനായി പലതരത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ വെമ്പൽ കൊള്ളുകയാണ് മോദി സർക്കാർ. അതേ സമയം പാപ്പരത്വ കോഡിലൂടെ കടം തിരിച്ചടക്കാതെ രക്ഷപെടാൻ വമ്പൻമാരെ അനുവദിക്കുകയും അവരുടെ കടം എഴുതിത്തള്ളാൻ ബാങ്കുകളെ നിർബന്ധിക്കുകയും ചെയ്യുന്നു. ഏറ്റവും ഒടുവിലായി ബാങ്ക് ദേശസാൽക്കരണ നിയമം ഭേദഗതി ചെയ്ത് പൊതുമേഖല ബാങ്കുകളെ സ്വകാര്യവൽക്കരിക്കാൻ പോകുന്നു. അതിനായുള്ള ബില്ല് പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നാണ് അറിയുന്നത്.

സ്വകാര്യവൽക്കരണത്തിന്റെ നികൃഷ്ടത പാതാളത്തോളം താഴ്ന്ന് പോയിരിക്കുന്നു. കഴിഞ്ഞ ഏഴര ദശാബ്ദക്കാലമായി നാം പടുത്തുയർത്തിയ മിക്കവാറും എല്ലാ അടിസ്ഥാന സൗകര്യങ്ങളും പണം സമ്പാദിക്കുക എന്ന ലക്ഷ്യത്തോടെ സ്വകാര്യ മേഖലക്ക് കൈമാറുന്നു. നാഷണൽ മോണിറ്റൈസേഷൻ പദ്ധതി എന്ന ഓമനപ്പേരിലറിയപ്പെടുന്ന ഈ വിൽപ്പന ഫലത്തിൽ കുത്തകകൾക്ക് ലഭിക്കുന്ന സമ്മാനമാണ്. യാതൊരു നിക്ഷേപവും നടത്താതെ സ്വകാര്യ കുത്തകകൾ

ക്ക് ലാഭം കൊയ്യാൻ സഹായിക്കുന്ന ഈ പദ്ധതി സാധാരണ ക്കാരുടെ ഭാരം വർദ്ധിപ്പിക്കും. നമ്മുടെ സമ്പത്ത് ഇങ്ങനെ കൊള്ളയടിക്കുന്നത് അനുവദിക്കണോ? ദളിതർക്കും ആദിവാസികൾക്കും മറ്റ് അധസ്ഥിത വിഭാഗങ്ങൾക്കും ഭരണഘടനാ ദത്തമായ സംവരണം എന്ന അവകാശം ഹനിക്കപ്പെടണോ?

സ്വകാര്യവൽക്കരണമെന്ന സർക്കാരിന്റെ ഈ ഉല്ലാസാഘോഷം ഉദ്പാദന സേവന മേഖലകളിൽ മാത്രം ഒതുങ്ങുന്നില്ല. മിക്കവാറും എല്ലാ സർക്കാർ വകുപ്പുകളിലും സ്വകാര്യവൽക്കരണം കരാർ നിയമനങ്ങളായും പുറം കരാർ പണികളായും പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. ഇങ്ങിനെ മുഴുവൻ സർക്കാർ സംവിധാനങ്ങളും സ്വകാര്യവൽ ക്കരിക്കപ്പെടുന്നതോടെ സർക്കാർ തന്നെ കോർപ്പറേറ്റുകളുടെ കൈപ്പിടിയിലൊതുങ്ങും.

കോർപ്പറേറ്റുകളുടെ കൊള്ളയിൽ നിന്ന് സാമൂഹ്യ സുരക്ഷ പെൻഷനുകൾ പോലും മുക്തമല്ല. ദേശീയ പെൻഷൻ പദ്ധതി നടപ്പായതോടെ കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർക്ക് വലിയ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. റഗുലേറ്ററി അതോറിട്ടിയുടെ മേൽനോട്ടത്തിൽ നിന്ന് പെൻഷൻ ഫണ്ട് മാറ്റി സർക്കാരിന് ഒരു നിയന്ത്രണവുമില്ലാത്തെ സൊസൈറ്റിയുടെ കീഴിലാക്കാൻ നീക്കമുണ്ട്. അതോടെ ദേശീയ പെൻഷൻ പദ്ധതി പ്രകാരം ഇന്ന് ലഭിക്കുന്ന തുച്ഛമായ പെൻഷൻ പോലും ലഭിക്കാത്ത സാഹചര്യമായിരിക്കും സൃഷ്ടിക്കപ്പെടുക. ജനങ്ങളെ കൊള്ളയടിക്കാൻ നവലിബറൽ സാമ്പത്തിക നയങ്ങൾ ഉപയോഗിച്ച് ഏത് നീചമായ മാർഗ്ഗങ്ങളും സർക്കാർ സ്വീകരിക്കുമെന്നതിന്റെ മകുടോദാഹരണമാണിത്.

കൃഷിയാണ് നമ്മുടെ ജനസംഖ്യയുടെ അമ്പത് ശതമാനത്തിലധികം പേരുടേയും ഉപജീവന മാർഗ്ഗം. ആ കാർഷിക മേഖലയെ പൂർണ്ണമായും കോർപ്പറേറ്റുകൾക്ക് കൈമാറുന്നതിനായി രൂപ കൽപ്പന ചെയ്തതാണ് മൂന്ന് കാർഷിക നിയമങ്ങൾ. അവ നമ്മുടെ ഭക്ഷ്യ സുരക്ഷയെ പ്രതികൂലമായി ബാധിക്കും. ഊഹക്കച്ചവടത്തെ പ്രോത്സാഹിപ്പിക്കും. വിലക്കയറ്റം അനിയന്ത്രിതമാക്കും അങ്ങിനെ ആ നിയമങ്ങൾ കർഷകർക്ക് മാത്രമല്ല രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. അത്യന്തം വിനാശകരമായ ഈ നിയമ ങ്ങളെക്കുറിച്ച് കർഷകർക്കെന്ന പോലെ തൊഴിലാളി വർഗ്ഗത്തിനും പൂർണ്ണ ബോദ്ധ്യമുണ്ട്. അതിനാലാണ് അവർ കർഷകർക്കൊപ്പം നിന്ന് കൊണ്ട് തുടക്കം മുതലേ പോരാടുന്നത്. കാർഷിക നിയമങ്ങൾ പിൻവലിക്കുക, വൈദ്യുതി (ഭേദഗതി) നിയമം പിൻവലിക്കുക, കാർഷിക വിളകൾക്ക് താങ്ങുവില ഉറപ്പാക്കുന്ന നിയമം ആവിഷ്ക്കരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഒരു വർഷമായി ദില്ലിയിലെ അതിർത്തിയിൽ തുടരുന്ന കർഷക സമരത്തിൽ രാജ്യത്തെ തൊഴിലാളികളും ട്രേഡ് യൂണിയനുകളും ഒന്നടങ്കം പങ്ക് ചേർന്നിരിക്കുന്നത്. ദേശവിരുദ്ധമായ ഈ നിയമങ്ങൾക്കെതിരേ രാജ്യത്തെ മുഴുവൻ ജനങ്ങളേയും അണിനിരത്തിക്കൊണ്ടുള്ള സമരം സർക്കാരിന്റേയും അവരുടെ പിണിയാളുകളുടേയും ആക്രമണങ്ങളെ അതിജീവിച്ചു കൊണ്ട് പുതിയ മാനങ്ങൾ കൈവരിച്ചിരിക്കുന്നു. കർഷക സമരത്തോട് പ്രതികരിക്കാതെ സർക്കാർ ധാർഷ്ട്യ നിലപാട് തുടരുകയാണ്. ഇതിനിടെ ലഖിംപൂരിൽ മന്ത്രിയുടെ മകന്റെ കാറിടിച്ച് കർഷകരെ കൊലപ്പെടുത്തിയതിനെതിരേ രാജ്യവ്യാപക പ്രതിഷേധമാണുയർന്നത്.

ഈ പിന്തിരിപ്പൻ ഭരണത്തെ പരാജയത്തിലെത്തിക്കുന്ന പരിസമാപ്തി കൈവരിക്കും വരെ തൊഴിലാളി സംഘടനകളും കർഷകരുടേയും ഐക്യ പ്രസ്ഥാനം നടത്തുന്ന ഈ പോരാട്ടം മുന്നോട്ട് കൊണ്ട് പോകുക തന്നെ ചെയ്യും. നമുക്കു മുന്നിൽ വെല്ലുവിളികൾ ഏറെയുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ആ വെല്ലുവിളികളെ നാം അതിജീവിക്കുക തന്നെ ചെയ്യും. "ജനങ്ങളെ രക്ഷിക്കൂ; ജന്മനാടിനെ രക്ഷിക്കൂ" എന്നതായിരിക്കട്ടെ പോരാട്ടത്തിന്റെ ഈ യുദ്ധമുഖത്ത് തൊഴിലാളി-കർഷക-ബഹുജന ഐക്യ പ്രസ്ഥാനം മുഴക്കുന്ന രണഭേരി.

വിനാശകരവും സ്വേഛാധിപത്യപരവുമായ സാമ്പത്തിക നയങ്ങൾക്കൊപ്പം പാർലമെന്ററി സംവിധാനമുൾപ്പെടെയുള്ള ജനാധിപത്യ വ്യവസ്ഥയെ തകർക്കുകയാണ് കേന്ദ്ര സർക്കാർ. യു.എ.പി.എ. പോലുള്ള നിയമങ്ങൾ നടപ്പാക്കി തങ്ങളുടെ നയങ്ങളോടുള്ള എതിർപ്പുകളേയും വിയോജിപ്പുകളേയും അടിച്ചമർത്തുകയാണ് ബി.ജെ.പി.സർക്കാർ. അറസ്റ്റുകളിലൂടേയും രാജ്യദ്രോഹക്കുറ്റം ചുമത്തി തുറുങ്കിലടക്കുകയും, സി.ബി.ഐ., ഇ.ഡി., എൻ.ഐ.എ. തുടങ്ങിയ ഏജൻസികളെ ദുരുപയോഗം ചെയ്തും അവർ രാജ്യത്ത് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നു.

അതോടൊപ്പം കുതന്ത്രങ്ങൾ മെനഞ്ഞു കൊണ്ട് ജനങ്ങളുടെ ശ്രദ്ധയെ വഴി തിരിച്ചു വിടാനും ജാതിയുടേയും മതത്തിന്റേയും പേരിൽ അവരെ ഭിന്നിപ്പിക്കാനും സമൂഹത്തെ ധ്രുവീകരിക്കാനും ശ്രമിക്കുന്ന വർഗ്ഗീയ വിഭജന ശക്തികൾക്ക് എല്ലാവിധ പ്രോത്സാഹനവും നൽകുന്നു.

നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ അസാധുവാക്കിയാണ് ലേബർ കോഡുകൾ കൊണ്ടുവന്നത്. തൊഴിലാളികളുടെ അവകാശങ്ങളും ട്രേഡ് യൂണിയൻ അവകാശങ്ങളും പാടേ ഇല്ലാതാക്കാൻ ഈ കോഡുകൾ ലക്ഷ്യമിടുന്നു. പ്രതിരോധ ഉദ്പാദന മേഖലയിലെ കൂട്ടായ പ്രക്ഷോഭങ്ങളേയും പണിമുടക്കുകളേയും നിരോധിക്കുവാൻ അവശ്യ പ്രതിരോധ സേവന നിയമം നടപ്പാക്കി. ആ നിയമത്തിലെ വ്യവസ്ഥകൾ ഉപയുക്തമാക്കി രാജ്യത്തെ ഏത് വ്യവസായത്തിലെ പണിമുടക്കുകളേയും സമരങ്ങളേയും നിരോധിക്കാനുള്ള അവകാശം ഉറപ്പാക്കി.

ഇതെല്ലാം സ്വദേശത്തും വിദേശത്തുമുള്ള തങ്ങളുടെ കോർപ്പറേറ്റ് ചങ്ങാതിമാരുടെ "ബിസിനസ്സ് എളുപ്പ"ത്തിലാക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മേൽ അടിമത്തത്തിന്റെ വ്യവസ്ഥകൾ അടിച്ചേൽപ്പിക്കാനുമല്ലാതെ മറ്റൊന്നിനുമല്ല. തൊഴിലാളികളുടെ എതിർപ്പുകൾ പാടേ അവഗണിച്ചു കൊണ്ട് ലേബർ കോഡുകളിലെ തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ നടപ്പാക്കാനുള്ള ചട്ടങ്ങൾ ഏകപക്ഷീയമായി രൂപീകരിക്കുകയാണ് പല സംസ്ഥാന സർക്കാരുകളും.

തൊഴിലാളികളുടേയും കർഷകരുടേയും മാത്രമല്ല മുഴുവൻ ജനങ്ങളുടേയും ജീവിതം ദുസ്സഹമാക്കുകയും അവരുടെ ജീവനോപാധികൾക്ക് നേരേ ആക്രമണങ്ങൾ അഴിച്ചു വിടുകയും ചെയ്യുന്ന ഈ ദുർഭരണത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കേണ്ടതുണ്ട്. അതിതീവ്രമായ ദാരിദ്യത്തിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കേണ്ടതുണ്ട്. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർക്കുകയും പൊതു സമ്പത്ത് അന്യാധീനപ്പെടുത്തുകയും ചെയ്യുന്ന കോർപ്പറേറ്റ് പ്രീണന ഭരണകൂടത്തിന്റെ നയങ്ങളും ചെയ്തികളും തിരുത്തപ്പെടേണ്ടതുണ്ട്. ജാതി, മത, വർഗ്ഗീയ ശക്തികളുടെ അഴിഞ്ഞാട്ടം അമർച്ച ചെയ്യേണ്ടതുണ്ട്. ഭരണത്തിലും രാഷ്ട്രീയത്തിലുമുള്ള ജനാധിപത്യ വിരുദ്ധ, സ്വേഛാധിപത്യ പ്രവണതകളെ പ്രതിരോധിക്കേണ്ടതുണ്ട്. ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ നയങ്ങളും നിയമങ്ങളും പുനഃപരിശോധി ക്കേണ്ടതുണ്ട്. മത നിരപേക്ഷതക്കും സാമുദായിക ഐക്യത്തിനും ഭീഷണിയുയർത്തുന്ന ശക്തികളെ നിലക്ക് നിറുത്തേണ്ടതുണ്ട്. അങ്ങിനെ ദുരന്തത്തിലാണ്ട നമ്മുടെ രാജ്യത്തെയാകെ രക്ഷിക്കേണ്ടതുണ്ട്. അതിന് രാജ്യത്തെ മുഴുവൻ ജനവിഭാഗങ്ങളുടേയും യോജിച്ച മുന്നണി കെട്ടിപ്പടുക്കേണ്ടതുണ്ട്. ആ മുന്നണി കെട്ടിപ്പടുക്കുന്നതിന് നിർണ്ണായകമായ പങ്ക് വഹിക്കേണ്ടത് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ ഐക്യവേദിയാണ്.

അടുത്ത വർഷം നടക്കാനിരിക്കുന്ന ചില സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിൽ തൊഴിലവകാശം, മാന്യമായ വേതനം, സൗജന്യവും സാർവ്വത്രികവുമായ ആരോഗ്യ പരിരക്ഷ, സൗജന്യ വിദ്യാഭ്യാസം, ഭരണഘടനദത്തമായ അവകാശങ്ങളുടെ സംരക്ഷണം എന്നിവ ജനങ്ങൾക്ക് ഉറപ്പാക്കുമെന്ന് പ്രകടന പത്രികയിൽ പ്രഖ്യാപിക്കുവാൻ രാജ്യത്തെ എല്ലാ രാഷ്ട്രീയകക്ഷികളോടും നാം ആവശ്യപ്പെടണം. 2024-ൽ നടക്കാനിരിക്കുന്ന ലോക്സഭ തെരഞ്ഞെടുപ്പിൽ വിജയിച്ച് അധികാരത്തിലെത്തിയാൽ ഈ ഉറപ്പുകൾ പാലിക്കുമെന്നും തൊഴിലാളി

കളും കർഷകരുമടങ്ങുന്ന രാജ്യത്തെ സാധാരണക്കാരുടെ അവകാശങ്ങൾ അംഗീകരിക്കുമെന്ന് പരസ്യമായി പ്രഖ്യാപിക്കുവാനും രാഷ്ട്രീയ കക്ഷികളോട് ആവശ്യപ്പെടണം.

പെട്രോൾ, ഡീസൽ വില നാമമാത്രമായെങ്കിലും കുറക്കാൻ ബി.ജെ.പി.സർക്കാർ നിർബന്ധിതമായത് ജനങ്ങളുടേ പ്രയാസ്സങ്ങൾ ലഘൂകരിക്കുന്നതിനേക്കാൾ ഉപതെരഞ്ഞെടുപ്പുകളിൽ അവർ നേരിട്ട പരാജയവുമായി ബന്ധപ്പെട്ടിരിക്കുന്നു.

2022-ലെ പാർലമെന്റ് ബജറ്റ് സമ്മേളനം നടക്കുമ്പോൾ രണ്ട് ദിവസത്തെ രാജ്യവ്യാപക പൊതു പണിമുടക്കും സംഘടിപ്പിക്കണം. (പണിമുടക്കിനുള്ള തീയതി പിന്നീട് നിശ്ചയിക്കും)

പണിമുടക്കിന്റെ വിജയത്തിനായി സംസ്ഥാന തലത്തിലുള്ള സമരസമിതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നവംബർ ഡിസംബർ മാസങ്ങളിലായി സംസ്ഥാന ജില്ല, മണ്ഡലം കേന്ദ്രങ്ങളിൽ കൺവെൻഷനുകൾ സംഘടിപ്പിക്കണം.

പൊതുമേഖല സ്ഥാപനങ്ങളിലെ യൂണിയനുകളുടെ സംയുക്ത യോഗങ്ങളും ഈ കാലഘട്ടത്തിൽ ചേരണം. 2021 ഡിസംബർ-2022 ജനുവരി മാസങ്ങളിൽ സംയുക്ത യോഗങ്ങൾ, ജനറൽ ബോഡി യോഗങ്ങൾ, സിഗ്നേച്ചർ കാമ്പയിനുകൾ, റാലികൾ, പൊതുയോഗങ്ങൾ, പ്രകടനങ്ങൾ, ഏകദിന ധർണ്ണകൾ, തുടർച്ചയായ ധർണ്ണകൾ തുടങ്ങിയവ സംഘടിപ്പിക്കണം. എന്നിങ്ങനെയുള്ള പ്രചരണ പരിപാടികൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കണം.

രാജ്യത്തെ ജനങ്ങളെ രക്ഷിക്കാനും ജന്മനാടിനെ രക്ഷിക്കാനുമുള്ള പോരാട്ടങ്ങളെ ഇനിയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും രണ്ട് ദിവസത്തെ രാജ്യവ്യാപക പൊതു പണിമുടക്ക് വൻ വിജയമാക്കിത്തീർക്കുവാനും ദേശീയ കൺവെൻഷൺ രാജ്യത്തെ മുഴുവൻ ജനങ്ങളോടും അഭ്യർത്ഥിക്കുന്നു.

### എഐറ്റിയുസി ദേശീയ വർക്കിംഗ് കമ്മിറ്റി തീരുമാനങ്ങൾ

കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത കൺവെൻഷൻ അംഗീകരിച്ച പ്രഖ്യാപനത്തിനെ 2021 നവംബർ 21, 22 തിയതികളിൽ നാഗ്പൂരിൽ ചേർന്ന എ.ഐ.ടി. യു.സി.ദേശീയ വർക്കിംഗ് കമ്മിറ്റി യോഗം പിന്തുണക്കുന്നു.

മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കാൻ പ്രധാനമന്ത്രിയെ നിർബന്ധിതമാക്കിയ കർഷക സമരത്തിന് നേതൃത്വം നൽകിയ സംയുക്ത കിസാൻ മോർച്ച അഭിനന്ദനം അർഹിക്കുന്നു. ആ നിയമങ്ങൾ പാർലമെന്റ് പാസ്സാക്കുന്നത് വരെ പ്രധാന മന്ത്രിയുടെ വാക്കുകളെ വിശ്വസിക്കാനാവില്ല. അതുപോലെ കർഷകർ ഉന്നയിച്ച തുല്യ പ്രാധാന്യമുള്ള മറ്റ് ആവശ്യങ്ങളും അംഗീകരിക്കപ്പെട്ടിട്ടില്ല.

നാലു ലേബർ കോഡുകൾ, വ്യാപകമായ സ്വകാര്യവൽക്കരണ നടപടികൾ, പണിമുടക്ക് ക്രിമിനൽ കുറ്റമാക്കുന്ന അവശ്യ പ്രതിരോധസേവന നിയമം തുടങ്ങിയ തൊഴിലാളി വിരുദ്ധ, ജനവിരുദ്ധ നടപടികളും തിരുത്തപ്പെടേണ്ടതുണ്ട്. ഇതടക്കം കേന്ദ്ര ട്രേഡ് യൂണിയനുകൾ മുന്നോട്ട് വച്ച ആവശ്യങ്ങൾ മുൻനിർത്തി വരുന്ന പാർലമെന്റ് ബജറ്റ് സമ്മേളന കാലത്ത് നടത്താൻ ആഹ്വാനം ചെയ്യപ്പെട്ടിട്ടുള്ള ദേശീയ പണിമുടക്ക് വിജയിപ്പിക്കുവാൻ ഈ യോഗം തീരുമാനിക്കുന്നു.

പണിമുടക്കിനാധാരമായ ആവശ്യങ്ങൾക്ക് പ്രചരണം നൽകാൻ സംയുക്ത സമ്മേളനങ്ങൾ, ജനറൽ ബോഡി യോഗങ്ങൾ, ഒപ്പ് ശേഖരണം, മനുഷ്യച്ചങ്ങല, പന്തംകൊളുത്തി പ്രകടനങ്ങൾ, പൊതുയോഗങ്ങൾ, വാർത്താ സമ്മേളനങ്ങൾ എന്നിവ നടത്തേണ്ടതാണ്.

കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ ലേബർ കോഡുകളും സ്വകാര്യവൽക്കരണ നയങ്ങളും ധനസമ്പാദന പൈപ്പ് ലൈൻ പദ്ധതിയുമെല്ലാം എത്രത്തോളം ജനദ്രോഹകരമാണെന്ന് രാജ്യത്തെ മുഴുവൻ ജനങ്ങളേയും ബോദ്ധ്യപ്പെടുത്തുന്നതാകണം ഡിസംബർ, ജനുവരി മാസങ്ങളിലായി നടത്തേണ്ട പ്രചരണ പരിപാടികൾ.

ഇനി പറയുന്ന ആവശ്യങ്ങൾ മുൻനിർത്തിയുള്ള പ്രചരണമായിരിക്കണം നാം ഏറ്റെടുക്കേണ്ടത്

- ലേബർ കോഡുകൾ റദ്ദ് ചെയ്യുക
- കാർഷിക നിയമങ്ങളും വൈദ്യുതി (ഭേദഗതി) ബില്ലും പിൻവലിക്കുക
- സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക. ദേശീയ ധന സമ്പാദന പദ്ധതി (എൻ.എം.പി) റദ്ദാക്കുക
- ആദായനികുതി ദായകരല്ലാത്ത കുടുംബങ്ങൾക്ക് പ്രതിമാസം 7500 രൂപയുടെ വരുമാന സഹായവും സൗജന്യ റേഷനും അനുവദിക്കുക
- തൊഴിലുറപ്പ് പദ്ധതിയുടെ ബജറ്റ് വിഹിതം വർദ്ധിപ്പിക്കുക. പദ്ധതി നഗരപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുക
- അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാർവ്വത്രിക സാമൂഹ്യ പരിരക്ഷ ഉറപ്പാക്കുക
- അംഗനവാടി, ആശ, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി തുടങ്ങിയവയിലെ സ്കീം തൊഴിലാളികൾക്ക് മിനിമം വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുക
- പകർച്ചവ്യാധിക്കിടയിലും ജനങ്ങളെ സേവിക്കുന്ന മുൻനിര ആരോഗ്യപ്രവർത്തകർക്ക് ഇൻഷുറൻസും സുരക്ഷയും ഏർപ്പെടുത്തുക
- രാജ്യത്തെ സമ്പദ് വ്യവസ്ഥയുടെ പുനഃരുദ്ധാരണത്തിന് സമ്പന്നരുടെ മേൽ നികുതിയും മറ്റും ചുമത്തി അധിക വിഭവ സമാഹരണം നടത്തുകയും ആ തുക കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സുപ്രധാന സേവന മേഖലയിൽ നിക്ഷേപിക്കുകയും ചെയ്യുക
- പെട്രോളിയം ഉൽപ്പന്നങ്ങളിലെ എക്സൈസ് തീരുവ കുറച്ച് വിലക്കയറ്റം തടയാനുള്ള നടപടികൾ സ്വീകരിക്കുക
- കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുക; തുല്യ ജോലിക്ക് തുല്യ വേതനം നൽകുക
- ദേശീയ പെൻഷൻ പദ്ധതി റദ്ദാക്കുക; പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുക




**നാഗ്പൂരിൽ നടന്ന എഐറ്റിയുസി ദേശീയ വർക്കിംഗ് കമ്മിറ്റിയിൽ സ. ജെ. ഉദയഭാനു സംസാരിക്കുന്നു**

## വെട്ടിക്കുറച്ച പദ്ധതി വിഹിതം പുനഃസ്ഥാപിക്കുക, തൊഴിലും വേതനവും സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എൻ.ആർ.ഇ.ജി. വർക്കേഴ്സ് യൂണിയൻ നടത്തിയ സമരം











# തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം - രാജ്യത്തിനൊരു മാതൃക

ജനക്ഷേമകരങ്ങളായ നയങ്ങളും നിയമങ്ങളും ആവിഷ്ക്കരിക്കുന്നതിലും അവ നടപ്പാക്കുന്നതിലും കേരളം എന്നും ഇൻഡ്യക്ക് ഒരു മാതൃകയാണ്. ഭൂപരിഷ്ക്കരണ നിയമം, ഗ്രാറ്റുവിറ്റി നിയമം, വിദ്യാഭ്യാസ നിയമം, തോട്ട ദേശസാൽക്കരണ നിയമം, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം തുടങ്ങി അനന്യമായ നിരവധി നിയമങ്ങൾ കൊണ്ട് വന്ന് രാജ്യത്തിന് മാതൃകയാകാൻ നമുക്ക് കഴിഞ്ഞു. കേരള സമൂഹത്തെ സോഷ്യലിസത്തിലേക്കുള്ള പ്രയാണത്തിന് സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിക്കപ്പെട്ട ഈ നിയമങ്ങളുടെയെല്ലാം പിന്നിൽ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ കരങ്ങളാണെന്ന കാര്യം പ്രത്യേക ശ്രദ്ധേയമാണ്.

ആ പട്ടികയിൽ ഏറ്റവും ഒടുവിലായി എഴുതി ചേർത്തതാണ് കേരള തൊഴിലുറപ്പ് ക്ഷേമനിധി നിയമം. 2005-ൽ ഇടതുപക്ഷ പിന്തുണയോടെ കേന്ദ്രം ഭരിച്ച ഒന്നാം യു.പി.എ.സർക്കാർ ആവിഷ്ക്കരിച്ച നിയമമാണ് മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ആ പദ്ധതി നഗര പ്രദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കണമെന്ന ആവശ്യം ഇടതുപക്ഷം നിരന്തരമായി ഉന്നയിക്കുന്ന ഒന്നാണ്. അതു പോലെയാണ് ആ മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന ആവശ്യവും. പക്ഷേ ആ ആവശ്യങ്ങളോട് മുഖം തിരിച്ചു നിൽക്കുകയാണ് മോദി സർക്കാർ.

കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഇത് രണ്ടും നടപ്പാക്കി. തൊഴിലുറപ്പ് പദ്ധതി നഗര പ്രദേശങ്ങൾക്ക് കൂടി ബാധകമാക്കി. ഇപ്പോഴിതാ അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിലേക്കായി ക്ഷേമനിധിക്കും രൂപം നൽകിയിരിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ തുക ബജറ്റിൽ വകയിരുത്താതെ ആ പദ്ധതിയെത്തന്നെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക നടപടിയുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ ഈ നിയമത്തിന് പ്രസക്തിയും പ്രാധാന്യവുമേറുന്നു. ഇക്കഴിഞ്ഞ നവംബർ 12-ന് കേരള നിയമ സഭ പാസ്സാക്കിയ ആ നിയമം ട്രേഡ് യൂണിയൻ പ്രസിദ്ധീകരിക്കുകയാണ്.

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം

കേരള സംസ്ഥാനത്തെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടേയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനു ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്ട്.

പീഠിക: കേരള സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടേയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനു ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും: (1) ഈ ആക്ടിന് 2021-ലെ കേരള തൊഴിലുറപ്പ് ക്ഷേമനിധി ആക്ട് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ: ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ അവശ്യപ്പെടാത്ത പക്ഷം, -

(എ)"ബോർഡ്" എന്നാൽ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമ നിധി ബോർഡ് എന്നർത്ഥമാകുന്നു; (ബി) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസർ എന്നർത്ഥമാകുന്നു; (സി) "അംശാദായം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ട തുക എന്നർത്ഥമാകുന്നു; (ഡി) "ജില്ല ക്ഷേമനിധി ആഫീസർ" എന്നാൽ 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ജില്ലാ ക്ഷേമനിധി ആഫീസർ എന്നർത്ഥമാകുന്നു; (ഇ) "തൊഴിലുറപ്പ് തൊഴിലാളി" എന്നാൽ 2005-ലെ മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ (2005ലെ 42-ാം കേന്ദ്ര ആക്ട്) വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ള തൊഴിലാളി അല്ലങ്കിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലോ മുനിസിപ്പൽ കോർപ്പറേഷനുകളിലോ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ള അവിദഗ്ദ്ധ തൊഴിലാളി എന്നർത്ഥമാകുന്നു; വിശദീകരണം: അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നാൽ 2010 സെപ്തംബർ 13-ാം തിയതിയിലെ സ.ഉ.(കൈ)നം.210/2010/തസ്വഭവ.എന്ന സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച പദ്ധതി എന്നർത്ഥമാകുന്നു. (എഫ്) "കുടുംബം" എന്നാൽ നിധിയിൽ അംഗമായിട്ടുള്ള തൊഴിലാളിയുടെ ഭാര്യ അല്ലങ്കിൽ ഭർത്താവ്, അവരുടെ പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നർത്ഥമാകുന്നതും തൊഴിലാളിയെ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛനും അമ്മയും മാനസികമോ ശാരീരികമോ ആയ അവശതയുള്ള മക്കൾ, വിധവകളായ പെണ്മക്കൾ എന്നിവർ അതിൽ ഉൾപ്പെടുന്നതുമാകുന്നു; (ജി) "നിധി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു; (എച്ച്) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു; (ഐ) "തിരിച്ചറിയൽ കാർഡ്" എന്നാൽ ബോർഡിൽ നിന്നും തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നർത്ഥമാകുന്നു; (ജെ) "അംഗം" എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു; (കെ) "മിഷൻ ഡയറക്ടർ" എന്നാൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായുള്ള കേരള സംസ്ഥാന മിഷൻ ഡയറക്ടർ അല്ലങ്കിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് മിഷന്റെ സംസ്ഥാനതല ചുമതലയുള്ള നഗരകാര്യ വകുപ്പ് ഡയറക്ടർ എന്നർത്ഥമാകുന്നു; (എൽ) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു; (എം) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്ക

പ്പെട്ട ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു; (എൻ) "പട്ടിക" എന്നാൽ ഈ ആക്ടിലെ പട്ടിക എന്നർത്ഥമാകുന്നു; (ഒ) "പദ്ധതി" എന്നാൽ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടാക്കപ്പെട്ട കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു; (പി) "വർഷം" എന്നാൽ ഏപ്രിൽ മാസം ഒന്നാം തിയതി മുതൽ തുടങ്ങുന്ന സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

3. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമ നിധി - (1) സർക്കാർ, വിജ്ഞാപനം വഴി ഈ ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്ക് വേണ്ടി "കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കേണ്ടതും പദ്ധതി രൂപീകരിച്ചതിന് ശേഷം കഴിയുന്നത്ര വേഗം ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകളനുസ്സരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്. (2) നിധിയിൽ, താഴെപ്പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്, അതായത്:- (എ) 4-ാം വകുപ്പ് പ്രകാരമുള്ള അംശാദായങ്ങൾ; (ബി) 14-ാം വകുപ്പ് പ്രകാരം ബോർഡ് കടം വാങ്ങുന്ന തുക; (സി) 19-ാം വകുപ്പ് പ്രകാരം വസൂലാക്കിയ പിഴ; (ഡി) ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ അല്ലങ്കിൽ മറ്റേതെങ്കിലും സ്ഥാപനമോ സംഘടനയോ നൽകുന്ന ഗ്രാന്റുകളോ വായ്പകളോ അഡ്വാൻസുകളോ; (ഇ) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും; ((എഫ്) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനായി മറ്റ് മാർഗ്ഗങ്ങളിൽ കൂടി ബോർഡ് ആർജ്ജിക്കുന്ന ഏതെങ്കിലും തുക; (ജി) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ചുമത്തുന്ന ഫീസും നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുകയും. (3) നിധി, ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് കൈകാര്യം ചെയ്യേണ്ടതുമാണ്. (4) നിധി, താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:- (എ) അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അറുപത് വയസ്സ് വരെ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന്; (ബി) പത്ത് വർഷത്തിൽ കുറയാത്ത കാലത്തേക്ക് അംശാദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ നൽകുന്നതിന്; (സി) അസുഖം അല്ലങ്കിൽ അപകടം മൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന്; (ഡി) അംഗഭംഗം അല്ലങ്കിൽ അവശത മൂലം തൊഴിൽ ചെയ്യാൻ കഴിയാതെ നിധിയിലെ അംഗത്വം അവസാനിപ്പിക്കേണ്ടി വന്നാൽ, ഒരംഗം അടച്ച അംശാദായത്തുക നിർദ്ദേശിക്കപ്പെട്ട പലിശ സഹിതം തിരികെ നൽകുന്നതിനും അവശതാ പെൻഷൻ അനുവദിക്കുന്നതിനും; (ഇ) ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങൾക്ക് ചികിത്സക്കായി സാമ്പത്തിക സഹായം നൽകുന്നതിന്; (എഫ്) വനിതാ അംഗങ്ങളുടേയും അംഗങ്ങളുടെ പെൺമക്കളുടേയും വിവാഹം, വനിത അംഗങ്ങളുടെ പ്രസവം എന്നിവക്ക് സാമ്പത്തിക സഹായം നൽകുന്നതിന്; (ജി) അംഗങ്ങളുടെ മക്കളുടെ പഠനാവശ്യത്തിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകുന്നതിന്; (എച്ച്) പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട മറ്റേതെങ്കിലും ആവശ്യത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്; (ഐ) ബോർഡിന്റെ ദൈനംദിന ഭരണച്ചെലവുകളും അതത് സമയം സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് ചെലവുകളും നിർവ്വഹിക്കുന്നതിന്.

(5) ഈ ആക്ടിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ അഥവാ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്. (6) പദ്ധതി, അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമ സഭ സമ്മേളന ത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ, പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ ആ പദ്ധതി ഉണ്ടാക്കേണ്ടതില്ലന്ന് തീരുമാനിക്കുകയോചെയ്യുന്ന പക്ഷം ആ പദ്ധതിക്ക് അതിന് ശേഷം, അതത് സംഗതി പോലെ, അപ്രകാരം ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രബല്യമുണ്ടായിരിക്കുന്നതും അല്ലങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയ റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

4. നിധിയിലേക്കുള്ള അംശാദായം. - (1) നിധിയിൽ അംഗമായി ചേരുന്ന ഓരോ തൊഴിലാളിയും പ്രതിമാസം അൻപത് രൂപ അംശാദായമായി നൽകേണ്ടതാണ്. (2) (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ടതായ അംശാദായം, അത് ശേഖരിക്കുന്നതിന് ബോർഡ് അംഗീകരിച്ച ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ സർക്കാർ തീരുമാനിക്കുന്ന സ്ഥാപനങ്ങളിലോ അടക്കേണ്ടതാണ്. അത് മുൻകൂറായി പ്രതിമാസമോ, അർദ്ധ വാർഷികമായോ വാർഷികമായോ അടക്കാവുന്നതാണ്. (3) തൊഴിലാളികളുടെ എണ്ണത്തിനും തൊഴിൽ ദിനത്തിനും അനുസ്സരിച്ച് നിർണ്ണയിക്കപ്പെട്ട ഒരു തുക സർക്കാർ അംശാദായമോ ഗ്രാന്റോ ആയി നിധിയിലേക്ക് നൽകേണ്ടതാണ്. (4) സംസ്ഥാന സർക്കാർ ഒരു നിശ്ചിത തുക തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രതിമാസമോ പ്രതിവർഷമോ നിധിയിലേക്ക് നൽകേണ്ടതാണ്. (5) സർക്കാരിന്, വിജ്ഞാപനം വഴി (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള അംശാദായ നിരക്ക്, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി, മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്ക്കരിക്കാവുന്നതാണ്. (6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളന ങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വക്കേണ്ടതും, അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, വിജ്ഞാപനത്തിന് അതിന് ശേഷം, അതത് സംഗതി പോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

5. നിധിയിലെ അംഗത്വം.- (1) പതിനെട്ട് വയസ്സ് പൂർത്തിയായതും എന്നാൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാക്കിയിട്ടില്ലാത്തവരും ആയ, 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ (2005-ലെ 42-ാം കേന്ദ്ര ആക്ട്) വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അല്ലങ്കിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലോ മുനിസിപ്പൽ കോർപ്പറേഷനുകളിലോ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അംഗത്വത്തിന് അപേക്ഷിക്കുന്ന വർഷമോ അതിന് തൊട്ടു മുമ്പുള്ള രണ്ട് വർഷങ്ങളിലോ ഏതെ

ങ്കിലും ഒരു വർഷം കുറഞ്ഞത് ഇരുപത് ദിവസമെങ്കിലും അവിദഗ്ദ്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതുമായ ഏതൊരു തൊഴിലുറപ്പ് തൊഴിലാളിക്കും, നിധിയിലെ ഒരംഗമായി രജിസ്റ്റർ ചെയ്യുവാൻ അപേക്ഷ നൽകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. (2) നിധിയിൽ അംഗമാകുന്നതിനുള്ള ഒരു അപേക്ഷ, പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള രീതിയിലും അപ്രകാരമുള്ള ഫീസ് സഹിതവും നൽകേണ്ടതാണ്.

6. അംഗത്വം അവസാനിക്കൽ.- (1) ഒരു അംഗം ഒരു വർഷക്കാലം അംശാദായം അടക്കാൻ തുടർച്ചയായി വീഴ്ച വരുത്തുന്ന സംഗതിയിൽ അയാളുടെ അംഗത്വം അവസാനിക്കുന്നതാണ്; എന്നാൽ, അംശാദായം അടക്കാതിരിക്കുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് ബോധ്യമാകുന്ന പക്ഷം അപ്രകാരം വീഴ്ച വരുത്തിയ ആൾ, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ അംശാദായ കുടിശ്ശിക അടക്കുമ്പോൾ, അയാളുടെ അംഗത്വം പുനഃസ്ഥാപിക്കുന്നതാണ്. (2) ഒരു അംഗം അംശാദായം നൽകുന്നതിനായി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുകയാണെങ്കിൽ ഉടൻ തന്നെ അയാളുടെ അംഗത്വവും അവസാനിക്കുന്നതാണ്; എന്നാൽ, അംശാദായം അടക്കുന്നതിലേക്കായി വിനിർദ്ദേശിക്കപ്പെട്ട നടപടിക്രമത്തിന്റെ ലംഘനം മൂലം അവസാനിച്ച ഒരാളുടെ അംഗത്വം പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിന്മേൽ പുനഃസ്ഥാപിക്കാവുന്നതാണ്.

7. പദ്ധതി ഭേദഗതി ചെയ്യൽ.- (1) സർക്കാരിന്, വിജ്ഞാപനം വഴി ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതി മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടു കൂടിയോ ഭേദഗതി ചെയ്യാവുന്നതാണ്. (2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ചതിനു ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളന ങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വക്കേണ്ടതും, അപ്രകാരം അത്, ഏത് സമ്മേളനത്തിൽ വക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, വിജ്ഞാപനത്തിന് അതിന് ശേഷം, അതത് സംഗതി പോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

8. ബോർഡിന്റെ രൂപീകരണം.- (1) സർക്കാരിന്, വിജ്ഞാപനം വഴി, അങ്ങിനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന തിയതിമുതൽ പ്രാബല്യത്തോടു കൂടി നിധിയുടെ ഭരണ നിർവ്വഹണത്തിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും വേണ്ടി "കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമ നിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്. (2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്. (3) ബോർഡിൽ, ഇതിനു ശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ നാമ നിർദ്ദേശംചെയ്യുന്ന അഞ്ച് ഔദ്യോഗിക അംഗങ്ങളും എട്ട് അനൗദ്യോഗിക അംഗങ്ങളും ഡയറക്ടർമാരായി ഉണ്ടായിരിക്കുന്നതാണ്, അതായത്:- (എ) തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി; (ബി) ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി; (സി) പഞ്ചായത്ത് ഡയറക്ടർ (ഡി) നഗരകാര്യവകുപ്പ് ഡയറക്ടർ (ഇ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷൻ ഡയറക്ടർ; (എഫ്) തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ തൽപ്പരരുമായ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എട്ട് അനൗദ്യോഗികാംഗങ്ങൾ. (4) ബോർഡിന്റെ ഡയറക്ടർമാരിൽ ഒരാളെ സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്. (5) സർക്കാർ, ബോർഡിന്റെ ചെയർമാന്റെയും ഡയറക്ടർമാരുടേയും പേരുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. (6) പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള രീതിയിൽ ബോർഡ്, അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണ നിർവ്വഹണം നടത്തേണ്ടതാണ്. (7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ബോർഡ് നിർദ്ദേശിക്കാവുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിന്, അത് ആവശ്യമെന്ന് കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ, ഏതെങ്കിലും ഡയറക്ടർക്കോ, ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ, ബോർഡിലെ മറ്റ് ഏതെങ്കിലും ആഫീസർക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്. (8)ബോർഡിലേക്ക് ഓരോ വർഷവും അംശാദായമായി ലഭിക്കുന്ന തുകയുടെ അഞ്ച് ശതമാനം വരെയുള്ള തുകയോ, അതത് സമയം, സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള തുകയോ ബോർഡിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി വിനിയോഗിക്കാവുന്നതാണ്. (9) ബോർഡിന്റെ പ്രവർത്തനം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കേണ്ടതാണ്.

9. ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.- (1) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട എക്സ്-ഒഫീഷ്യോ ഡയറക്ടർമാർ ഒഴികെയുള്ള ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷക്കാലമായിരിക്കുന്നതാണ്. (2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് ഏത് സമയത്തും കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറേയും ഔദ്യോഗിക സ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതും, അപ്രകാരമുള്ള നീക്കം ചെയ്യൽ, അപ്രകാരമുള്ള നീക്കം ചെയ്യലിനെതിരേ കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകിയതിന് ശേഷമായിരിക്കേണ്ടതുമാണ്; എന്നാൽ, പൊതു താൽപ്പര്യാർത്ഥം കാരണങ്ങൾ എഴുതിരേഖപ്പെടുത്തുന്നതോ അങ്ങിനെയുള്ള ഒരവസരം നൽകുന്നതോ യുക്തമല്ലന്ന് സർക്കാരിന് അഭിപ്രായമുള്ള പക്ഷം, നീക്കംചെയ്യുന്നതിനുള്ള കാരണം എഴുതി രേഖപ്പെടുത്തുകയോ നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരായി കാരണം കാണിക്കലിന് അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതാകുന്നു. (3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗിക സ്ഥാനം രാജി വയ്ക്കാവുന്നതും എന്നാൽ സർക്കാർ രാജി സ്വീകരിക്കുന്നത് വരെ അദ്ദേഹം ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

10. അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ.- (1) സർക്കാരിന്, വിജ്ഞാപനം വഴി, ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറേയും താഴെ പറയുന്ന കാരണങ്ങളാൽ ഔദ്യോഗിക സ്ഥാനത്ത് നിന്നും നീക്കംചെയ്യാവുന്നതാണ്, അതായത്:- (എ) അദ്ദേഹം ബോർഡിന്റെ അനു

വാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരുന്നിട്ടുണ്ടെങ്കിൽ; എന്നാൽ, ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് മുൻപ് ബോർഡിന് മതിയായ കാരണങ്ങളാൽ അപ്രകാരമുള്ള ഹാജരാകാതിരിക്കൽ മാപ്പാക്കാവുന്നതാണ്. (ബി) അദ്ദേഹം ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലന്നെന്നോ, കഴിവില്ലാത്തവനായിത്തീർന്നുവെന്നോ അല്ലങ്കിൽ ഡയറക്ടർ ആയി അദ്ദേഹം തുടരുന്നത് പൊതു താൽപ്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ ഡയറക്ടർ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ള പക്ഷം; എന്നാൽ ഈ ഉപവകുപ്പു പ്രകാരം ഒരു ഡയക്ടറെ നീക്കം ചെയ്യുന്നതിന് മുമ്പായി നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്. (2) (1)-ാം ഉപ വകുപ്പ് (എ) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, മറ്റു വിധത്തിൽ സർക്കാർ ഉത്തരവാകാത്ത പക്ഷം, അദ്ദേഹത്തെ നീക്കം ചെയ്ത തിയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ബോർഡിലെ ഡയറക്ടറായി വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്. (3) (1)-ാം ഉപ വകുപ്പ് (ബി) ഖണ്ഡ പ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, സർക്കാർ ഒരു ഉത്തരവ് മൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നത് വരെ വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

11. ബോർഡിന്റെ യോഗം.- (1) ബോർഡ്, അതിന്റെ കാര്യ നിർവ്വഹണങ്ങൾക്കായി കുറഞ്ഞത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. (2) ബോർഡിന്റെ യോഗത്തിന്റെ ക്വാറം രണ്ട് ഔദ്യോഗിക അംഗങ്ങൾ ഉൾപ്പെടെ ഏഴ് അംഗങ്ങൾ ആയിരിക്കുന്നതാണ്. (3) ചെയർമാൻ അല്ലങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ, യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ അവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ, ബോർഡിന്റെ യോഗത്തിൽ അദ്ധ്യക്ഷനാകേണ്ടതാണ്. (4) ബോർഡ് യോഗത്തിന്റെ പരിഗണനക്ക് വരുന്ന ഏതൊരു സംഗതിയിലും യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ട് പ്രകാരം തീരുമാനം എടുക്കേണ്ടതും വോട്ടുകൾ തുല്യമായിരിക്കുന്ന സംഗതിയിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്ന ചെയർമാനോ അല്ലെങ്കിൽ അംഗത്തിനോ ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

12. ബോർഡംഗങ്ങൾക്കുള്ള യാത്രാബത്തയും ദിനബത്തയും.- ബോർഡിന്റെ ചെയർമാനും അംഗങ്ങൾക്കും നിർണ്ണയിക്കപ്പെട്ട നിരക്കിലുള്ള, സിറ്റിംഗ് ഫീസിനും യാത്രാബത്തക്കും ദിനബത്തക്കും അർഹതയുണ്ടായിരിക്കു ന്നതാണ്.

13. ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനം.- (1) സർക്കാരിന് ഈ ആക്ട് പ്രകാരമുള്ള ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ബോർഡിനെ സഹായിക്കുവാൻ, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള രീതിയിൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ വകുപ്പുകളിടെ ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ അല്ലങ്കിൽ സമാന തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറായും, ജില്ല ക്ഷേമനിധി ആഫീസർമാരേയും ആവശ്യമെന്ന കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്. (2) (1)-ാം ഉപ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, പ്രസ്തുത ഉപ വകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും നിയമനരീതിയും ശമ്പളവും അലൺസുകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമായിരിക്കേണ്ടതാണ്.

14. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.- ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും പദ്ധതിയുടെ ആവശ്യങ്ങൾക്ക് വേണ്ടി, അതത് സമയം, പണം കടം വാങ്ങാവുന്നതാണ്.

15. കിട്ടേണ്ട തുക തീരുമാനിക്കൽ.- (1) ചീഫ് എകിസിക്യൂട്ടീവ് ആഫീസറോ ഇതിന് വേണ്ടി ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനു ശേഷവും 4-ാം വകുപ്പ് പ്രകാരം അംശാദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷവും ഈ ആക്ടിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരം കിട്ടേണ്ട അംശാദായം ഉത്തരവ് മൂലം തിട്ടപ്പെടുത്താവുന്നതാണ്. (2) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ട്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:- (എ) ഏതൊരാളേയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിന്; (ബി) രേഖകളും പ്രമാണങ്ങളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്; (സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്; (ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനു വേണ്ടി കമ്മീഷൻ അയക്കുന്നതിന്. (3) ഈ വകുപ്പ് പ്രകാരമുള്ള ഏതൊരു അന്വേഷണവും 1860-ലെ ഇൻഡ്യൻ ശിക്ഷ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തി യിൽപ്പെടുന്നതും പ്രസ്തുത നിയമ സംഹിതയിലെ 196-ാം വകുപ്പിന്റെ പരിധിയിൽ വരുന്ന ഒരു ജുഡീഷ്യൽ നടപടിയായി കരുതപ്പെടേണ്ടതുമാണ്. (4) (1)-ാം ഉപ വകുപ്പ് പ്രകാരം നിശ്ചയിച്ച ഏതൊരു തുകയും നിർദ്ദേശിച്ച പ്രകാരം നിധിയിലേക്ക് നൽകാത്ത സാഹചര്യത്തിൽ ഭൂമിയിൽ നിന്നുള്ള നികുതി കുടിശ്ശിക എന്നതു പോലെ ഈടാക്കാവുന്നതാണ്. (5) (1)-ാം ഉപ വകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിന്മേൽ പരാതിയുള്ള ഏതൊരാൾക്കും, ഉത്തരവ് ലഭിച്ച തിയതി മുതൽ അറുപത് ദിവസത്തിനകം ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എടുത്ത ഏതെങ്കിലും നടപടികളുടെ രേഖകൾ ആവശ്യപ്പെടാവുന്നതും സർക്കാരിന്, യുക്തമെന്ന തോന്നുന്ന പ്രകാരമുള്ള അന്വേഷണം നടത്താവുന്നതും ഉത്തരവുകൾ പാസ്സാക്കാവുന്നതുമാണ്; എന്നാൽ ഈ ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ അപേക്ഷകൻ, (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് ലഭിച്ച തിയതി മുതൽ മുപ്പത് ദിവസത്തിനകം നൽകേണ്ടതാണ്; എന്നുമാത്രമല്ല, ബാധിക്കപ്പെട്ട ആളിന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ യാതൊരു ഉത്തരവും ഈ ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

16. ബോർഡിന്റെ ഡയറക്ടർമാർ മുതലായവർ പബ്ലിക് സെർവെന്റുമാർ ആയിരിക്കുമെന്ന്.- ബോർഡിന്റെ ഓരോ ഡയറക്ടറും 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ആഫീസറും ബോർഡിലെ മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും, 1860-ലെ ഇൻഡ്യൻ ശിക്ഷ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ വരുന്ന പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

17. ശിക്ഷ.- (1) ഈ ആക്ടോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പദ്ധതിയോ പ്രകാരം താൻ നൽകേണ്ടതായ ഏതെങ്കിലും തുക നൽകുന്നതിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയോ അല്ലങ്കിൽ മറ്റേതെങ്കിലും

ആളെ അപ്രകാരം പണം നൽകുന്നതിൽ നിന്ന് ഒഴിവാകുന്നതിന് സഹായിക്കുന്നതിന് വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവനയോ വ്യാജമായ നിവേദനമോ നടത്തുകയോ നടത്തുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസക്കാലം വരെയാകാവുന്ന തടവോ അല്ലങ്കിൽ അയ്യായിരം രൂപ പിഴയോ അല്ലങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. (2) ഈ ആക്ട് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ഒന്നാം ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ ചെയ്യേണ്ടതാണ്. (3) ഈ ആക്ട് പ്രകാരം ശിക്ഷാർഹമായിട്ടുള്ള ഏതൊരു കുറ്റവും ചീഫ് എക്സിക}ട്ടീവ് ആഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി സമർപ്പിക്കുന്ന കുറ്റം സംബന്ധിച്ച വസ്തുതകളുടെ രേഖാമൂലമായ ഒരു റിപ്പോർട്ടിന്മേലല്ലാതെ യാതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

18. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.– (1) ഈ ആക്ട് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനിയാണ് ചെയ്തിട്ടുള്ളതെങ്കിൽ കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ് വഹിച്ചിരുന്നതും കമ്പനിയുടെ കാര്യ നിർവ്വഹണത്തിൽ കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഓരോ ആളും, ആ കമ്പനിയും കുറ്റക്കാരായി കരുതപ്പെടുന്നതും അതനുസ്സരിച്ച് അവർക്കെതിരായുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ്; എന്നാൽ ഈ വകുപ്പിലടങ്ങിയിട്ടുള്ള യാതൊന്നും കുറ്റം ചെയ്തത് തന്റെ അറിവോടു കൂടിയല്ലന്നും, അങ്ങിനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്ന പക്ഷം, അങ്ങിനെയുള്ള ആളിനെ ഏതെങ്കിലും ശിക്ഷക്ക് വിധേയനാക്കുന്നതല്ല. (2) (1)–ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ട് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ അല്ലങ്കിൽ അയാളുടെ ഭാഗത്തുള്ള മനഃപൂർവ്വമായ ഉപേക്ഷ മൂലമാണെന്നോ തെളിയിക്കപ്പെടുന്ന പക്ഷം കമ്പനിയുടെ അങ്ങിനെയുള്ള ഉദ്യോഗസ്ഥൻ ആ കുറ്റം ചെയ്തതായി കണക്കാക്കപ്പെടേണ്ടതും അതനുസ്സരിച്ച് ശിക്ഷിക്കപ്പെടേണ്ടതുമാണ്. വിശദീകരണം.– ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്,– (എ) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ഒരു സഹകരണസംഘമോ അല്ലങ്കിൽ ആളുകളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു; (ബി) "കമ്പനി ഉദ്യോഗസ്ഥൻ" എന്നാൽ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോ, ഡയറക്ടറോ സെക്രട്ടറിയോ, ട്രഷററോ അല്ലങ്കിൽ മാനേജറോ എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമിന്റേയോ സഹകരണസംഘത്തിന്റേയോ ആളുകളുടെ മറ്റ് സമാജത്തിന്റേയോ ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടുന്നതുമാകുന്നു; (സി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ;; എന്നാൽ ആ ഫേമിലെ ഒരു പങ്കാളിയും ഉൾപ്പെടുന്നതാകുന്നു.

19. പിഴ വസൂലാക്കുന്നതിനുള്ള അധികാരം.– ഈ ആക്ടോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പദ്ധതിയോ പ്രകാരം നിധിയിലേക്ക് ഏതെങ്കിലും അംശാദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തിന്നിടത്ത് ബോർഡിന്, കുടിശ്ശിക തുകയുടെ ഇരുപത്തഞ്ചു ശതമാനത്തിൽ കവിയാത്തതും ബോർഡ് യുക്തമെന്ന് കരുതുന്നതുമായ തുക പിഴയായി അയാളിൽ നിന്നും വസൂലാക്കാവുന്നതുമാണ്.

20. ഉത്തമ വിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.– ഈ ആക്ടോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പദ്ധതിയോ പ്രകാരം ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറാക്ടർക്കോ മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

21. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.– (1) സർക്കാരിന്, ബോർഡ് അനുവർത്തിക്കേണ്ടതായ കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്. (2) ബോർഡ്, ഈ ആക്ട് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ (1)–ാം ഉപ വകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

22. അന്വേഷണത്തിന് വേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.– (1) സർക്കാരിന്, ഏത് സമയത്തും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്ന തിനായി സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത എതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്. (2) (1)–ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന് അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിന് വേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടുന്ന, ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകളും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതാണ്

23. ബോർഡിനെ അതിലംഘിക്കാനുള്ള അധികാരം.– (1) 22–ാം വകുപ്പ് (1)–ാം ഉപവകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പരിഗണിച്ചതിന് ശേഷമോ അഥവാ മറ്റ് വിധത്തിലോ, ബോർഡ്, ഈ ആക്ടിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരമോ അതിൻ കീഴിലോ, അതിന്മേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുകയോ അല്ലങ്കിൽ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുള്ള പക്ഷം സർക്കാരിന്, വിജ്ഞാപനംവഴി ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ അതിലംഘിക്കാവുന്നതാണ്; എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് ബോർഡിന് അതിനെ അതിലംഘിക്കാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ ഒരവസരം സർക്കാർ നൽകേണ്ടതും ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതുമാണ്. (2) (1)–ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ, – (എ) ബോർഡിലെ എല്ലാ ഡയറക്ടർമാരും അപ്രകാരമുള്ള പ്രസിദ്ധീകരണ തിയതി മുതൽ ഡയറക്ടർമാരെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും; (ബി) ബോർഡ് വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും അതിലംഘനംചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ, വിജ്ഞാപനത്തിൽ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥരോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതും; (സി) ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ ഫണ്ടുകളും മറ്റ് വസ്തുവകകളും അതിലംഘിക്കപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. (3) (1)–ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള അതിലംഘനം ചെയ്തിട്ടുള്ള കാലയളവ് അവസാനിക്കുമ്പോൾ സർക്കാർ, 8–ാം വകുപ്പ് (1)–ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

24. ബോർഡിന്റെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും വേതനവും.– (1) ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി സർക്കാരിന്റെ അംഗീകാരത്തോടെ ആഡിറ്റർമാരെ ബോർഡ് നിയമിക്കേണ്ടതാണ്. (2) ബോർഡ്, പ്രസ്തു

ത ആഡിറ്റർമാർക്ക്, സർക്കാർ നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്. (3) അപ്രകാരമുള്ള ആഡിറ്റർമാർ, ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ, പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

25. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റും.- (1) സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷവും, ബോർഡിന്റെ അംഗീകാരം ലഭിച്ചതിനു ശേഷവും ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശ പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ആഫീസർ തയ്യാറാക്കേണ്ടതും റിപ്പോർട്ടിന്റെ ഒരു പകർപ്പ് ക ണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ഡിസംബർ അവസാനത്തിനു മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. (2) വർഷിക റിപ്പോർട്ട് കിട്ടിയിലുടൻ തന്നെ, സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്പിക്കേണ്ടതാണ്.

26. സിവിൽ കോടതികളുടെ അധികാരിതക്ക് വിലക്ക്.- ഈ ആക്റ്റോ അല്ലങ്കിൽ പദ്ധതിയോ പ്രകാരമോ അതിൻ കീഴിലോ, സർക്കാരോ ബോർഡോ അല്ലങ്കിൽ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ, അല്ലങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസറോ അല്ലങ്കിൽ ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിശ്ചയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ അല്ലങ്കിൽ തീരുമാനിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ ഉള്ള അധികാരിതയാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

27. നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.- ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരംഗത്തിന്റെ കണക്കിലുള്ള തുക, ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ നിധിയിലേക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ട രീതിയിൽ കൈമാറ്റം ചെയ്യപ്പെടുന്നതും കണക്കിൽ വരവ് വക്കപ്പെടുന്നതും അപ്രകാരമുള്ള ക്ഷേമനിധിയിലേക്ക് അംശാദായം നൽകാനുള്ള ആ അംഗത്തിന്റെ ബാധ്യത അങ്ങിനെയുള്ള തിയതി മുതൽ ഇല്ലാതാകുന്നതുമാണ്.

28. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.- (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിലേക്കായി തങ്ങൾക്ക് ആവശ്യമെന്ന് തോന്നുന്നതും, ഈ ആക്റ്റിന് വിരുദ്ധമല്ലാത്തതുമായ ഏത് നടപടിയും സന്ദർഭം ആവശ്യപ്പെടുന്നതു പോലെ ഉത്തരവു മുഖേന ചെയ്യാവുന്നതാണ്; എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തിയതി മുതൽ രണ്ട് വർഷത്തിനു ശേഷം അങ്ങിനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല. (2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അതുണ്ടാക്കിയതിന് ശേഷം നിയമസഭ മുമ്പാകെ വക്കേണ്ടതാണ്.

29. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.- (1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. (2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാകിയതിനു ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതി പോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

30. റദ്ദാക്കലും ഒഴിവാക്കലും.- (1) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് (2021-ലെ 125) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. (2)അങ്ങിനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്തതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പട്ടിക

3 (5) വകുപ്പ് കാണുക

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. നിധിയിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ രജിന്ത്രേഷൻ. 2. ബോർഡിനെ സഹായിക്കുന്നതിയന് വേണ്ടിയുള്ള ഏതെങ്കിലും കമ്മിറ്റിയുടെ രൂപീകരണം, ബോർഡിന്റെ ആസ്ഥാനം. 3. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾക്കോ, വ്യവസ്ഥകൾക്കോ അനുസൃതമായി നിധിയുടെ വക പണം നിക്ഷേപിക്കൽ, ബജറ്റ് തയ്യാറാക്കൽ, കണക്കുകൾ ആഡിറ്റ് ചെയ്യൽ, സർക്കാരിലേക്ക് റിപ്പോർട്ടുകൾ സമർപ്പിക്കൽ എന്നിവ. 4. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിനും അതിൽ നിന്നും കുറവ് ചെയ്യലോ മുതൽ കൂട്ടലോ നടത്തുനതിനുമുള്ള വ്യവസ്ഥകളും അപ്രകാരം കുറവ് ചെയ്യുകയോ മുതൽ കൂട്ടുകയോ ചെയ്യാവുന്ന പരമാവധി തുകയും. 5. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്റേയും തന്റെ കുടുംബത്തേയും സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം. 6. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ അല്ലങ്കിൽ മറ്റ് ആനുകൂല്യം സ്വീകരിക്കാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതിനും അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതിനുമുള്ള നടപടിക്രമം. 7. അംഗങ്ങളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും. 8. നിധിയിലെ ഒരംഗത്തെ തിരിച്ചറിയുന്നതിനു വേണ്ടിയുള്ള തിരിച്ചറിയൽ കാർഡിന്റെ രൂപവും അല്ലങ്കിൽ മാതൃകയും അവ നൽകലും സൂക്ഷിക്കലും പകരം നൽകലും. 9. ആക്റ്റിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് ചുമത്താവുന്ന ഫീസ്. 10. ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് വിനിയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ. 11. നിധി കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടി ക്രമം. 12. നിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, ഗ്രാന്റുകൾ, മറ്റ് ആനുകൂല്യങ്ങൾ അല്ലങ്കിൽ വായ്പകളും മുൻകൂറുകളും നൽകുന്നതിനുള്ള നടപടിക്രമം. 13. 3-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സംഗതികൾ. 14. 27-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് വരവ് വക്കേണ്ട രീതി. 15. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമോ ഉചിതമോ ആയ മറ്റേതെങ്കിലും സംഗതി.